പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2720

13/03/2020-ൽ
മറുപടിയ്ക്ക്

**സ്കൂളുകൾക്ക് സുരക്ഷിത കെട്ടിടം**

| **ചോദ്യം**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **മറുപടി**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കും സുരക്ഷിതമായ കെട്ടിടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;<br><br>(ബി) അടുത്ത സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിലുള്ള പരിശോധന നടത്തുന്നതിനും വയനാട്ടിൽ വിദ്യാർത്ഥി പാമ്പുകടിയേറ്റ് മരിച്ചതു പോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) & (ബി) | എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ നേരിട്ട് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. പരിശോധനയിൽ സുരക്ഷിതമല്ലായെന്നു കാണുന്ന കെട്ടിടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുകയോ ആയതിൽ ക്ലാസ്സുകൾ നടത്തുവാൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. പുതിയ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യതവണ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും പിന്നീടുള്ള വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ചും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി വരുന്നു.<br><br>വയനാട്ടിൽ നടന്നതുപോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്<br><br>1. സംസ്ഥാനത്തെ സ്കൂളുകളിലെ പാഴ് ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക.<br><br>2. ക്ലാസ്സ് മുറികൾ, കോമ്പൗണ്ട് മതിലുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിള്ളലുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പ് വരുത്തുക. |

3. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുക.

4. ടോയ്‌ലറ്റുകളിൽ സ്വാഭാവിക വെളിച്ചം ഇല്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കുക.

5. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല.

6. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾ പോലും വളരെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.

7. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ് മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.

8. സ്കൂളുകളുടെ വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ സർക്കാർ സ്കൂളുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും അറിയിക്കാമോ;

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ഡി) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട് സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതിയുള്ളതോ ആയ സർക്കാർ സ്കൂളുകൾക്ക് 2019-20-ലെ കേരള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു

Namitha.P
**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2721

13.03.2020 -ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അക്കാഡമിക് പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം സ്കൂളുകളിലെ പഠന-ബോധന നിലവാരവും ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനം വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കുന്നതിന് ' സമഗ്ര ' എന്ന പ്രത്യേക വെബ് പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭാഗങ്ങൾ 'അപ് ലോഡ് ' ചെയ്തിട്ടുണ്ട്. ഇത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാണ് . കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തേയും പ്രോത്സാഹിപ്പിക്കുന്നു. 8,9,10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നൈപുണികളുമായി ഉദ്ഗ്രഥിച്ച് ഉൾചേർത്തിട്ടുണ്ട്. കൂടാതെ പഠന പരിപോഷണ പരിപാടികളായ നമാറ്റ്സ്, സ്റ്റെപ്പ്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, സംസ്കൃത മാധുരി, അഹ് ലൻ അറബിക്, പ്യാരി ഉറുദു തുടങ്ങിയ പ്രത്യേക പരിപാടികൾ പഠന-ബോധന നിലവാരം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ്. |
| ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി 9941 സ്കൂളുകൾക്കുള്ള ഐ.ടി ഉപകരണ വിതരണം |

പൂർത്തിയാക്കി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാതിരുന്ന 1331 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്കുള്ള ഉപകരണങ്ങൾ മാർച്ച് മാസത്തോടെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സി) ഭാഷാ വികസനത്തിനും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ട് വരുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

സി) പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവും ഉൾപ്പെടെ ശേഷികൾ വികസിപ്പിക്കുന്നതിന് വിവിധങ്ങളായ പരിപാടികൾ എസ്.എസ്.കെ.,എസ്.സി.ഇ.ആർ.ടി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കിയിട്ടുണ്ട്. ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കുന്നിന് ' മലയാളത്തിളക്കം,' 'ഹലോ ഇംഗ്ലീഷ്' , ' സുരലിഹിന്ദി ' , ' അഹ് ലൻ അറബിക് ' , ' പ്യാരി ഉറുദു ', ' സംസ്കൃതമാധുരി ' എന്നീ സവിശേഷ പദ്ധതികൾ ഗവേഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് നടത്തുന്ന ' ശ്രദ്ധ ' എന്ന സവിശേഷ പരിപാടി, ശാസ്ത്രരംഗം, മെന്ററിംഗ് എന്നിവ പഠനം ഉറപ്പാക്കുന്നതിനും, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലും ലക്ഷ്യമിട്ടിട്ടുള്ളതാണ്.

ഡി) വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തി അതിലൂടെ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) ആവിഷ്കരിക്കുന്നതാണ്. കൂടുതൽ പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ പൊതുവിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2722

13/03/2020-ൽ
മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) അഞ്ചൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കില മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 446 സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി നടന്നു കഴിഞ്ഞു. ഇതിൽ 18 സ്കൂളുകളുടെ നോൺ ഫീസിബിലിറ്റി റിപ്പോർട്ട് ആണ് ലഭ്യമായത്. ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ച 428 സ്കൂളുകളിൽ 292 സ്കൂളുകളുടെ DPR ഇതിനകം KIIFB ക്ക് അനുമതിക്കായി കില സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന 136 സ്കൂളുകളുടെ DPR 2020 മാർച്ച് 15 ന് മുമ്പായി KIIFB ക്ക് സമർപ്പിക്കുവാൻ സാധ്യമാകും. KIIFB യിൽ നിന്ന് DPR അപ്രൂവൽ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Namitha P

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2723 13/03/2020 ൽ മറുപടിയ്ക്ക്

## പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ തീരുമാനപ്രകാരം വിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകിയ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ; | (എ) യും (ബി) യും പരിശോധിച്ച് വരുന്നു |
| (ബി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2724

13/03/2020-ൽ
മറുപടിയ്ക്ക്

**ചടയമംഗലം മണ്ഡലത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

**ചോദ്യം**
**ശ്രീ.മുല്ലക്കര രത്നാകരൻ**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ചടയമംഗലം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ?

(എ), (ബി) & (സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുവദിക്കപ്പെട്ട സ്കൂളുകളുടെ വിവരങ്ങൾ താഴെ പറയുന്നു

| പദ്ധതി | സ്കൂൾ | ഏജൻസി (SPV) | നിലവിലെ സ്ഥിതി |
|---|---|---|---|
| 5 കോടി രൂപ | GVHSS കടയ്ക്കൽ | കൈറ്റ് | 81 % പൂർത്തിയായി. |
| 3 കോടി രൂപ | ചിതറ GHSS (2017-18) | കൈറ്റ് | 37 % പൂർത്തിയായി |
| 3 കോടി രൂപ | 2018-19 ബഡ്ജറ്റ് പ്രസംഗം | | |
| | GHSS തേവന്നൂർ | ഇൻകൽ (INKEL) | DPR തയ്യാറാക്കുന്ന-തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| | GHSS കരുകോൺ | | |
| | GHSS കുമ്മിൾ | | |
| | GUPS, കടയ്ക്കൽ | | |

| | | | |
|---|---|---|---|
| 1 കോടി രൂപ | GHSS വയല | കില (KILA) | DPR തയ്യാറാക്കി കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| | GLPS ചിതറ | | |
| | GUPS വെള്ളൂപ്പാറ | | |
| | GMGHSS ചടയമംഗലം | | |
| | GUPS നിലമേൽ | | |

ചടയമംഗലം മണ്ഡലത്തിലെ സ്കൂളുകൾ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും കിഫ്ബി ധന സഹായത്തോടെ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണങ്ങൾ 'കൈറ്റ്' മുഖാന്തിരം വിതരണം ചെയ്തു. കൂടാതെ കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും 2020 മാർച്ച് അവസാനത്തോടെ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2725

13/03/2020-ൽ
മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ സ്കൂളുകളിൽ 'കില' മുഖേന നടപ്പാക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീഒ. ആർ. കേളു | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ധനസഹായത്താൽ ഒരു കോടി രൂപ ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്ന 'കില' മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ സ്കൂളുകൾ താഴെപ്പറയുന്നവയാണ്.<br>1) GUPS തലപ്പുഴ<br>2) GHSS തൃശ്ശിലേരി<br>3) GHS വാരാമ്പറ്റ<br>4) GHSS നീർവാരം<br>5) GHS പെരിയ<br>6) GHSS കുഞ്ഞോം<br>7) GUPS മാനന്തവാടി<br>8) GHS തരുവണ<br>9) GUPS തരുവണ<br>10) GHSS ആറാട്ടുതറ<br>11) GHS ബീനാച്ചി<br>12) GHS പെരിക്കല്ലൂർ<br>13) GLPS മീനങ്ങാടി<br>14) GHS ഇരുളത്ത്<br>15) Govt. Technical HS സുൽത്താൻ ബത്തേരി<br>16) GHS കുപ്പാടി<br>17) GHS വകേരി<br>18) RGMRHS നൂൽപ്പുഴ |

19) GHS കല്ലൂർ

20) Govt. SVHSS സുൽത്താൻ ബത്തേരി

21) GHSS തരിയോട്

22) GUPS കണിയാമ്പറ്റ

23) GVHSS വെള്ളാർമല

24) GHSS അച്ചൂർ

25) GUPS പിണങ്ങോട്

26) GHSS വൈത്തിരി

27) GHS കോട്ടത്തറ

28) GHS റിപ്പൺ

29) GHSS പനങ്ങണ്ടി

30) GHSS പടിഞ്ഞാറത്തറ

| | | | |
|---|---|---|---|
| (ബി) | നിലവിൽ ഓരോ സ്കൂളിന്റെയും പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | 21 സ്കൂളിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ് തൃശ്ശിലേരി, ഗവൺമെന്റ് എച്ച്.എസ് വാരാമ്പറ്റ, ഗവൺമെന്റ് എച്ച്.എസ്.എസ് നീർവാരം, ഗവൺമെന്റ് എച്ച്.എസ് തരുവണ, ഗവൺമെന്റ് യു.പി.എസ് തരുവണ, ഗവൺമെന്റ് ടെക്നിക്കൽ എച്ച്.എസ് സുൽത്താൻബത്തേരി, ഗവൺമെന്റ് എസ്.വി.എച്ച്.എസ്.എസ് സുൽത്താൻ ബത്തേരി, ജി.എച്ച്.എസ് റിപ്പൺ, ഗവൺമെന്റ് എച്ച്.എസ്.എസ് പടിഞ്ഞാറത്തറ എന്നീ സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha.P

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2726 — 13/03/2020-ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി. ദിവാകരൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും, മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നു വരുന്നു. |

Reun

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2727 — 13.03.2020 -ൽ മറുപടിയ്ക്ക്

സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സർക്കാർ സ്കൂളുകളിൽ നടന്നുവരുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ ശേഖരിച്ച് മൈക്രോ ബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.ഉച്ചഭക്ഷണം വിതരണംചെയ്യുന്ന എല്ലാ സ്കൂളുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുവാൻ NABL അക്രഡിറ്റേഷനുള്ളതും കേന്ദ്ര സർക്കാരിന്റെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിക്കുന്നതുമായ ലബോറട്ടറിയുമായി ധാരണാപത്രം നിലവിലുണ്ട്. |
| ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ ഗുണമേന്മ ഉള്ളതാണോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നോ മിൽമയിൽ നിന്നോ ആണ് വാങ്ങുന്നത്. അത്യാവശ്യം വേണ്ട ഗുണമേന്മ പരിശോധനകൾക്കുശേഷമാണ് പ്രാദേശിക ക്ഷീര കർഷകരിൽ നിന്നും സഹകരണസംഘങ്ങൾ പാൽ ശേഖരിക്കുന്നത്. |
| സി) ഇല്ലായെങ്കിൽ പ്രസ്തുത വിതരണങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ട ചുമതല അതാത് സ്കൂൾ ഉച്ച ഭക്ഷണ കമ്മറ്റികൾക്കാണ്.പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണമേന്മ സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2728** **13.03.2020 -ൽ മറുപടിയ്ക്ക്**

## സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം

ചോദ്യം **ഉത്തരം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക നീക്കിവയ്ക്കുവാൻ നടപടിസ്വീകരിക്കുമോ;

എ) നിലവിൽ പരിഗണനയിലില്ല.

ബി) സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂളുകളിൽ പ്രഭാത ഭക്ഷണ പരിപാടി നടപ്പിലുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ പി.ടി.എ കൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവയുടെ ധനസഹായത്തോടെയുള്ള പ്രഭാത ഭക്ഷണ പരിപാടി,സർക്കാർ /എയ്ഡഡ് മേഖലകളിലായി ആകെ 2360 സ്കൂളുകളിൽ നടപ്പിലുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം -282, കൊല്ലം - 249 ,പത്തനംതിട്ട - 66 , ആലപ്പുഴ -113 , കോട്ടയം- 98 , ഇടുക്കി - 31 ,എറണാകുളം- 233, തൃശ്ശൂർ -73, പാലക്കാട് - 119. മലപ്പുറം- 49, കോഴിക്കോട്- 686, വയനാട് - 284, കണ്ണൂർ- 38, കാസർഗോഡ് - 39.

സി) ഉച്ചഭക്ഷണത്തിന് കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതമായി 2018-19, 2019-20 വർഷങ്ങളിൽ എത്ര തുക ലഭിച്ചു; ഇതിൽ എത്ര വിതരണം ചെയ്തു; ഇനി എത്ര വിതരണം ചെയ്യാനുണ്ട്?

സി) 2018-19,2019-20 വർഷങ്ങളിൽ ലഭിച്ചതും വിതരണം ചെയ്തതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ചതുക (ലക്ഷത്തിൽ) | | സ്കൂളുകൾക്ക് വിതരണം ചെയ്ത തുക (ലക്ഷത്തിൽ) | |
|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2018-19 | 21224.59 | 39287.41 | 19477.54 | 35374.91 |
| 2019-20 | 19962.41 | 32100 | 19862.69 | 27136.71 |

2019-20 അദ്ധ്യയന വർഷം ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും ആവശ്യമായ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് കടത്തുകൂലി ഇനത്തിൽ നൽകുവാനുള്ള തുകയ്ക്ക് ബില്ലുകൾ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2729

13/03/2020-ൽ
മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ പദ്ധതികൾ**

**ചോദ്യം**
**ശ്രീ.ജോൺ ഫെർണാണ്ടസ്**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അഞ്ച് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ സ്കൂളുകളും അവയുടെ നിജസ്ഥിതിയും താഴെപ്പറയുന്നവയാണ്:

| ക്രമ.നം | സ്കൂൾ | നിർമ്മാണ പ്രവൃത്തി |
|---|---|---|
| 1 | ഞാറയ്ക്കൽ ജി.എച്ച്.എസ്.എസ് | 61% പൂർത്തിയായി |
| 2 | തൃപ്പൂണിത്തുറ ജി.ജി.എച്ച്.എസ്.എസ് | 59% പൂർത്തിയായി |
| 3 | ഇടപ്പള്ളി ജി.എച്ച്.എസ്.എസ് | 68% പൂർത്തിയായി |
| 4 | പിറവം ജി.എച്ച്.എസ്.എസ് | 66% പൂർത്തിയായി |
| 5 | പെരുമ്പാവൂർ ജി.ജി.എച്ച്.എസ്.എസ് | 36% പൂർത്തിയായി |
| 6 | ചേന്ദമംഗലം ജി.എച്ച്.എസ്.എസ് | 7% പൂർത്തിയായി |
| 7 | പെഴക്കാപ്പള്ളി ജി.എച്ച്.എസ്.എസ് | 69% പൂർത്തിയായി |
| 8 | വാഴക്കുളം സൗത്ത് ജി.എച്ച്.എസ്.എസ് | 92% പൂർത്തിയായി |
| 9 | ചെറുവത്തൂർ ജി.എച്ച്.എസ്.എസ് | 83% പൂർത്തിയായി |
| 10 | ഫോർട്ട് കൊച്ചി ജി.ഇ.എം.ജി.എച്ച്.എസ്.എസ് | 55% പൂർത്തിയായി |

| | | |
|---|---|---|
| 11 | കൊങ്ങരപ്പള്ളി ജി.എച്ച്.എസ് | 56% പൂർത്തിയായി |
| 12 | ഇളമക്കര ജി.എച്ച്.എസ്.എസ് | 38% പൂർത്തിയായി |
| 13 | നായത്തോട് എം.ജി.എം. എച്ച്. എസ്.എസ് | 43% പൂർത്തിയായി |
| 14 | ചെങ്ങമനാട് ജി.എച്ച്.എസ്.എസ് | 28% പൂർത്തിയായി |
| 15 | GHSS പുത്തൻതോട് | 10% പണി പൂർത്തിയായി |

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) വാഴക്കുളം സൗത്ത് ജി.എച്ച്.എസ്.എസ്-ഉം ചെറുവത്തൂർ ജി.എച്ച്.എസ്. എസും 2020 മാർച്ച് മാസാവസാനത്തോടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി സ്കൂളുകൾ ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കുവാനുള്ള സത്വരനടപടികൾ കൈക്കൊള്ളുവാൻ കരാറുകാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) എറണാകുളം ജില്ലയിലെ പുത്തൻതോട് ഗവ.എച്ച്.എസ്. എസ്.സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾക്കായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഭരണാനുമതി നൽകിയ ഒരു കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) ഈ തുക വിനിയോഗിച്ച് മാസ്റ്റർ പ്ലാനിലെ ഏതെല്ലാം പ്രവൃത്തിക ളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ?

(ഡി) & (ഇ) കിഫ്ബി ഫണ്ട് ആയി അനുവദിച്ച 5 കോടി രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാകുന്ന ഒരു കോടി രൂപയും ചേർത്ത് സംയോജിതമായാണ് മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്.

Namitha P

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2731 13/03/2020-ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നടപ്പിലാക്കുവാനാണ് "വിദ്യാലയത്തിനൊപ്പം" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടില്ല. സ്കൂളുകളുടെ അവസ്ഥാപഠനം, ഓരോ സ്കൂളിനും അനുയോജ്യമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, പഠനബോധന മാതൃകകൾ വികസിപ്പിക്കൽ, വിഭവങ്ങൾ ലഭ്യമാക്കൽ, സ്കൂൾ അധിഷ്ഠിത അധ്യാപക ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ മികവുകാട്ടുന്ന കുട്ടികളെ കൂടുതൽ മികവിലേക്ക് ഉയർത്തുവാൻ സഹായകമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. |
| (ബി) | സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനോ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇല്ല |

Reena

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2732 — 13/03/2020 ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ സ്കോളർഷിപ്പ് പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാല്, ഏഴ് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര ശതമാനം മാർക്ക് ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുകയെന്നും എത്ര രൂപ വീതമാണ് ലഭിക്കുകയെന്നും വിശദീകരിക്കുമോ; | (എ) ഉണ്ട്. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പുകൾ യഥാക്രമം 1000/-, 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എൽ.എസ്.എസ് പരീക്ഷയിൽ രണ്ട് പേപ്പറിനും കൂടി 60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിനുള്ള യോഗ്യത. ഉപജില്ലയിൽ, എസ്.സി/എസ്.ടി, ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിശ്ചിത സ്കോർ ലഭിച്ചില്ലെങ്കിൽ ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. ഈ കുട്ടി 50% സ്കോർ നേടിയിരിക്കണം. യു.എസ്.എസ് പരീക്ഷയിൽ 2 പേപ്പറിനും കൂടി 70 ശതമാനമോ അതിൽ കൂടുതലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. |
| (ബി) ഏഴാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ ഗിഫ്റ്റഡ് ചൈൽഡ് എന്ന പദവി ലഭിക്കുന്നതിന് എത്ര ശതമാനം മാർക്ക് ലഭിക്കണമെന്നും ഈ പദവി ലഭിക്കുന്നവർക്ക് സർക്കാർ പ്രത്യേക പരിശീലന പദ്ധതികളോ തുടർപഠന പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ; | (ബി) യു.എസ്.എസ് പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികളിൽ നിന്നും ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ നിന്നും 40 കുട്ടികളെ വീതം ഗിഫ്റ്റഡ് ചിൽഡ്രൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു 30 കുട്ടികളെ മെറിറ്റ് അടിസ്ഥാനത്തിലും 10 കുട്ടികളെ സംവരണ അടിസ്ഥാനത്തിലുമാണ് തെരെഞ്ഞെടുക്കുന്നത്. ഈ കുട്ടികൾക്ക് 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ് പൂർത്തിയാകുന്നത് വരെ പ്രത്യേക പരിശീലന പരിപാടി നൽകി വരുന്നു. ശനി, ഞായർ ദിവസങ്ങളിലാണ് ടി പരിശീലന പരിപാടികൾ നടത്തുന്നത്. |

| | |
|---|---|
| (സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് ആറാം ക്ലാസുകാർക്ക് നടത്തുന്ന പരീക്ഷകളിൽ സംസ്ഥാനതലത്തിലെത്തുന്നവർക്ക് വേണ്ടി എന്തെല്ലാം `തുടർവിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ ആറാം ക്ലാസുകാർക്കായി പരീക്ഷ നടത്തുന്നില്ല. എന്നാൽ മേൽ വിഷയങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് സംസ്ഥാന തലത്തിൽ എസ്.ഇ.ആർ.ടി യഥാക്രമം 7. 10 ദിവസം നീളുന്ന പഠന ക്യാമ്പ് സംഘടിപ്പിച്ച് വരുന്നു. ഈ വിദ്യാർത്ഥികൾക്ക് ഗണിത വിഷയത്തിൽ പന്ത്രണ്ടാം ക്ലാസ് വരെയും. സാമൂഹിക ശാസ്ത്രത്തിൽ പത്താം ക്ലാസ് വരെയും അതാത് വിഷയങ്ങളിൽ കൂടുതൽ ആഴത്തിലുള്ള അനുഭവങ്ങൾ നൽകുന്ന പരിപോഷണ പരിപാടികളാണ് നടത്തി വരുന്നത്. |
| (ഡി) മലയാള ഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അപ്പർ പ്രൈമറി തലത്തിൽ ഇത്തരത്തിലുള്ള പൊതുപരീക്ഷകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2734** 13.03.2020 -ൽ മറുപടിയ്ക്ക്

**പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷ പഠനം**

ചോദ്യം

**ശ്രീ.കെ. ബാബു**

എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന 'ശ്രദ്ധ' പദ്ധതിയിൽ ഇംഗ്ലീഷ് ഭാഷയ്ക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പഠനപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ നടക്കുന്ന 'ഹലോ ഇംഗ്ലീഷ് ', കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ഈ ക്യൂബ് 'എന്നീ പദ്ധതികളും ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2735 — 13.03.2020-ൽ മറുപടിക്ക്

## സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. പി.വി. അൻവർ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ; എത്ര വർഷം മുമ്പാണ് ഇത്തരം പ്രോസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം V ചട്ടം 2, 2 (a) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സംസ്ഥാനത്തെ സ്കൂളുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ വിദ്യാഭ്യാസ ആവശ്യകത പരിഗണിച്ചുകൊണ്ടുമാണ് എൽ.പി. സ്കൂൾ യു.പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്തു വന്നിരുന്നത്. കൂടാതെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഗവണ്മെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഘട്ടംഘട്ടമായി അതാതു പ്രദേശത്തെ തദ്ദേശഭരണാധികാരികളുടെയും (Local Authority) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും (AEO) ശുപാർശകളുടെയും, നിലവിലെ സ്കൂളുകളുടെ സമീപപ്രദേശങ്ങളിലെ സ്കൂളുകളിലെ അത്തരം ക്ലാസ്സുകളുടെ ലഭ്യതയും, വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. KER നടപടി ക്രമങ്ങളിലെ ആദ്യഘട്ടമായ സ്കൂൾ മാപ്പിംഗ് പൂർത്തീകരിച്ച് 2017 - ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്ത പ്രദേശത്തെ സർക്കാർ സ്കൂളുകളെ മാത്രം പരിഗണിക്കുന്നതിന് തത്വത്തിൽ സർക്കാർ തീരുമാനമെടുത്തിരുന്നു. ഓരോ സ്കൂളിന്റെയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ കണക്കാക്കി ഭൗതിക സാഹചര്യങ്ങൾ നിലവിലില്ലെങ്കിൽ ആയത് എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്നുള്ള ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിൽ എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആക്കുന്നതിനും, യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനും വേണ്ടി ഏതൊക്കെ വിദ്യാലയങ്ങളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) അർഹതയുള്ള സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഈ സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2737** 13/03/2020 ലെ മറുപടി

**എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ പരീക്ഷാ പേടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. പരീക്ഷ യെഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ പേടി ഒഴിവാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) എസ്.എസ്.എൽ.സി. പരീക്ഷ യെഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ പേടി ഒഴിവാക്കുന്നതിന് സ്കൂൾതലത്തിൽ, ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകി വരുന്നുണ്ട്. |
| (ബി) വിദ്യാർത്ഥികളെ അമിതമായ മാനസിക സംഘർഷത്തിലേയ്ക്ക് തള്ളി വിടാതെ അവരെ ശരിയായ വിധത്തിൽ നയിക്കുന്നതിന് രക്ഷാകർത്താക്കളെ ഉൾപ്പെടുത്തി ഓരോ സ്കൂളിലും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾതലത്തിൽ തന്നെ കുട്ടികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ, ആവശ്യമുള്ളവർക്ക് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2738 13.03.2020-ൽ മറുപടിക്ക്

### ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ സജ്ജീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉം | സംസ്ഥാനത്തെ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രാഥമിക ജലപരിശോധന ലാബുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഹയർ സെക്കന്ററി സ്കൂളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താത്പര്യമുള്ള സ്കൂൾ പ്രിൻസിപ്പൽമാർ അതത് ജില്ല ഹരിതകേരള മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കേരള മിഷൻ ജില്ല കോ-ഓർഡിനേറ്റർമാർ ഇതു സംബന്ധിച്ച് ഏകോപനം സാധ്യമാക്കുന്നതാണ്. |
| (സി) | തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | ലാബ് നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും ഹരിതകേരള മിഷൻ ലഭ്യമാക്കും. ഇതിനാവശ്യമായ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. ഇതിനായി നിയമസഭ സാമാജികരുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2744 — 13/03/2020-ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ എണ്ണം ഉറപ്പാക്കാൻ ആധാർ പരിശോധന

| **ചോദ്യം**<br>ശ്രീ.പി.കെ.അബ്ദു റബ്<br>ഡോ.എം.കെ.മുനീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>" വി.കെ. ഇബ്രാഹിം കുഞ്ഞ്: | | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വ്യാജ അഡ്മിഷനിലൂടെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും<br>ഉണ്ട്. പരിശോധിച്ചുവരുന്നു. |
| (ബി) | വിദ്യാർത്ഥികളുടെ ആധാർ പരിശോധന യിൽ യഥാർത്ഥ കുട്ടികളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടെത്തിയി ട്ടുണ്ടോ; | |
| (സി) | പ്രസ്തുത വിഷയത്തിൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2747

13/03/2020-ൽ
മറുപടിയ്ക്ക്

## പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിക്കായി കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ള പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തീകരിക്കും;<br>(ബി) ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | എ) & ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഡി.പി.ആർ എസ്.പി.വി.ആയ "കില" തയ്യാറാക്കി കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. രണ്ടു നിലകളിലായുള്ള അക്കാദമിക് ബ്ലോക്ക് നിർമ്മാണമാണ് ടി സ്കൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2749 — 13.03.2020 -ൽ മറുപടിയ്ക്ക്

## വാമനപുരം ജവഹർ കോളനി എച്ച്.എസ്.ന്റെ വികസനപ്രവൃത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) G.O.(Rt) No.4559/2017/G.Edn. തീയതി 24/11/2017 പ്രകാരം നബാർഡ് ഫണ്ടും ആർ.എം.എസ്.എ. ഫണ്ടും ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ ജവഹർ കോളനി എച്ച്.എസ്.ന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;<br>ബി) പദ്ധതി ടെണ്ടർ ചെയ്തതിന് ശേഷം നിർത്തി വയ്ക്കാനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ; | എ) യും ബി) യും | പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തെങ്കിലും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. 52 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായി ആർ.എം.എസ്.എയുടെ ഫണ്ട് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരത്തെ കൈമാറിയിരുന്നതിനാൽ ആവശ്യമായ ഫണ്ട് ആർ.എം.എസ്.എ.യുടെ വകയിരുപ്പിൽ ഉണ്ടായിരുന്നില്ല. ആയതിനാൽ G.O.(Rt)No.4559/2017/G.Edn. തീയതി 24/11/2017-ൽ പ്രതിപാദിച്ച 52 സ്കൂളുകൾക്ക് ഫണ്ട് ലഭ്യമായില്ല. അതിനാൽ ടെണ്ടർ നടപടി പൂർത്തിയായ ശേഷം പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. |
| സി) ഈ പദ്ധതി ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;<br>ഡി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചുവെങ്കിൽ കാരണം വ്യക്തമാക്കാമോ? | സി) യും ഡി) യും | GO(Rt)No.846/2020/ പൊ.വി.വ, തീയതി 18/02/2020 പ്രകാരം പുതുക്കിയ സ്കൂളുകളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്. അതിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ഗവൺമെന്റ് യു.പി.എസ്. ജവഹർ കോളനി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2750 13/03/2020-ൽ മറുപടിയ്ക്ക്

**മിതൃമ്മല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിട നിർമ്മാണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) G.O(Rt.) No. 2830/2018/G.Edn 25.07.2018 തീയതി പ്രകാരം 149.96 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ച മിതൃമ്മല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) (ബി) & (സി) കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു |
| (ബി) പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ; | |
| (സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ? | |

Reeny
സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2751

13/03/2020-ൽ
മറുപടിയ്ക്ക്

**കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ്, ഇൻറൽ, വാപ്കോസ്, കില എന്നീ എസ്.പി.വി. കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ മങ്കര ജി.എച്ച്.എസ്സ്., കരിമ്പ ജി.എച്ച്.എസ്സ്., പൊറ്റശ്ശേരി ജി.എച്ച്.എസ്സ്., കോങ്ങാട് ജി.യു.പി. എസ്സ്., കാരാക്കുർശ്ശി ജി.എച്ച്.എസ്സ്. എസ്സ്, കരിമ്പ ജി.യു.പി. എസ്സ്., എടത്തറ ജി.യു.പി.എസ്സ്. എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച പുരോഗതി വിവരം ലഭ്യമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ് (KITE), ഇൻകൽ (INKEL), വാപ്കോസ് (WAPCOS), കില (KILA) എന്നീ എസ്.പി.വി. കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>**<u>ഇൻകൽ</u>**<br>ജി.എച്ച്.എസ് മങ്കര, ജി.എച്ച്.എസ് കരിമ്പ, ജി.എച്ച്.എസ് പൊറ്റശ്ശേരി, ജി.യു.പി.എസ് കോങ്ങാട് - DPR തയ്യാറാക്കി വരുന്നു.<br>**<u>വാപ്കോസ്</u>**<br>ജി.എച്ച്.എസ്.എസ് കാരക്കുറിശ്ശി - ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>**<u>കില</u>**<br>ജി.യു.പി.എസ് കരിമ്പ, ജി.യു.പി.എസ് ഇടത്തറ - DPR കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ ഒരു സ്കൂളിന്റെ പോലും നിർമ്മാണ പ്രവർത്തനം നാളിതുവരെ തുടങ്ങിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട 'എസ്.പി.വി' കൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2752

13/03/2020-ൽ മറുപടിയ്ക്ക്

**വാമനപുരം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവൃത്തികൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ഭരതന്നൂർ, ജി.വി.എച്ച്.എസ്.എസ്. കല്ലറ, ജി.ബി.എച്ച്.എസ്.എസ്.മിതൃമ്മല എന്നീ വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരതന്നൂർ ജി.എച്ച്.എസ്.എസ് -ന്റെ നിർമ്മാണം 54% പൂർത്തിയായി. കല്ലറ ജി.വി.എച്ച്.എസ്.എസിന്റെ നിർമ്മാണം 61% പൂർത്തിയായി. മിതൃമ്മല ജി.ബി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനായി ടെണ്ടർ നൽകിയിട്ടുണ്ട്. |
| (ബി) ജി.ബി.എച്ച്.എസ്.എസ്. മിതൃമ്മലയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ എന്താണ് കാരണമെന്നും കാരണക്കാർ ആരെന്നും വിശദമാക്കാമോ? | (ബി) & (സി) | മിതൃമ്മല ജി.ബി.എച്ച്.എസിന്റെ നിർമ്മാണ ചുമതല എസ്.പി.വി ആയ കൈറ്റിനെയായിരുന്നു ഏൽപ്പിച്ചിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിലും പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലും ഉണ്ടാകുന്ന കാലതാമസം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ, കിഫ്ബിയുടെ സാങ്കേതിക പ്രശ്നങ്ങൾ, മാനവവിഭവ ശേഷിയുടെ അപര്യാപ്തത തുടങ്ങിയ കാര്യങ്ങളാൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ എസ്.പി.വി എന്ന നിലയിൽ ഏറ്റെടുത്തു നടത്താൻ കഴിയുന്നില്ലെന്നും ആയതിനാൽ എസ്.പി.വി യായി വാപ്കോസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തണമെന്നും കൈറ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി ആയി വാപ്കോസിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയായിരുന്നു. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനായി വാപ്കോസ് ടെണ്ടർ നൽകുകയും M/S Heather construction -ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

Namitha P

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2755 — 13/03/2020-ൽ മറുപടിയ്ക്ക്

### നോർത്ത് മഴവന്നൂർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| നോർത്ത് മഴവന്നൂർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | നോർത്ത് മഴവന്നൂർ യു.പി.സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം (ഒരു കോടി) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2756 13.03.2020-ൽ മറുപടി നൽകേണ്ടത്

**കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് ഓഡിറ്റോറിയം**

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

**മറുപടി**

**പ്രൊഫ. സി.രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ പൈതൃക സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) & (ബി) | കോട്ടയം ജില്ലയിലെ കടപ്പൂർ ഗവഃ ഹയർ സെക്കന്ററി സ്കൂളിനെ പൈതൃക സ്കൂൾ പദ്ധതിയിലുൾപ്പെടുത്തുന്നതിനും, പ്രൊപ്പോസൽ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി പൊതു മരാമത്ത് വകുപ്പ് മുഖേന 'പ്രൈസ്' സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 75,70,000/- രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയടങ്ങിയ പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ നടപടി കൈക്കൊണ്ടുവരുന്നു. |
| (ബി) | ഏത് ഏജൻസി വഴിയാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2757

13/03/2020-ൽ മറുപടിയ്ക്ക്

## മാനന്തവാടി ജി.വി.എച്ച്.എസ്.എസ് നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന ജി.വി.എച്ച്.എസ്.എസ് മാനന്തവാടിയുടെ ആകെ പദ്ധതി തുക എത്രയാണ്; | (എ) | മാനന്തവാടി മണ്ഡലത്തിലെ കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന ജി.വി.എച്ച്.എസ്.എസ് മാനന്തവാടിയുടെ ആകെ പദ്ധതി തുക 4.89 കോടി രൂപയാണ്. |
| (ബി) | ഇവിടെ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്ര രൂപയുടേതാണെന്നും ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | 4.89 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ HSS Block Vertical Expansion (2nd Floor), HSS Block, Kitchen & Multipurpose Hall, Septic tank, Pump and Water supply എന്നീ വർക്കുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി മാനന്തവാടി എം.എൽ.എ-എ.ഡി.എഫ്-ൽ നിന്നും അനുവദിച്ച എൺപത്തഞ്ച് ലക്ഷം രൂപ നിലവിൽ ആരുടെ അക്കൗണ്ടിലാണ് ; | (സി) & (ഡി) | പ്രസ്തുത പ്രവൃത്തിക്കായി ജില്ലാ കളക്ടർ 85 ലക്ഷം രൂപയുടെ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്ന സ്കൂളുകൾക്ക് നിയമസഭാ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക ധനകാര്യവകുപ്പ് കിഫ്ബിക്കാണ് നൽകുന്നത്. കിഫ്ബി ഫണ്ട് കഴിഞ്ഞുള്ള അധിക തുകയുടെ ആവശ്യമുണ്ടെങ്കിൽ എം.എൽ.എ ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതാണ്. |
| (ഡി) | എം.എൽ.എ-എ.ഡി.എഫ്-ൽ നിന്നും അനുവദിച്ച എൺപത്തഞ്ച് ലക്ഷം രൂപ സംബന്ധിച്ച് പ്രവൃത്തി നടപ്പാക്കുന്ന ഏജൻസി എന്തെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | | |
| (ഇ) | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ 78% പൂർത്തീകരിച്ചിട്ടുണ്ട്. |

Namitha. P

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2758 13/03/2020-ൽ മറുപടിയ്ക്ക്

## ഭരതന്നൂർ ഗവൺമെന്റ് എൽ.പി.എസ്-ന്റെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ അഞ്ഞൂറിൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഭരതന്നൂർ ഗവൺമെന്റ് എൽ.പി.എസ്-ന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സ്കൂളിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2759

13/03/2020-ൽ
മറുപടിയ്ക്ക്

**ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത്; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി, ഗവൺമെന്റ് യു.പി.എസ് ഉണ്ണിക്കുളം, ഗവൺമെന്റ് എച്ച്.എസ്.എസ് ശിവപുരം, ഗവൺമെന്റ് യു.പി.എസ് തൃക്കുറ്റിശ്ശേരി, ഗവൺമെന്റ് യു.പി.എസ് വേളൂർ, ഗവൺമെന്റ് എച്ച്.എസ്.എസ് കായണ്ണ എന്നിവയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളുടെ ഡി.പി.ആർ. ആണ് ഇനിയും അനുമതിയ്ക്കായി സമർപ്പിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി, ഗവൺമെന്റ് എച്ച്.എസ്.എസ് ശിവപുരം, ഗവൺമെന്റ് യു.പി.എസ് തൃക്കുറ്റിശ്ശേരി എന്നിവയുടെ ഡി.പി.ആർ 'കിഫ്ബി'യ്ക്ക് സമർപ്പിക്കാൻ ബാക്കിയുണ്ട്. |
| (സി) | ഒരു കോടി രൂപ അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഏജൻസികൾക്ക് നിർദ്ദേശം നൽകാമോ? | (സി) | ഡി.പി.ആർ 'കിഫ്ബി' അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവർത്തികൾ എസ്.പി.വി ആയ 'കില'യുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതാണ്. |

Namitha.P

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2761

13/03/2020-ൽ
മറുപടിയ്ക്ക്

**വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ;<br>(ബി) പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തിയായി എന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും അറിയിക്കാമോ;<br>(സി) അനിശ്ചിതമായി നീളുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | എ), ബി) & സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജക മണ്ഡലത്തിലെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 98% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ മുറ്റത്ത് കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേൽക്കൂരയുടെ പണിയും പൂർത്തിയായിട്ടുണ്ട്. മേൽക്കൂര അധികമായി നീട്ടേണ്ട പ്രവൃത്തിയും സ്കൂൾ മുറ്റത്ത് ഇന്റർലോക്ക് പാകുന്ന പണിയുമാണ് അവശേഷിക്കുന്നത്. ഇതിന്റെ രൂപകല്പനയും പ്ലാനും പൂർത്തിയാക്കി ഉടൻ പണി ആരംഭിക്കുന്നതും, ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണെന്ന് പ്രതീക്ഷിക്കുന്നു. |

Namitha P

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2763

13/03/2020-ൽ
മറുപടിയ്ക്ക്

## വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം<br>ശ്രീ പി. ടി. എ. റഹീം | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ഏക്കർ സ്ഥലം അതിര് നിർണ്ണയിച്ച് കയ്യേറ്റം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സ്ഥലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ M1/186/2019 നമ്പർ ഫയലിന്മേൽ ഏത് തീയതിയിലാണ് ഡി.പി.ഐ.യോട് റിപ്പോർട്ട് ചോദിച്ചതെന്നറിയിക്കാമോ; | (ബി) | 21/08/2019-ൽ |
| (സി) | ഇതിന്മേൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് |
| (ഡി) | ഡി.പി.ഐ.യിൽ നിന്നും ഏത് തീയതിയിലാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് കത്തയച്ചത്; ഇതു സംബന്ധിച്ച റിപ്പോർട്ട് ഡി.പി.ഐ.യിൽ ലഭിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | 07/09/2019-ലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് അയച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. ഭരണപരമായ കാലതാമസമാണ് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ഉണ്ടായിട്ടുള്ളത്. |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2764

13/03/2020-ൽ
മറുപടിയ്ക്ക്

**കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ സ്കൂൾ കെട്ടിടങ്ങൾ**

**ചോദ്യം**
**ശ്രീ.പി.ടി.എ. റഹീം**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കിയ സ്കൂൾ കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും എസ്.പി.വി.യായി നിശ്ചയിച്ചിട്ടുള്ളത് ആരെയാണ് എന്നറിയിക്കാമോ;

(എ) & (ബി), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കിയ സ്കൂളുകളുടെ വിശദാംശവും അവയുടെ എസ്റ്റിമേറ്റ് തുകയും എസ്.പി.വി യുടെ വിവരവും താഴെ ചേർക്കുന്നു.

| സ്കൂൾ | എസ്റ്റിമേറ്റ് തുക | ഏജൻസി (SPV) |
|---|---|---|
| ചാത്തമംഗലം REC ഗവ.എച്ച്.എസ്.എസ് | 5.67 കോടി | കൈറ്റ് |
| GHSS മാവൂർ (2017-18)<br><br>GHSS പെരിങ്ങളം (2018-19) | 3.52 കോടി<br><br>ഡി.പി.ആർ തയ്യാറാക്കി വരുന്നു | ഇൻകൽ<br><br>ഇൻകൽ |
| GUPS കോടാൽ<br>GHSS ഇരിങ്ങല്ലൂർ<br>GHSS നായർകുഴി<br>EMS GHS പെരുമണ്ണ<br>GMUPS മാവൂർ<br>GUPS മണക്കാട് | 1 കോടി | കില |

(സി) ഇതിൽ എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ആരംഭിക്കാത്ത ഓരോ പ്രവൃത്തിയും എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(സി) & (ഡി)

പ്രസ്തുത സ്കൂളുകളിൽ 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കൈറ്റ് എസ്.പി.വി ആയ ആർ.ഇ.സി ഗവൺമെന്റ് എച്ച്.എസ്.എസ്-ന്റെ ടെണ്ടർ നടപടി സ്വീകരിച്ച് പ്രവർത്തികൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ് മാവൂർ സ്കൂളിന്റെ ഡി.പി.ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ജി.എച്ച്.എസ്.എസ് പെരിങ്ങളം സ്കൂളിന്റെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ ഇൻകൽ സ്വീകരിച്ചു വരുന്നു. 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.യു.പി.എസ് കോടാൽ , ജി.എച്ച്.എസ് .എസ് ഇരിങ്ങല്ലൂർ, ജി.എച്ച്.എസ്.എസ് നായർകുഴി എന്നീ സ്കൂളുകളുടെ ഡി.പി.ആർ കില തയ്യാറാക്കി കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.

ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

Namitha. P

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2765 — 13/03/2020-ൽ മറുപടിയ്ക്ക്

### പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിനെ മാതൃക സ്കൂളാക്കി ഉയർത്തുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) മങ്കട നിയോജകമണ്ഡലത്തിലെ പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിനെ മാതൃക സ്കൂളാക്കി ഉയർത്തുന്ന പദ്ധതി യുടെ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയതിന്റെ ഭാഗമായി പ്രസ്തുത വകുപ്പ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;<br>(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാമോ? | (എ) & (ബി) & (സി) പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിന് 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

Reena

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2766 13.03.2020-ൽ മറുപടി നൽകേണ്ടത്.

### ഫിസിക്കൽ സയൻസ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. നിയമനത്തിനുവേണ്ടി നീക്കി വെച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) തസ്തികയിൽ 52 ഒഴിവുകളുണ്ട്. ആയതിൽ 46 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 5 ഒഴിവുകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.370/2013 19/06/2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത കേസ് പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതല്ലയെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2768

13/03/2020-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുവാൻ ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ടോ എന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധനാ വിധേയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (എ) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2769

13/03/2020-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നിയമനാംഗീകാരം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും ജീവനക്കാർക്കും നിയമനാംഗീകാരം നൽകുന്ന സമന്വയ സോഫ്റ്റ് വെയറിൽ അപ്രൂവൽ ബട്ടൺ മറച്ചുവെച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | | (എ) യും (ബി) യും<br>വിവരം ശേഖരിച്ചു വരുന്നു.<br>സാങ്കേതികപരവും പ്രക്രിയാപരവുമായ ചില പരിശോധനകൾ പൂർത്തിയാകാനുള്ളതിനാലാണ് നിയമനാംഗീകാരം ഇപ്പോൾ സോഫ്റ്റ് വെയറിലൂടെ നൽകാൻ കഴിയാത്തത്. |
| (ബി) | 'നിയമനം നിരസിക്കുന്നു' എന്ന ബട്ടൺ കൃത്യമായി കാണിക്കുകയും ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസർമാർ, അവ്യക്തമായ മറുപടികൾ നൽകി നിയമനാംഗീകാരം തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; ഏങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | വിദ്യാഭ്യാസ ചട്ടം അനുസരിച്ച് 2016 മുതൽ നിയമനം ലഭിച്ച് അംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും അംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | നിലവിലെ ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും പാലിച്ച് 2016, മുതൽ നിയമിക്കപ്പെട്ടവർക്ക് ഇതിനകം നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ചട്ടങ്ങളും, ഉത്തരവുകളും പാലിക്കാതെ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതെ അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2770 13/03/2020-ൽ മറുപടിക്ക്

## വകുപ്പുതല പരീക്ഷകളിൽ അദ്ധ്യാപകർക്കുള്ള ഇളവുകൾ

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്: | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|---|
| (എ) | പ്രൈമറി തലത്തിൽ പ്രഥമ അദ്ധ്യാപകർക്ക് വകുപ്പുതല പരീക്ഷകൾ ജയിക്കുന്നതിനായി മൂന്നുവർഷം സാവകാശം അനുവദിച്ച് ഇറക്കിയ 2018 മാർച്ചിലെ വിജ്ഞാപന പ്രകാരം ഇളവ് അനുവദിക്കാനാവില്ലെന്ന് കാണിച്ച് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ | (എ) യും (ബി) യും<br>പ്രൈമറി തലത്തിൽ പ്രഥമ അദ്ധ്യാപകർക്ക് വകുപ്പുതല പരീക്ഷകൾ പാസാകുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി അടുത്ത കാലത്തായി വിധിപ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്മേൽ ഉചിതമായ തീരുമാന മെടുക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശത്തിൻമേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2771 13/03/2020-ൽ മറുപടിക്ക്

## അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയലുകൾ

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് എന്ന് മുതലാണ് നടപ്പിലാക്കിയത് എന്നറിയിക്കാമോ; | (എ) | 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 1-4-2010 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇതിനനുബന്ധമായ ചട്ടങ്ങൾ 2011 മേയ് 6 മുതലാണ് കേരളത്തിൽ പ്രാബല്യത്തിൽ വന്നത്. |
| (ബി) | ആർ.ടി.ഇ നടപ്പിലാക്കിയതനുസരിച്ച് എത്ര അദ്ധ്യാപക തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടു; വ്യക്തമാക്കാമോ; | | (ബി) യും (സി) യും<br>വിവരം ശേഖരിച്ചു നല്കുന്നതാണ് |
| (സി) | അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് എത്ര ഫയലുകൾ ഡി.പി.ഐ, ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ കളിൽ നിലവിലുണ്ട്; സർക്കാരിൽ എത്ര ഫയലുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2772 | 13/3/2020-ൽ മറുപടിക്ക്

## കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സ്കൂളുകളിൽ ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ ഹൈസ്കൂൾ, ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ യു.പി.എസ്. എന്നിങ്ങനെ തസ്തികകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) സ്കൂളുകളിൽ ഹൈസ്കൂൾ. യു.പി.വിഭാഗങ്ങൾക്കായി ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ), ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ (യു.പി.) എന്നിങ്ങനെ വ്യത്യസ്ത തസ്തികകൾ നിലവിലുണ്ട്. |
| (ബി) ഈ രണ്ട് തസ്തികയിലും ഒരേ ശമ്പള സ്കെയിലാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഒരേ ശമ്പള സ്കെയിലാണ് നിലവിലുള്ളത്. |
| (സി) അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്ക് എത്ര ചെലവ് വരുമെന്നും പ്രസ്തുത പുസ്തകങ്ങൾ പഠിപ്പിക്കാൻ യു.പി. സ്കൂളുകളിൽ കായിക അധ്യാപകരില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള (ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ) കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നില്ല. എന്നാൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിലുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി 2019-20 ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് 4,41,41,892/- (നാല് കോടി നാല്പത്തിയൊന്നു ലക്ഷത്തി നാല്പത്തൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ ഉള്ള യു.പി സ്കൂളിൽ/ യു.പി.വിഭാഗത്തിൽ ഒരു സ്ഥിരം കായികാധ്യാപകനെയും അത്തരത്തിൽ കുട്ടികൾ ലഭ്യമാകാത്ത സ്കൂളുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തിരം താൽക്കാലികമായി പാർട്ട് ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്. |

(ഡി) അഞ്ഞൂറ് കുട്ടികൾ ഉണ്ടെങ്കിൽ യു.പി. വിഭാഗത്തിലും എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ ഹൈസ്കൂളിലും ഒരു കായികാധ്യാപകനെയാണോ ഇപ്പോൾ നിയമിക്കുന്നത്;

(ഡി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം അഞ്ഞൂറ് കുട്ടികൾ ഉള്ള യു.പി. സ്കൂളിൽ/യു.പി. വിഭാഗത്തിൽ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ഇതിന് കായികാദ്ധ്യാപകർക്ക് മുൻഗണന നൽകുന്നുണ്ട്. എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് പിരീഡ് ഉണ്ടെങ്കിൽ ഹൈസ്കൂളിൽ ഒരു സ്ഥിരം കായികാധ്യാപകനെ നിയമിക്കാവുന്നതാണ്. അഞ്ച് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തിരം താൽക്കാലികമായി പാർട്ടം ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്.

(ഇ) അറുപത് വർഷമായി മാറ്റമില്ലാതെ നിലനിൽക്കുന്ന പ്രസ്തുത കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) പത്താംതരം വരെയുള്ള കായികാധ്യാപക തസ്തികാമാനദണ്ഡങ്ങൾ നിലനിൽക്കുന്നതും എന്നാൽ നിലവിലുള്ള ഹൈസ്കൂൾ കായികാധ്യാപകർ തന്നെ ഹയർ സെക്കണ്ടറി വിഭാഗത്തിലെയും ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ഇവരുടെ പ്രതിമാസ അലവൻസ് ഉയർത്തി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ് ) പ്രീഡിഗ്രി വേർപെടുത്തിയതിനുശേഷം നാളിതുവരെ ഹയർസെക്കണ്ടറിയിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2775 13/03/2020-ൽ മറുപടിക്ക്

## അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിലെ ക്രമക്കേടുകൾ

**ചോദ്യം**

ശ്രീ. സി.മമ്മൂട്ടി

" എം.സി. കമറുദ്ദീൻ

" കെ.എം.ഷാജി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കൂളുകളിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം എ.ഇ.ഒ യ്ക്കും, ഡി.ഇ.ഒ യ്ക്കും നൽകിയിരിക്കുന്നതിനാൽ ഈ ഓഫീസുകൾ കേന്ദ്രീകരിച്ച് വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം ഉണ്ടായിട്ടുണ്ടോ; | (എ) യും (ബി) യും | നിലവിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം ശരിയായി ഉൾക്കൊള്ളാതെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം കാലാകാലങ്ങളിൽ പരിശോധനക്ക് വിധേയമാക്കുകയും, ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിതനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2777 13-03-2020- ൽ മറുപടിക്ക്

**ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ 72 തസ്തികകൾ നിലവിലുണ്ട്. |
| ബി) | ഫിസിക്കൽ എഡ്യുക്കേഷൻ യു.പി സ്കൂൾ ടീച്ചർമാരായി നിയമനം നേടിയ എത്ര പേരാണ് ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ ; | (ബി) | 8 യു.പി. സ്കൂൾ കായികാദ്ധ്യാപകരാണ് ഹൈസ്കൂൾ കായികാദ്ധ്യാപകരായി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നത്. |
| (സി) | ഏതൊക്കെ സ്കൂളുകളിലാണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 1. ഗവ. എച്ച്.എസ്. അയിരൂപ്പാറ<br>2. ഗവ. എച്ച്.എസ്. കമലേശ്വരം.<br>3. ഗവ. എച്ച്.എസ്. കാച്ചാണി.<br>4. ഗവ.വി.എച്ച്.എസ്.എസ്. പിരപ്പൻകോട്<br>5. ഗവ. മോഡൽ ഗേൾസ് എച്ച്. എസ്. എസ്. പട്ടം.<br>6. ഗവ. എച്ച്.എസ്. തോന്നയ്ക്കൽ.<br>7. ഗവ. വി. എച്ച്. എസ്. എസ്. വട്ടിയൂർക്കാവ്<br>8. ഗവ. എച്ച്.എസ്. വാഴമുട്ടം. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2778 | 13/03/2020-ൽ മറുപടിയ്ക്ക്

### വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പല സർക്കാർ വിദ്യാലയങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ 32 സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | ഇത്തരം വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) & (ഡി) | സർക്കാർ സ്കൂളുകൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്ന ഈ സന്ദർഭത്തിൽ പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

Reny

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1. | ജി.എം.എൽ.പി.എസ് അരീക്കോട്, പടിഞ്ഞാറ് |
| 2. | ജി.എൽ.പി.എസ്, നരിപ്പറമ്പ |
| 3. | ജി.എൽ.പി.എസ്, മാറവഞ്ചേരി |
| 4. | ജി.ബി.എൽ.പി.എസ്, മുട്ടൂർ |
| 5. | ജി.എം.എൽ.പി.എസ്, വടക്കുംമുറി |
| 6. | ജി.എൽ.പി.എസ്, വിളയിൽ |
| 7. | ജി.എൽ.പി.എസ്, നെടിയിരുപ്പ് |
| 8. | ജി.എം.എൽ.പി.എസ്, നെടിയിരുപ്പ് |
| 9. | ജി.എം.എൽ.പി.എസ്, കല്പകഞ്ചേരി |
| 10. | ജി.എം.എൽ.പി.എസ്, കാനൻചേരി |
| 11. | ജി.എം.എൽ.പി.എസ്, പാറപ്പുറം |
| 12. | ജി.യു.പി.എസ്, രണ്ടത്താണി |
| 13. | ജി.എൽ.പി.എസ്, പൂക്കോട്ടൂർ ന്യൂ |
| 14. | ജി.എം.എൽ.പി.എസ്, മേൽമുറി സെൻട്രൽ |
| 15. | ജി.എൽ.പി.എസ്, കോൽമണ്ണ |
| 16. | ജി.എം.യു.പി.എസ്, മേൽമുറി |
| 17. | ജി.യു.പി.എസ്, കോട്ടയ്ക്കൽ |
| 18. | ജി.എൽ.പി.എസ്, അരുകിഴയ |
| 19. | ജി.എം.എൽ.പി.എസ്, മഞ്ചേരി |
| 20. | ജി.യു.പി.എസ്, മങ്കട പള്ളിപ്പുറം |
| 21. | ജി.എൽ.പി.എസ്, മുക്കട്ട |
| 22. | ജി.എൽ.പി.എസ്, വെണ്ണീയൂർ |
| 23. | ജി.എൽ.പി.എസ്, കാഞ്ഞിരമുക്ക് |
| 24. | ജി.യു.പി.എസ്, ചെറുവായ്ക്കര |
| 25. | ജി.എം.പി.എസ്, തലകടത്തൂർ |
| 26. | ജി.എൽ.പി.എസ്, രായിരിമംഗലം |

| | |
|---|---|
| 27. | ജി.എം.എൽ.പി.എസ്, ഇടക്കുളം |
| 28. | ജി.എം.എൽ.പി.എസ്, ചേരൂർ |
| 29. | ജി.എം.എൽ.പി.എസ്, ചെറുകുന്ന് |
| 30. | ജി.എം.എൽ.പി.എസ്, മംപുരം |
| 31. | ജി.എം.യു.പി.എസ്, കണ്ണമംഗലം |
| 32. | ജി.എച്ച്.എസ്, പൊൻമുണ്ടം |

Reena
സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2779

13/03/2020-ൽ
മറുപടിയ്ക്ക്

**സ്കൂൾ ബസ് അനുവദിക്കുന്നതിന് നടപടി**

**ചോദ്യം**
**ശ്രീ. വി. പി. സജീന്ദ്രൻ**

നോർത്ത് എഴിപ്രം യു.പി.സ്കൂളിന് ആസ്തി വികസന ഫണ്ട് മുഖേന ഈ അദ്ധ്യയന വർഷം സ്കൂൾ ബസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

നോർത്ത് എഴിപ്രം ഗവൺമെന്റ് യു.പി സ്കൂളിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച തുക ഉപയോഗിച്ച് ബസ്സ് വാങ്ങുന്നതിനായുള്ള ഭരണാനുമതി ലഭിച്ചതിന് ശേഷം GeM ന്റെ പോർട്ടൽ മുഖേന ബസ്സ് വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നിരവധി തവണ നൽകിയെങ്കിലും ഒരു കമ്പനിയും ഓർഡർ സ്വീകരിക്കാത്തതിനാലാണ് ബസ് വാങ്ങുവാൻ സാധിക്കാത്തത്. കമ്പനികളുടെ ഡീലേഴ്സുമായി നേരിട്ട് ബന്ധപ്പെട്ടെങ്കിലും , BS IV വാഹനങ്ങളുടെ വിൽപ്പന 2020 ഏപ്രിൽ 1 മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ എന്നാണ് അറിയിച്ചിരിക്കുന്നത്. അതിനാലാണ് കാലതാമസം നേരിടുന്നത്. ഈ സാഹചര്യത്തിൽ GeM മുഖേന പർച്ചേസ് ഓർഡറിന് ക്വട്ടേഷൻ ലഭിച്ചാൽ ഉടൻ തന്നെ ബസ് വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

Namitha .P
**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2781** — **13.03.2020 -ൽ മറുപടിയ്ക്ക്**

### സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം സംസ്ഥാനത്ത് കുടിശ്ശിക യായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാസ ത്തേതെന്ന് അറിയിക്കുമോ;<br>ബി) കുടിശ്ശിക തീർത്ത് വേതനം വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദ മാക്കാമോ; | എ) യും ബി) യും | പാചക തൊഴിലാളികളുടെ ഹോണറേറിയത്തിൽ 01.04.2017 മുതൽ വർദ്ധനവ് വരുത്തിയ 50/- രൂപയും 01.04.2019 മുതൽ ഏർപ്പെടുത്തിയ 50/- രൂപയുമാണ് കുടിശ്ശികയായിട്ടുള്ളത്. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പെ വേതനം വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഇക്കാര്യത്തിൽ സർക്കാർ ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ? | സി) | ഓരോ മാസത്തേയും പാചക തൊഴിലാളികൾക്ക് അർഹതപ്പെട്ട ഓണറേറിയം തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുൻപായി അനുവദിച്ച് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2782** 13/03/2020 ലെ മറുപടി

**പരീക്ഷാ കേന്ദ്രങ്ങളിലെ സി.സി.ടി.വി. ക്യാമറകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുടെ ചോദ്യ യും ക്കടലാസ് സൂക്ഷിപ്പിന് വിദ്യാ ഭ്യാസ വകുപ്പിന്റെ മുൻധാരണ യും യില്ലായ്മ മൂലം സർക്കാർ ഖജനാവിന് കോടികൾ നഷ്ടമാ യിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരീക്ഷാ കേന്ദ്രങ്ങളിൽ ലോക്കറു കളും സി.സി.ടി.വി. ക്യാമറകളും ലൈറ്റുകളും സ്ഥാപിക്കുവാൻ ചെലവായ തുകയുടെ വിശദാംശം നൽകുമോ;

(എ) എസ്.എസ്.എൽ.സി. ചോദ്യ ക്കടലാസ് സൂക്ഷിപ്പിന് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടായിട്ടില്ല.

ഹയർ സെക്കണ്ടറി പരീക്ഷയുടെ വിഷയത്തിൽ മിക്ക ഹയർ സെക്കണ്ടറി സ്കൂളുകളും ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പറു

(ബി) കൾ സൂക്ഷിക്കുന്ന സ്ട്രോംഗ്റൂമിന് നിലവിൽ സി.സി.ടി.വി. സൗകര്യം ഉണ്ടായിരുന്നില്ല. ടി സാഹചര്യത്തിൽ മാർച്ച് 2020 ലെ പരീക്ഷ നടത്തിപ്പിന്റെ ഭാഗമായി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും സി.സി.ടി.വി. സജ്ജീകരിച്ചതിലൂടെ ചോദ്യപേപ്പറുകളുടെ സുരക്ഷ വർദ്ധിപ്പി ക്കാൻ സാധിച്ചു.

പരീക്ഷാകേന്ദ്രങ്ങളിൽ പുതിയതായി ലോക്കർ സംവിധാനം ഏർപ്പെടുത്തി യിട്ടില്ല. എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും മുൻവർഷങ്ങളിൽ നിലവിൽ ഉണ്ടായി രുന്ന ലോക്കർ സംവിധാനം തന്നെയാണ് ഈ വർഷവും ഉപയോഗിക്കുന്നത്. ലോക്കർ സ്ഥാപി

ക്കാൻ പ്രത്യേകമായി തുകയൊന്നും ചിലവായിട്ടില്ല. പരീക്ഷാകേന്ദ്രങ്ങളിൽ അധികമായി ആവശ്യം വരുന്ന ഫർണീച്ചർ, സി.സി.ടി.വി. എന്നിവ സ്ഥാപിക്കാനുള്ള ചെലവ് അതാത് സ്കൂൾ പി.ഡി.അക്കൗണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജ് മെന്റ് സ്വന്തം ചെലവിൽ മേൽ പരാമർശം ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

(സി) ചോദ്യക്കടലാസുകൾ സൂക്ഷിപ്പ മായി ബന്ധപ്പെട്ട് സർക്കാരിന്റെ അന്തിമ തീരുമാനം എന്താണ്; അറിയിക്കുമോ;

(സി) എസ്.എസ്.എൽ.സി. ചോദ്യക്കടലാസുകൾ ട്രഷറി/ബാങ്ക് ലോക്കറുകളിൽ സൂക്ഷിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) അപ്രായോഗിക നിർദ്ദേശങ്ങൾ വകുപ്പിൽ കൊണ്ടുവരുന്നത് മൂലം സർക്കാർ ഖജനാവിനുണ്ടാകുന്ന പണനഷ്ടവും വിഫലമായ അദ്ധ്വാനവും കണക്കിലെടുത്ത് നയങ്ങൾ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

(ഡി) ചോദ്യപേപ്പറിന്റെ സുരക്ഷയും പരീക്ഷാനടത്തിപ്പിന്റെ സുതാര്യതയും ഉറപ്പുവരുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്. ചോദ്യക്കടലാസുകൾ തരംതിരിച്ച് പരീക്ഷാറൂമുകളിലേയ്ക്ക് നൽകുന്ന പ്രക്രിയ കൃത്യതയോടെയും സുതാര്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സി.സി.ടി.വി. യുടെ സാന്നിധ്യം ഉപകരിക്കും. എസ്.എസ്.എൽ.സി. പരീക്ഷയുടെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടി മൂലം ഖജനാവിന് നഷ്ടം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2783

13/03/2020-ൽ
മറുപടിയ്ക്ക്

**കലാഭവൻ മണിയുടെ സ്മാരക മന്ദിരത്തിന് സ്ഥലം**

**ചോദ്യം**
**ശ്രീ.ബി.ഡി. ദേവസ്സി**

അനശ്വര കലാകാരൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി ഒരു സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ളതും ദേശീയപാതയ്ക്ക് കിഴക്കുഭാഗത്തുള്ളതുമായ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി സ്മാരക മന്ദിരം നിർമ്മിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

Namitha.P
സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2784** | **13.03.2020 -ൽ മറുപടിയ്ക്ക്**

### സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) ഈ അദ്ധ്യയന വർഷത്തെ സൗജന്യ സ്കൂൾ യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കുമോ; | എ) യും ബി) യും കൈത്തറി യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ അർഹരായ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോമിന്റെ തുക വിതരണം പൂർത്തിയായിട്ടില്ല. തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സൗജന്യ യൂണിഫോം വിതരണം പൂർത്തീകരിക്കാത്ത സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ എന്നത്തേക്ക് യൂണിഫോം വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2785** **13.03.2020 -ൽ മറുപടിയ്ക്ക്**

## ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് ഗ്രേസ് മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ഷാനിമോൾ ഉസ്മാൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സ്കൂൾ വിദ്യാർത്ഥികളുടെ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ കൈറ്റ്സ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ശിപാർശ നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) നിലവിൽ ഏതൊക്കെ കാര്യങ്ങൾക്കാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്; | ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ കലോത്സവം,ശാസ്ത്രോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, കായികമേള കൂടാതെ ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ), സതേൺ ഇൻഡ്യാ സയൻസ് ഫെയർ, രാഷ്ട്രപതി സ്കൗട്ട്സ് ആൻറ് ഗൈഡ്സ്, എൻ.സി.സി, ജൂനിയർ റെഡ് ക്രോസ്, സർഗ്ഗോത്സവം, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ട്, ലിറ്റിൽ കൈറ്റ്സ് എന്നിവയിലുള്ളവർക്കാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. |
| സി) ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ 'A' ഗ്രേഡ് ലഭിക്കുന്ന അംഗങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2019-20 വർഷം മുതൽ 5% ഗ്രേസ് മാർക്ക് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2786 — 13/03/2020 ൽ മറുപടിയ്ക്ക്

### സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അനൗപചാരിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ആദിവാസിമേഖലയിലെ പട്ടികവർഗ്ഗവിഭാഗക്കാർക്കായി 'സമഗ്ര' പദ്ധതി, കേരളത്തിലെ പട്ടികജാതിവിഭാഗക്കാർക്കായി 'നവചേതന' പദ്ധതി , വയനാട് ജില്ലയിലെ ആദിവാസികൾക്കായി നടപ്പിലാക്കിവരുന്ന 'വയനാട് ആദിവാസിസാക്ഷരതാപദ്ധതി', പാലക്കാട് ജില്ലയിലെ ആദിവാസിമേഖലയായ അട്ടപ്പാടിയിൽ 'അട്ടപ്പാടിആദിവാസി സാക്ഷരതാപദ്ധതി', കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും തിരുവനന്തപുരം നഗരസഭയും ചേർന്ന് നടപ്പിലാക്കി വരുന്ന അക്ഷരശ്രീ സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി, കേരളത്തിലെ ട്രാൻസ്ജൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർവിദ്യാഭ്യാസത്തിനായി 'സമന്വയ' പദ്ധതി, സാക്ഷരതാമിഷനും ഫിഷറീസ് ഡിപ്പാർട്ടുമെൻറും ചേർന്ന് തീരദേശമേഖലയിൽ നടത്തിവരുന്ന അക്ഷരസാഗരം, കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാനതൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിന് 'ചങ്ങാതി', പൊതുസമൂഹത്തിനിടയിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി സാക്ഷരതാപദ്ധതി, കണ്ണൂർജില്ലയിലെ കുടുംബശ്രീയുമായി ചേർന്ന് ആറളം ഫാമിൽ ആരംഭിച്ച 'ആദിശ്രീ', പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സംയുക്തമായി നടത്തുന്ന നൂതന പദ്ധതിയായ ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ |

പരിപാടി, നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടി, കുടുംബശ്രീ മിഷനിലെ പത്താംതരം. ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനായി സമ പദ്ധതി, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരള കശുവണ്ടി കോർപ്പറേഷനു മായി ചേർന്ന് പത്താംതരം, ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടി 'ദിശ'പദ്ധതി, പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകൾ മുതലായവ കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്നു. സാക്ഷരതാമിഷനും സംസ്ഥാന ആർക്കൈവ്സ് വകുപ്പും ചേർന്ന് ചരിത്രരേഖ സർവ്വെ എന്ന് പ്രോജക്ടും നടത്തിയിട്ടുണ്ട്. ഇതു കൂടാതെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഐ റ്റി മിഷനുമായി ചേർന്ന് ഡിജിറ്റൽ സാക്ഷരത നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനുശേഷം സാക്ഷരതാ-തുടർവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ എന്തെല്ലാം ധനസഹായമാണ് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് കേന്ദ്രസർക്കാരിൻറെ ഫണ്ട് ലഭ്യമായത് 2009 മാർച്ച് വരെ മാത്രമാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുകയുടെ 50% കേന്ദ്രസർക്കാരും 50% സംസ്ഥാന സർക്കാരുമാണ് വഹിച്ചുവന്നിരുന്നത്. എന്നാൽ 2009 മാർച്ചിനുശേഷം കേരളത്തിലെ സാക്ഷരതാതുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനായി കേന്ദ്രസർക്കാർ അറിയിച്ച സാഹചര്യത്തിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിൽ നിലനിൽക്കേണ്ടതാണെന്ന കണ്ടെത്തലിൽ സംസ്ഥാന സർക്കാർ സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി ഏറ്റെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുകകൾ തുടർന്നുള്ള ഓരോവർഷത്തെയും ബജറ്റ് വിഹിതമായി സംസ്ഥാന സാക്ഷരതാമിഷന് നൽകിവരികയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡായി ആകെ 175000000 രൂപ വകയിരുത്തിയതിൽ നാളിതുവരെ 141407687 രൂപ നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന 33592313 രൂപ നൽകുന്നതിനായി ധനവകുപ്പിന്റെ അനുമതി തേടിയിരിക്കയാണ്.

| | |
|---|---|
| (സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് സാക്ഷരതാമിഷൻ നടത്തിവരുന്ന അനൗപചാരിക പഠന കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്,ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടതായിവന്നവർക്കായി അനൗപചാരികവിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാപരിപാടികൾ . സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാപരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്.<br><br>ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരികവിദ്യാഭ്യാസത്തിൽ ഏഴാംക്ലാസ് പാസായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടി യാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താം തരം വിജയിച്ചവർക്കും ഹയർസെക്കണ്ടറി/പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ഹയർ സെക്കണ്ടറി തുല്യതാ പരിപാടിയും സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2787 13/03/2020 ൽ മറുപടിയ്ക്ക്

## സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുടർവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. വി.കെ.പ്രശാന്ത് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡറുകൾക്കായി സമന്വയ എന്ന പേരിൽ തുടർവിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയവ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ പത്താംതരം, ഹയർസെക്കൻഡറി തുല്യതാ ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകി. ഇതിലൂടെ ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകിയ ആദ്യസംസ്ഥാനമെന്ന പ്രശസ്തി കേരളത്തിന് നേടാൻ കഴിഞ്ഞു. 2018-19 അധ്യയന വർഷത്തിൽ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയ പത്താംതരം പഠിതാക്കളിൽ നിന്നും 21 പേർ ഉന്നതവിദ്യാഭ്യാസത്തിന് അർഹരായി. പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ട്രാൻസ്ജൻഡർ പഠിതാക്കൾക്കായി 'പഠനവീട്' ആരംഭിക്കുകയും ചെയ്തു. |
| (ബി) ഇതരസംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള "ചങ്ങാതി" പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) കേരളത്തിൽതാമസിച്ച് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച **ചങ്ങാതി** പെരുമ്പാവൂർ മാതൃകാപദ്ധതിയിലൂടെ 469 പേരും, പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ ചങ്ങാതി രണ്ടാംഘട്ടത്തിൽ 2256 പേരും, ചങ്ങാതി പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 1641 പേരും സാക്ഷരരായി വിജയിച്ചു.. |

| | | |
|---|---|---|
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ സാക്ഷരതാമിഷൻ അതോറിറ്റി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. പട്ടികജാതി കോളനികളിലെ സാക്ഷരതാതുല്യതാപ്രവർത്തനങ്ങൾക്കായി നവചേതന എന്ന പേരിൽ പ്രത്യേക സാക്ഷരതാപദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗമേഖലകളിലെ സാക്ഷരതാ തുല്യതാപരിപാടികൾക്കായി അട്ടപ്പാടി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതികൾ സമഗ്ര ആദിവാസി സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി എന്നിവ കൂടാതെ പാർശ്വവൽകൃതമേഖലകളായ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകൾ ഉൾപ്പെടുന്ന 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2788 13/03/2020 ൽ മറുപടിയ്ക്ക്

## സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സാക്ഷരതാമിഷൻ തുടർവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടതായിവന്നവർക്കായി അനൗപചാരികവിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാപരിപാടികൾ . സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാപരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്. ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരികവിദ്യാഭ്യാസത്തിൽ ഏഴാംക്ലാസ് പാസായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടി യാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താംതരം തുല്യത വിജയിച്ചവർക്കും ഹയർസെക്കണ്ടറി/പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ആരംഭിച്ച തുല്യതാ പരിപാടിയാണ് ഹയർ സെക്കണ്ടറി തുല്യത. |
| (ബി) ഏഴാം തരം തുല്യതാ പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ബി) ഉണ്ട് |

| | | | |
|---|---|---|---|
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലയാളം വായിക്കുവാനും എഴുതുവാനും ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാമിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കേരളത്തിൽതാമസിച്ച് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്ന തിനായി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു |
| (ഡി) | എങ്കിൽ ഇതിനോടകം എത്ര ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കി; വിശദാംശം നൽകുമോ? | (ഡി) | ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച **ചങ്ങാതി** പെരുമ്പാവൂർ മാതൃകാപദ്ധതിയിലൂടെ 469 പേരും, പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ ചങ്ങാതി രണ്ടാംഘട്ടത്തിൽ 2256 പേരും, ചങ്ങാതി പദ്ധതിയുടെ മൂന്നാംഘട്ടം 1641 പേരും സാക്ഷരരായി വിജയിച്ചു. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2789 — 13/03/2020-ൽ മറുപടിയ്ക്ക്

## ഭൂമിയുടെ തരംനോക്കി ന്യായവില നിശ്ചയിക്കുന്ന നടപടി

ചോദ്യം :

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ന്യായവില കൃത്യമായി നിശ്ചയിക്കാത്ത ഒട്ടേറെ സർവ്വേ നമ്പറുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭൂമിയുടെ തരംനോക്കി ന്യായ വില നിശ്ചയിക്കുന്ന നടപടികൾ പൂർത്തിയാവാത്തത് കാരണം വരുമാന ചോർച്ചയുണ്ടാവുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | 14/08/2018-ലെ സ.ഉ.(കൈ) നം. 302/18/റവ നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഒട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയ നടപടികൾ പൂർത്തീകരിച്ച് ഭൂമിയുടെ യഥാർത്ഥ ക്ലാസിഫിക്കേഷൻ അനുസരിച്ച് ന്യായവില നിശ്ചയിക്കുന്നതോടുകൂടി വരുമാന ചോർച്ച ഉണ്ടാകുന്നത് തടയാൻ സാധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ എല്ലാ സർവ്വേ നമ്പറുകൾക്കും കൃത്യമായി ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | (സി) | സംസ്ഥാനമാകെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി 14/08/2018-ലെ സ.ഉ.(കൈ) നം. 302/18/റവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

PR

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2794** **13-03-2020 ൽ മറുപടിക്ക്**

**ഭൂമി കൈയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.യു. ജനീഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ വക ഭൂമിയുടെ കൈയ്യേറ്റം തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സർക്കാർ വക ഭൂമിയിലെ കൈയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കൈയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സ.ഉ (സാധാ) 3778/18/റവ തീയതി 10.09.2018 പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | കൈയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധന നടത്തി സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കൈയ്യേറ്റങ്ങൾ തടയുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (സി) | സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷാ നടപടികളാണ് സർക്കാർ ഗസറ്റ് വിജ്ഞാപനം 1843 ആയി 07.10.2009 ൽ പ്രസിദ്ധപ്പെടുത്തിയ 2009 ലെ ആക്ട് 29-ൽ സെക്ഷൻ 7 (സി) ആയി നിഷ്കർഷിച്ചിട്ടുള്ളത്. ആയത് പ്രകാരം ഇത്തരം കൈയ്യേറ്റങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാനോ/നടപടി സ്വീകരിക്കുവാനോ വീഴ്ച വരുത്തുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർ 3 വർഷത്തിൽ കുറയാത്തതും എന്നാൽ 5 വർഷംവരെ യാകാവുന്നതുമായ തടവിനോ 50,000/- രൂപ മുതൽ 2 ലക്ഷംവരെയാകാവുന്ന പിഴ ഒടുക്കുവാനോ ബാധ്യസ്ഥരാകുന്നതാണ്. |
| (ഡി) | റവന്യൂ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | (ഡി) | റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് ഉത്തരമേഖല/ മദ്ധ്യമേഖല/ ദക്ഷിണമേഖല എന്നീ മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. അഴിമതി രഹിത ഭരണ നിർവ്വഹണത്തിനു വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ ഓഫീസ് മേൽ വിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ആഫീസുകൾ ഉൾപ്പെടെയുള്ള മുഴുവൻ റവന്യൂ ആഫീസുകളിലേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും |

കൂടാതെ പൊതു ജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗവൺമെന്റ് ഉത്തരവുകൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ എന്നിവ പ്രാവർത്തിക മാക്കുന്നുണ്ടോ എന്ന് കൂടി വിജിലൻസ് വിഭാഗം പരിശോധനാ വിധേയമാക്കിവരുന്നു.

ലാൻഡ് റവന്യൂ കമ്മീഷണർ, വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ യോഗം കൂടി വിജിലൻസ് ആഫീസുകളിലെ ഫയലുകളിലെ അന്വേഷണ പുരോഗതി വിലയിരുത്തി വരുന്നതും എല്ലാ മാസവും വിവിധ ജില്ലകളിൽ കുറഞ്ഞത് 10 വില്ലേജ് ആഫീസുകളിലെങ്കിലും ആകസ്മിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരം വിജിലൻസ് വിഭാഗം അപ്രകാരം പരിശോധന നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. : **2796** — **13/03/2020**-ൽ മറുപടിയ്ക്ക്

**എസ്ചീറ്റ് & ഫോർഫീച്ചർ നിയമം**

ചോദ്യം :

ശ്രീ. സി. കെ. ശശീന്ദ്രൻ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എസ്ചീറ്റ് & ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വയനാട് ജില്ലയിലെ വുഡ് ലാന്റ് എസ്റ്റേറ്റ് ഭൂമിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ വില്ലേജിൽ പഴയ സർവ്വെ നമ്പർ 519/3, 519/4 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 745.93 ഏക്കർ ഭൂമി (വുഡ് ലാൻഡ് എസ്റ്റേറ്റ്) സർക്കാർ ഉത്തരവ് നമ്പർ. 162/71/ആർ.ഡി തീയതി: 18.06.1971, ജി.ഒ.(എം.എസ്) 427/71/ആർ.ഡി തീയതി: 25.07.1971 എന്നിവ അനുസരിച്ച് എസ്ചീറ്റ് ആന്റ് ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. ഇതിനെതിരെ അന്നത്തെ കൈവശക്കാർ വിവിധ തലങ്ങളിൽ അപ്പീൽ നൽകുകയും, ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 324.95 ഏക്കറിന് കോഴിക്കോട് ജില്ലാ കളക്ടർ 15.07.1976-ന് കുടിയായ്മ അവകാശം നൽകുകയുണ്ടായി. 258.91 ഏക്കർ നിക്ഷിപ്ത വനഭൂമിയായും 7.00 ഏക്കർ പാറയായും 8.48 ഏക്കർ റോഡ് വഴിയുമായി മാറി (ആകെ 599.34 ഏക്കർ). ബാക്കിയുള്ള 146.59 ഏക്കർ ഭൂമി 264 പേർ അനധികൃതമായി കൈവശം വച്ച് അനുഭവിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത 745.93 ഏക്കർ ഭൂമിയിൽ 264 പേർ കൈവശം വെച്ച് അനുഭവിക്കുന്ന 146.59 ഏക്കർ ഭൂമിയിൽ നിന്നും കൈവശക്കാരെ ഒഴിപ്പിക്കൽ അസാധ്യമായതിനാൽ പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിൽ പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ കൈവശക്കാർക്ക് എന്ന് പട്ടയം നൽകാനാകും; | (ബി) | റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ കഴിയില്ലെന്ന സുൽത്താൻ ബത്തേരി സബ് കോടതിയുടെ വിധിയ്ക്കെതിരെ യഥാസമയം അപ്പീൽ നൽകാൻ കഴിയാതെ വന്നതിനാൽ ഇനി അപ്പീൽ നൽകുന്നതിന് സാധ്യതയുണ്ടോയെന്നാരാഞ്ഞതിന് ജില്ലാ ഗവൺമെന്റ് പ്ലീഡർ നൽകിയ നിയമോപദേശം എന്താണെന്ന് വിശദമാക്കാമോ; | (സി) | വുഡ് ലാൻഡ് എസ്റ്റേറ്റ് ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ സാധിക്കില്ലെന്ന സുൽത്താൻബത്തേരി സബ് കോടതി വിധിക്കെതിരെ ഇനി അപ്പീൽ നൽകുന്നതിന് സാധിക്കില്ലെന്ന് വയനാട് ജില്ലാ ഗവൺമെന്റ് പ്ലീഡർ 10.01.2019-ലെ 01/2019/ജി.ഡി നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഫയലിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2797** **13-03-2020 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറുന്നത് തടയൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിനും അവ സാമൂഹ്യപരവും വികസനപരവുമായ ആവശ്യങ്ങൾക്ക് ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) സർക്കാർ വക ഭൂമിയിലെ കൈയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ലെയും, 1958 ലെ അനുബന്ധ ചട്ടങ്ങളിലെയും, 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിൽ മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത ടീം വിവിധ വകുപ്പുകളെ എകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വേയർമാരുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി, അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം ആയത് സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ സ്വീകരിച്ചുവരുന്നു. ടി സർക്കാർ ഉത്തരവിൻപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് സെൽ വഴിയും, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇത്തരത്തിൽ അന്യാധീനപ്പെട്ട സർക്കാർ ഭൂമികൾ വീണ്ടെടുത്ത് വിവിധ പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന കാര്യത്തിൽ അനുവാദം നൽകുന്നത് റവന്യൂ വകുപ്പാണ്. |

സർക്കാരിന്റെ സേവന വകുപ്പുകൾക്ക് പ്രസ്തുത ഭൂമി ആവശ്യമാണെന്നു കണ്ടെത്തുന്ന പക്ഷം ഭൂമി കൈവശമുള്ള വകുപ്പിന്റെ അനുമതി വാങ്ങി, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി നിയമാനുസരണം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വികസനാവശ്യങ്ങൾക്കായി മറ്റു സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ യഥാക്രമം 10,25, 50 സെന്റ് വീതം സേവനവകുപ്പുകൾക്ക് കൈമാറി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിക്കൊണ്ട് 05.06.2018 ലെ ജി.ഒ (പി) 31/18 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിലൂടെ വികസനാവശ്യങ്ങൾക്ക് ഭൂമി കൈമാറുന്ന കാര്യത്തിലുണ്ടായിരുന്ന കാലതാമസം ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ യഥാവിധി തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാധ്യമാക്കുന്നതിനും കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി നിലവിൽ ഇടുക്കി ജില്ലയിൽ വിമുക്ത ഭടൻമാരായ 8 അംഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഗവൺമെന്റ് ലാൻഡ് പ്രൊട്ടക്ഷൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംവിധാനം മറ്റു ജില്ലകളിലും കൂടി നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. സ.ഉ (എം.എസ്) നം. 236/2018/റവ തീയതി 25.06.2018 പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചു കൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡെണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| (സി) പൊതുജനങ്ങൾക്ക് സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (സി) പ്രസ്തുത ടോൾ ഫ്രീ നമ്പർ സംവിധാനം ഇപ്പോൾ നിലവിലില്ലാത്തതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2798** **13-03-2020 ൽ മറുപടിക്ക്**

### മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനത്ത് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം സംബന്ധമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആയതിന് മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10.09.2018 ൽ സ.ഉ (സാധാ) 3778/18/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും, കളക്ടറേറ്റിലും, താലൂക്ക്, വില്ലേജ് ആഫീസുകളിലും അതാത് ആഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഭൂമിയും സർക്കാർ ഇടവഴികളും പുറമ്പോക്ക് ഭൂമിയും കൈയ്യേറി വച്ചിരിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കുവാനും ആയവ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇത്തരം കൈയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 7 (എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും 26/11/2018 ലെ സ.ഉ (സാധാ) 4913/18/റവ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.<br>മേൽ ഉത്തരവുകളുടെ തുടർച്ചയെന്നൊണം 14.11.2018 ലെ എൽ.ആർ.കെ1- 43670/18 നമ്പർ നടപടിക്രമത്തിലൂടെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ജില്ലാതലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതലത്തിലും റവന്യൂ ഡിവിഷൻ തലത്തിലും |

മോണിറ്ററിംഗ് സെൽ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ജില്ലതലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) കൺവീനറായും റവന്യൂ ഡിവിഷൻ തലത്തിൽ റവ്യൂ ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടിനെയും കൺവീനർമാരായി നിശ്ചയിച്ചുകൊണ്ട് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകൃതമായ മോണിറ്ററിംഗ് സെല്ലിന് പ്രത്യേക അധികാരങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ലാത്തതാണ്. എന്നാൽ സർക്കാർ ഭൂമിയിലെ കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകൃതമായ പ്രസ്തുത സെല്ലിന് സംസ്ഥാനത്ത് ആകമാനം വിവിധ ജില്ലകളിൽ ഗവൺമെന്റ് ഭൂമിയിലുള്ള കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ടി കൈയ്യേറ്റങ്ങളിലെ ഒഴിപ്പിക്കൽ നടപടികൾ സസൂക്ഷ്മം നിരീക്ഷിച്ച് പൂർണ്ണതോതിൽ തന്നെ അത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതലകളാണ് ടി സെല്ലിൽ നിക്ഷിപ്തമായിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം ഇതുവരെ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം നാളിതുവരെയായി 2202 കേസുകൾ സംസ്ഥാനത്താകമാനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൽ ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും വിവിധ ഘട്ടങ്ങളിലായി നടപടിയിൽ ഇരിക്കുന്നതുമാണ്. ടി കേസുകളിൽ നിയമാനുസൃതമായ നടപടി പൂർത്തിയായി കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:2802** | **13.03.2020 ൽ മറുപടിയ്ക്ക്**

**<u>ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം</u>**

**ചോദ്യം**
**ശ്രീ.എസ്. രാജേന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേവികുളം താലൂക്കിൽ ആകെ 2060 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>മന്നാങ്കണ്ടം - 783<br>കുഞ്ചിത്തണ്ണി - 287<br>വെള്ളത്തൂവൽ - 205<br>മറയൂർ - 172<br>കാന്തല്ലൂർ - 95<br>കീഴാന്തൂർ - 388<br>പള്ളിവാസൽ - 45<br>ആനവിരട്ടി - 35<br>മാങ്കുളം - 50<br>**ആകെ - 2060** |
| (ബി) | പ്രസ്തുത പട്ടയങ്ങളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ എത്രയെന്നും അവയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കും വ്യക്തമാക്കാമോ; | (ബി) | വിതരണം ചെയ്ത മുഴുവൻ പട്ടയങ്ങളും ലാന്റ് അസൈൻമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്ന പട്ടയങ്ങൾക്ക് കമ്മിറ്റി തീരുമാനത്തിന് ശേഷം ജില്ലാ കളക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ലാന്റ് അസൈൻമെന്റ് കമ്മിറ്റി മുഖേന പട്ടയം നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ; | (സി) | 1964 ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 12(3) പ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയുടെ ലിസ്റ്റ് താലൂക്ക് ഭൂമി പതിവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ശേഷം ശുപാർശയ്ക്കായി ജില്ലാ കളക്ടറുടെ അനുമതിയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. പതിച്ചു നൽകുന്നതിലേയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ വിശദമായി പരിശോധന നടത്തി ഭൂമിയുടെ സ്കെച്ച്, മഹസ്സർ എന്നിവ തയ്യാറാക്കി ഭൂമിയും കൈവശക്കാരനും പതിച്ചു നൽകുന്നതിന് അർഹമാണെന്ന് കണ്ടെത്തിയാൽ ആയവ ചട്ടം 12A പ്രകാരം രൂപീകരിച്ചിട്ടുള്ള താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശുപർശ ചെയ്യുന്നവ ചട്ടം 12(3) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയ്ക്ക് വിധേയമായി പതിച്ചു നൽകുകയും ചെയ്തുവരുന്നു. |
| (ഡി) | ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ നിയമസഭാ സാമാജികരുടെ പങ്കാളിത്തം ഇല്ലാതെ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാന്റ് അസൈൻമെന്റ് കമ്മിറ്റികളിൽ സാമാജികരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല.<br>താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അതാതു താലൂക്കിനേയോ താലൂക്കിൽ ഏതെങ്കിലും ഭാഗത്തേയോ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗം അല്ലെങ്കിൽ നിയമസഭാംഗം അംഗമാണ്. താലൂക്ക് ലാന്റ് അസൈൻമെന്റ് യോഗം ചേരുന്ന വിവരം ബന്ധപ്പെട്ട നിയമസഭാ സാമാജികരെ അറിയാക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2804** — **13-03-2020 ൽ മറുപടിക്ക്**

**പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ; | (എ) ഉണ്ട്. താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തു വരുന്നു. കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിരവധിയായ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുണ്ട്.<br>32000 കാണകുടിയാന്മാരുടെ പട്ടയപ്രശ്നം പരിഹരിച്ചു. കേസുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റിയുടെ അധിക ചുമതല നൽകുകയുണ്ടായി. അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി ഒരു സ്പെഷ്യൽ തഹസിൽദാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ ചുമതല നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തി വരുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റിയിലെ കേസ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ഇതിനകം എത്രപേർക്ക് പട്ടയം നൽകി; ഇനി എത്രപേർക്ക് പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29.02.2020 വരെ 133356 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2020 മാർച്ച് 31 നകം 8057 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള പരിശോധനകൾ നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2805** **13-03-2020 ൽ മറുപടിക്ക്**

**കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം വിതരണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിൽ തീരുമാന മാകാതെയുണ്ടെന്ന് വിശദീകരിക്കുമോ; അവയുടെ ലിസ്റ്റും നടപടിയുടെ പുരോഗതിയും വിശദമാക്കുന്ന പട്ടിക ലഭ്യമാക്കുമോ; | (എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം നൽകാൻ ബാക്കിയുള്ള 5 കേസുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>**1.** എൽ.എ 1-16/19/സി2- രാജേന്ദ്രൻ, കാവനാൽ ലക്ഷം വീട് അയണിവേലികുളങ്ങര<br>പഞ്ചായത്തിന്റെ അനുവാദപത്രിക ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതാണ്.<br>**2.** എൽ.എ 1-6/19/സി2-ലളിത, സുവർണ്ണ വിലാസം, നീണ്ടകര<br>ഹൈവേ വികസനത്തിന് പ്രസ്തുത സ്ഥലം ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു.<br>**3.** എൽ.എ 1-13/19/സി2- രാജേന്ദ്രൻ, പ്രിയാലയം പ്രയാർ തെക്ക്, ക്ലാപ്പന<br>വെള്ളക്കെട്ടുള്ള പ്രദേശമാകയാൽ കൂടുതൽ പരിശോധന ആവശ്യമായി കാണുന്നു.<br>**4.** സി2- 10053/17- മിനി, കളീലിൽ, ചവറ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**5.** സി2-12259/19-ലോറൻസ്, ഗോൺസാൽവസ്, റ്റി.എം. ചിറ, ആലുംപീടിക, ആയിരംതെങ്ങ്, ആലപ്പാട് എന്നിവരുടെ അപേക്ഷ<br>പതിവ് കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>മേൽ വിവരിച്ച 5 കേസുകൾ കൂടാതെ ഓച്ചിറ വില്ലേജിലെ വവ്വാക്കാവ് പുവർഹൗസിംഗ് കോളനിയിലെ താമസക്കാർക്ക് കൂടി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി ലഭിച്ചവർക്ക് പട്ടയം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി കൈവശമുള്ളവരുടെ കൈവശസ്ഥലത്തിന്റെ സ്കെച്ചും മഹസ്സറും താലൂക്ക് സർവ്വെയർ മുഖേന തയ്യാറാക്കിയിട്ടുള്ളതാണ്. ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീടും നൽകിയവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; ഈ ഭൂമിയും വീടും കൈമാറുന്നതിന് നിബന്ധന വല്ലതും നിലവിലുണ്ടോ; വിശദീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീടും നൽകിയവർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ടി ഭൂമിയും വീടും അനന്തരാവകാശ കക്ഷികൾക്ക് ഉൾപ്പെടെ കൈമാറുന്നതിന് പട്ടയം നൽകിയ ദിവസം മുതൽ 12 വർഷക്കാലം പൂർത്തിയാക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ ആയത് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2806** **13-03-2020 ൽ മറുപടിക്ക്**

**പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കോതമംഗലം താലൂക്കിൽ പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം പട്ടാദാർക്ക നല്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 18-07-2019 ലും 03-09-2019 ലും 05-02-2020 ലും ചേർന്ന യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ; | (എ) 17.08.2017 ലെ ജി.ഒ (പി) നം.60/2017/ആർ.ഡി ഭേദഗതി പ്രകാരമുള്ള പട്ടയ ഫാറത്തിലെ വ്യവസ്ഥകളിലെ വ്യവസ്ഥ 2 പ്രകാരം പതിച്ചു കിട്ടുന്ന ഭൂമിയിലെ മരങ്ങളിൽ പട്ടാദാർക്കുള്ള അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റിലെ സെക്ഷൻ 22 പ്രകാരവും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആണ് ഇതു സംബന്ധിച്ച് അവ്യക്തത ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനാവശ്യമായ ഒരു സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 05-02-2020 ൽ റവന്യൂ - വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRO No.621/17 നോട്ടിഫിക്കേഷൻ അനുസരിച്ച് കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിന്നിരുന്നതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടേയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നും പ്രസ്തുത നോട്ടിഫിക്കേഷൻ 2017 മുതൽ നിലവിലുള്ളതിനാൽ പട്ടയ ഫോറത്തിലുള്ള വ്യവസ്ഥകൾ കണക്കാക്കേണ്ടതായി കാണുന്നില്ല എന്ന് തീരുമാനിക്കുകയും ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ വഴി നിർദ്ദേശം നല്കുവാൻ യോഗത്തിൽ ധാരണയായതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത വിഷയത്തിൽ U3/187/Rev എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) യും (ഡി) യും 05.02.2020 ലെ യോഗതീരുമാന പ്രകാരം പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച് സ്പഷ്ടീകരണം നൽകുന്നതിനായി ഒരു സർക്കുലർ പുറപ്പെടുവിക്കുന്ന കാര്യം U3/187/Rev എന്ന ഫയലിൽ പരിശോധിക്കുന്നുണ്ട്. |
| (ഡി) 05/02/2020 ലെ യോഗ തീരുമാന പ്രകാരം പട്ടയഭൂമിയിലെ മരം മുറിയ്ക്കൽ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സർക്കുലർ വഴി വേഗത്തിൽ നിർദ്ദേശം നല്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2807** **13-03-2020 ൽ മറുപടിക്ക്**

**പട്ടയത്തിന്മേൽ അപ്പീൽ നൽകാനുള്ള അവസരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടയം ലഭിച്ച ഭൂമിയിലെ അപാകത സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ അപ്പീൽ നൽകാനുള്ള അവസരം ഭൂമി ഉടമയ്ക്ക് ലഭിക്കുന്ന വിധത്തിൽ നിയമ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത തീരുമാനം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) യും (ബി) യും സർക്കാർ ഭൂമി പതിവ് സംബന്ധിച്ച ഉത്തരവ്/നടപടികളിന്മേൽ അപ്പീൽ ഹർജികൾ യഥാവിധി തീർപ്പാക്കുന്നതിന് കേരള ഭൂമി പതിവ് നിയമം 1960 അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ പതിച്ചു നൽകിയ ഭൂമിയിലെ അപാകത സംബന്ധിച്ച് അപ്പീൽ നൽകുന്നതിന് ടി നിയമത്തിലോ അനുബന്ധ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 2808

13-03-2020 -ൽ മറുപടിക്ക്

## റെഡ് അലർട്ട് പ്രഖ്യാപനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018-ൽ ഉണ്ടായ പ്രളയത്തിന് മുൻപുള്ള ഒരു വർഷം എത്ര ദിവസം സംസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | എ), ബി), സി), & ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | പ്രളയാനന്തരം എത്ര ദിവസം സംസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഇത്തരം ജാഗ്രതാ നിർദ്ദേശങ്ങളിൽ പലതും കൃത്യതയില്ലാത്തതു കാരണം പൊതുജനങ്ങൾ അവയെ ലാഘവത്തോടെ കാണുന്നതിന് ഇടയാക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിൽ കൃത്യത പുലർത്തുന്ന തരത്തിൽ സംസ്ഥാനത്തെ മുന്നറിയിപ്പ് സംവിധാനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം** T2811 13/03/2020- **ൽ മറുപടിയ്ക്ക്**

### ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

**ചോദ്യം**

**ശ്രീ. ഡി.കെ.മുരളി**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ; മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയിൽ നിന്നും നെടുമങ്ങാട് താലൂക്ക് ആഫീസ് മുഖേന എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ധനസഹായം ലഭിച്ചവരുടെ എണ്ണവും തുകയും വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ?

**ഉത്തരം**

**ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) & (ബി) 6088 പേർക്ക് 12,07,93,353 രൂപ നൽകിയിട്ടുണ്ട്. വില്ലേജ് അടിസ്ഥാനത്തിലുള്ള വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വില്ലേജ് | 2016-2017 | | 2017-2018 | | 2018-2019 | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ആനാട് | 105 | 12,43,400 | 99 | 11,12,000 | 160 | 57,35,500 |
| അരുവിക്കര | 102 | 13,65,000 | 105 | 10,33,000 | 97 | 47,71,100 |
| ആര്യനാട് | 160 | 16,00,000 | 135 | 17,60,000 | 99 | 47,46,600 |
| കല്ലറ | 98 | 13,00,000 | 85 | 15,75,000 | 58 | 14,84,800 |
| കരകുളം | 90 | 11,55,000 | 87 | 12,56,000 | 61 | 27,13,900 |
| മാണിക്കൽ | 95 | 12,25,000 | 78 | 9,03,000 | 68 | 19,80,400 |
| നെല്ലനാട് | 105 | 13,00,000 | 113 | 15,99,000 | 71 | 32,01,200 |
| പനവൂർ | 65 | 7,65,500 | 58 | 6,63,000 | 33 | 14,49,400 |
| പാങ്ങോട് | 110 | 9,62,000 | 118 | 11,78,000 | 85 | 47,24,900 |
| പെരിങ്ങമ്മല | 80 | 8,98,000 | 64 | 9,99,000 | 53 | 21,78,900 |
| പുല്ലമ്പാറ | 65 | 5,05,553 | 45 | 6,00,000 | 32 | 9,56,700 |
| പാലോട് | 75 | 9,43,000 | 63 | 7,76,000 | 49 | 18,44,000 |
| തൊളിക്കോട് | 99 | 13,11,000 | 92 | 12,26,000 | 78 | 38,22,500 |
| ഉഴമലയ്ക്കൽ | 120 | 14,60,000 | 114 | 15,36,000 | 104 | 74,86,000 |
| വാമനപുരം | 100 | 12,70,000 | 99 | 11,75,000 | 52 | 18,04,800 |
| വെള്ളനാട് | 137 | 10,63,000 | 105 | 11,11,000 | 108 | 61,02,200 |
| വെമ്പായം | 82 | 8,96,000 | 68 | 7,75,000 | 77 | 11,20,500 |
| വിതുര | 88 | 6,44,000 | 77 | 8,75,000 | 69 | 14,29,200 |
| കോലിയക്കോട് | 65 | 11,60,000 | 75 | 10,65,000 | 51 | 14,99,800 |
| വട്ടപ്പാറ | 70 | 11,75,000 | 68 | 8,00,000 | 72 | 30,16,700 |
| കരിപ്പൂർ | 85 | 9,45,000 | 88 | 8,65,000 | 68 | 19,80,400 |
| നെടുമങ്ങാട് | 98 | 12,85,600 | 105 | 12,42,000 | 116 | 32,03,600 |
| തെന്നൂർ | 65 | 4,05,000 | 45 | 3,23,000 | 26 | 4,58,200 |
| കുറുപുഴ | 40 | 5,95,000 | 54 | 4,45,000 | 25 | 6,89,000 |
| തേക്കട | 45 | 6,55,000 | 60 | 5,97,000 | 32 | 7,77,000 |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2813 — 13-03-2020 -ൽ മറുപടിക്ക്

**ദുരന്തനിവാരണ സംവിധാനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. എം. മുകേഷ്** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ദുരന്തനിവാരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ), ബി), & സി) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | ദുരന്തനിവാരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| സി) | വരൾച്ചാ കാലത്ത് തടസ്സരഹിതമായ കുടിവെള്ള വിതരണത്തിനും കന്നുകാലികളുടെയും മറ്റു മൃഗങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

13-03-2020 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2815

## ദുരന്തനിവാരണവകുപ്പ് കാസർഗോഡ് ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ദുരന്തനിവാരണവകുപ്പ് കാസർഗോഡ് ജില്ലയ്ക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ റോഡുകളുടേയും മറ്റ് എടുപ്പുകളുടേയും പുനരുദ്ധാരണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; | എ) | 2017-18-ൽ 1,95,72,502/- രൂപയും 2018-19-ൽ 3,10,00,000/- രൂപയും 2019-20-ൽ 2,50,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത തുക മുഴുവനായി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | 2017-18-ൽ 86,80,241/- രൂപയും 2018-19-ൽ 2,42,12,091/- രൂപയും 2019-20-ൽ ഇതുവരെ 1,45,56,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| സി) | യഥാസമയം നടപടികൾ പൂർത്തിയാക്കാത്തത് കാരണം എത്ര പ്രവൃത്തികൾ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | 2017-18 മുതൽ 71 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ റദ്ദായിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കാൻ സാധിക്കാത്ത പ്രവൃത്തികളും സമയബന്ധിതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനാനുമതി ലഭ്യമാക്കി എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാതിരുന്ന പ്രവൃത്തികളും ഇപ്രകാരം റദ്ദായിട്ടുണ്ട്. |
| ഡി) | ഇത്തരത്തിൽ പണം ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം ജില്ലാ ഭരണകൂടം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | ഡി) & ഇ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ചാണ് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ ഭാഗികമായി നിർവ്വഹണം നടത്തിയവയ്ക്ക് പാർട്ട് |
| ഇ) | ഇത്തരം പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതോടൊപ്പം തുടർന്ന് പണം | | |

| | | | |
|---|---|---|---|
| | നഷ്ടപ്പെടാതെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | | ബിൽ പേയ്മെന്റോ അനുവദിക്കാനാകില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് ബിൽ തുക മാറി നൽകാൻ സാധിക്കുന്നത്. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി നഷ്ടപ്പെടുന്ന സാഹചര്യമില്ല. അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നത് ഉറപ്പാക്കുന്നതിനായി ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം എഗ്രിമെന്റ് വയ്ക്കുന്നതിനും ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിനായി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പ്രവൃത്തി നടത്തുന്നതിലെ പുരോഗതി നിരന്തരം പരിശോധിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2818 13.03.2020-ൽ മറുപടിക്ക്

## നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള പാലക്കാട് ജില്ലയിലെ അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ പാലക്കാട് ജില്ലയിലെ ബന്ധപ്പെട്ട വിവിധ ഓഫീസുകളിൽ കെട്ടികിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നിലവിൽ വന്ന 12.08.2008-ന് ശേഷം ഭൂമി വാങ്ങിച്ചവരുടെ പരിവർത്തനാനുമതി അപേക്ഷകൾ കൃഷി ഭവനുകളിലും, പ്രിൻസിപ്പൽ കൃഷി ഓഫീസിലും ലഭിച്ചിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 06.06.2017-ലെ WP(C) 3466/2017-ാം നമ്പർ വിധിന്യായത്തിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെയും അടിസ്ഥാന ത്തിൽ പുറപ്പെടുവിച്ച REV-P1/248/2019-REV നമ്പർ സർക്കുലർ പുറപ്പെടുവിച്ചതിനു ശേഷവും ലഭിച്ച ഇപ്രകാരമുള്ള അപേക്ഷകളും ടി ആഫീസുകളിൽ തീർപ്പാക്കാൻ നിലവിലുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിച്ച് ഉടൻ ഉത്തരവ് നൽകുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ആഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിന്മേൽ അനുമതി ഉത്തരവോ, നിരസന ഉത്തരവോ സമയബന്ധിതമായി നല്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്ത മാക്കാമോ? | (ബി) പ്രാദേശികതല നിരീക്ഷണ സമിതി തീരുമാനമെടുത്ത് ജില്ലാതല സമിതിക്ക് സമർപ്പിച്ച അപേക്ഷകൾ ജില്ലാതല സമിതി കൂടി ഉടൻ തീർപ്പാക്കുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2819 — 13.03.2020-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭേദഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്ന 2008 ആഗസ്റ്റ് 12-ന് ശേഷം നിലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിനായി അത് പരിവർത്തനം ചെയ്ത് അനുമതി നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ബഹു.കേരള ഹൈക്കോടതിയുടെ 6/6/2017 ലെ ഡബ്ല്യു.പി.(സി)-3466/17 നമ്പർ കേസിലെ വിധിന്യായത്തിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നശേഷം നെൽവയലിന്റെ ഉടമസ്ഥരായവർക്ക് ആക്ട് 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. അതിനാൽ ഇപ്രകാരമുള്ള നെൽവയലിന്റെ ഉടമസ്ഥർക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകാൻ നിർവ്വാഹ മില്ലാത്തതാണ്. ഈ സാഹചര്യത്തിൽ 12/08/2008 ന് ശേഷം നിലം (നെൽവയൽ) വാങ്ങിയവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/ പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ലെന്ന് 17/02/2020-ലെ Rev-P1/248/2019-Rev നമ്പർ ആയി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമത്തി ലെന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമഭേദഗതികൾ ഒന്നും തന്നെ വരുത്തിയിട്ടില്ലാത്തതാണ്. |
| (സി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് 1990 കളിലും അതിന് മുമ്പും സർക്കാർ അനുമതിയോടെ പണിത വീടുകൾ ഉപയോഗ ശൂന്യമായാൽ അതിന്റെ പുനർനിർമ്മാണത്തിന് അനുമതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥ എന്താണ് എന്നറിയി ക്കാമോ? | (സി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തി യിട്ടുള്ളതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' എന്ന വിഭാഗത്തിൽ ഉൾപ്പെട്ടു വരുന്നു. ഇപ്രകാരമുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിന്/ പുനർനിർമ്മാണത്തിന് ആഗ്രഹിക്കുന്ന പക്ഷം, റവന്യൂ ഡിവിഷണൽ ആഫീസർക്ക് നിർണ്ണയിക്ക പ്പെടാവുന്ന രീതിയിൽ അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്. കൂടാതെ 2008-ന് മുൻപ് നികത്തിയതോ നികന്നു കിടക്കുന്നതോ ആയതും |

ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയോ, ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചു നീക്കുകയോ ചെയ്യുന്നിടത്ത് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനും, നിലവിലുള്ള കെട്ടിടം ക്രമവൽക്കരിച്ചു നൽകുന്നതിനും പുതുക്കിവയ്ക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/12/2016 ലെ 994733/ആർ.എ 1-16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 23/08/2019 ലെ ദുരന്തനിവാരണ (എ) വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(കൈ) നമ്പർ 25/2019/ഡി.എം.ഡി ഉത്തരവിൽ പ്രസ്തുത സ്ഥലം ദുരന്ത സാദ്ധ്യതാമേഖലയിൽ ആണെന്ന് ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയോ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2820 — 13.03.2020-ൽ മറുപടിക്ക്

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം 12.08.2008- ന മുൻപ് നികത്തിയതും 12.08.2008- ന ശേഷം കൈവശാവകാശം സിദ്ധിച്ചിട്ടുള്ളതുമായ സാധാരണക്കാരായ ഭൂഉടമകൾ വീട് വയ്ക്കുന്നതിനുള്ള അനുമതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇക്കാര്യം പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 3466/17 നമ്പർ കേസിലെ 6.6.17 ലെ വിധിന്യായത്തിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നെൽവയൽ വാങ്ങുന്നവർക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്രകാരമുള്ള ഭൂവുടമകൾക്ക് അനുമതി നൽകാൻ നിർവ്വാഹമില്ലാത്തതാണ്. എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയ്ക്ക് ഈ വ്യവസ്ഥ ബാധകമല്ലാത്തതാണ്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 17.02.2020 തീയതിയായുള്ള REV-P1/248 /2019-REV നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ആഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2822 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

### പൊതു നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡ്/പാലം തുടങ്ങിയ പൊതു നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സ്ഥലം ഏറ്റെടുക്കുമ്പോൾ നടത്തുന്ന സാമൂഹ്യ ആഘാതപഠനം വലിയ തോതിലുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ മാത്രമായി പരിമിതപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) | എൽ.എ.ആർ.ആർ.ആക്ട്, 2013 സെക്ഷൻ 40 അനുസരിച്ചുള്ള അടിയന്തര സാഹചര്യത്തിലുള്ള ഭൂമി ഏറ്റെടുക്കലുകൾക്ക് മാത്രമേ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ നിന്നും ഒഴിവാക്കാൻ കഴിയുകയുള്ളൂ. മറ്റുള്ള ഭൂമി ഏറ്റെടുക്കലിൽ നിർബന്ധമായും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ ശേഷം മാത്രമേ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | സ്ഥലം ഉടമകൾ ഡയറക്ട് പർച്ചേസ്/നെഗോഷ്യേറ്റഡ് പർച്ചേസിനു തയ്യാറാകുന്ന സാഹചര്യത്തിൽ അപ്രകാരം സ്ഥലം ഏറ്റെടുക്കുന്നത് സർക്കാർ പരിഗണിക്കുമോ; | (സി) | LARR Act -ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോംപൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലം ഏറ്റെടുത്ത് നൽകാറുണ്ട്. പ്രസ്തുത കേസുകളിൽ സെക്ഷൻ 19(1) അനുസരിച്ചുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചതിനു ശേഷമാണ് DLFC-ൽ ഭൂവുടമകളുമായി ചർച്ച നടത്തുന്നത്.<br><br>കൂടാതെ ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന അവസരങ്ങളിൽ ആയതിന് അനുമതി നല്കാറുണ്ട്. അത്തരം കേസുകളിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം |

| | | | |
|---|---|---|---|
| | | | 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനു വിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്. |
| (ഡി) | റോഡ്/പാലം തുടങ്ങിയ പൊതു നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം വേഗത്തിൽ ഏറ്റെടുത്ത് നൽകി പദ്ധതി പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം ലഭ്യമാക്കുന്നത് പരിഗണിക്കുമോ? | (ഡി) | എൽ.എ.ആർ.ആർ ആക്റ്റ്, 2013 പ്രതിപാദിക്കുന്ന സമയപരിധിക്കുള്ളിൽ പരമാവധി സമയം കുറച്ച് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2824 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

## പൊതു ആവശ്യങ്ങൾക്ക് സ്വകാര്യ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ട പരിഹാര തുക കണക്കാക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ; | (എ) യും (ബി) യും | എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 26,27,28,29,30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 26-ൽ താഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.<br>(എ) സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അതതു സംഗതികളിൽ തീറാധാരങ്ങൾക്കോ വില്പന കരാറുകൾക്കോ 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് 2 പ്രകാരമുള്ള കമ്പോളവില നിശ്ചയിക്കാവുന്നതാണ്.<br>(ബി) സമീപത്തുള്ള വില്ലേജിലോ സമീപ പ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന അതേ പോലെയുള്ള സമാനരീതിയിലുള്ള സ്ഥലങ്ങൾക്കുള്ള ശരാശരി വില്പനവില കണക്കാക്കാവുന്നതാണ്.<br>(സി)സ്വകാര്യ കമ്പനികൾക്കോ പൊതു സ്വകാര്യ/കൂട്ടുടമസ്ഥ പ്രോജക്ടുകൾക്കോ വേണ്ടി ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ 2-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൻകീഴിൽ ധാരണാപത്രം സമ്മതിച്ചുറപ്പിച്ചിട്ടുള്ള നഷ്ടപരിഹാര തുക ഇവയിലേതാണോ കൂടുതൽ ആയത് കമ്പോളവിലയായി നിശ്ചയിക്കുന്നു.<br><br>കമ്പോളവില തീരുമാനിക്കുന്ന തീയതി പ്രാഥമിക വിജ്ഞാപനം 11(1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 26 (എ) പ്രകാരമുള്ള മാനദണ്ഡം മിക്കവാറും സംഗതികളിൽ 26 (ബി) പ്രകാരമുള്ള മാനദണ്ഡത്തിനെക്കാൾ കുറവായാരിക്കും. 26 (സി) പ്രകാരമുള്ള മാനദണ്ഡമനുസരിച്ചുള്ള ധാരണാപത്രം ലഭ്യമാകുവാനുള്ള സാധ്യതയും വിരളമാണ്. ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നതിന് 26(ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടു മുന്നിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാൻ |
| (ബി) | വിവിധ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നതിന് ഒരേ രീതി തന്നെയാണോ സ്വീകരിച്ചുവരുന്നത്; വ്യത്യാസം ഉണ്ടെങ്കിൽ അത് കണക്കാക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ? | | |

ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥങ്ങളായ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വിൽപന വിലയായി കണക്കാക്കി ഭൂമി വില നിശ്ചയിക്കുന്നു.

ഈ കമ്പോളവിലയോടൊപ്പം നഗര പ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100% ന തുല്യമായ തുക സോലേഷ്യം ആയും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുക സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഭൂമി കൈവശത്തിൽ എടുക്കുന്ന തീയതിവരെയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് എന്ന് നോക്കി ഈ കാലയളവിൽ 12% പലിശയും നൽകുന്നു.

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസുകളിൽ എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്റ്റ് ലെവൽ ഫെയർ കോംപൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി എൽ.എ.ആർ.ആർ ആക്ടിലെ മാനദണ്ഡം 26(b) യെക്കാൾ കൂടിയവില അനുവദിച്ചുനൽകാറുണ്ട്.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2825 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അടിസ്ഥാന സൗകര്യ വികസന ങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടികൾ ആയിട്ടുണ്ടോ; | (എ) | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിത പ്പെടുത്തുന്നതിന് എല്ലാ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാൻഡ് അക്വിസിഷൻ ഓഫീസർമാരുടെയും അർത്ഥനാധികാരികളുടെയും യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. കോടതി കേസുകളും പൊതു ജനങ്ങളുടെ എതിർപ്പും കാരണമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടു പോകുന്നത്. 2013-ലെ RFCTLARR ആക്ടിൽ നിഷ്കർഷിക്കുന്ന സമയപരിധിയ്ക്കുള്ളിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ സ്ഥാപനങ്ങൾ പരസ്പരം ഭൂമി കൈമാറ്റം ചെയ്യാൻ ഉള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് KSTP യ്ക്ക് കൈമാറുന്നതിന് 3.4.2017-ലെ സ.ഉ(കൈ) 105/17/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴികെയുള്ള സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്ക് ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ പു:നർ നിർമ്മിച്ചു നൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയോടെ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി നൽകുന്നതിന് 26/08/2017-ലെ 302/17/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യക്ക് കൈമാറി നൽകുന്നതിന് 24.11.2018-ലെ 175/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.<br>ഭൂമി കൈമാറുന്നതിനുള്ള കാലതാമസം വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി കൈമാറുന്നതിന് 5.6.2018-ലെ ജി.ഒ(പി)31/18/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് 01.11.2018-ലെ എൽ.ആർ.കെ 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2826 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിനായി വസ്തു ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; റാന്നി, അങ്ങാടി വില്ലേജുകളിലെ എത്ര വസ്തു ഉടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരിക; ഓരോ വില്ലേജിലും ആകെ എത്ര വസ്തു ഏറ്റെടുക്കണമെന്ന് വിശദമാക്കാമോ; | (എ) | റാന്നി പാലത്തിന്റെ അപ്രോച്ച് റോഡിനായി അങ്ങാടി വില്ലേജിൽ നിന്നും 9.8 ആർ ഭൂമിയും റാന്നി വില്ലേജിൽ നിന്നും 57.00 ആർ ഭൂമിയും എൽ.എ . ആർ . ആർ ആക്ട്, 2013 പ്രകാരം. ഏറ്റെടുക്കുന്നതിനുള്ള അനുമതി 31/10/2019 ലെ സ.ഉ (സാധാ) നം 3120/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും, സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (ബി) | വസ്തു ഏറ്റെടുത്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്തൊക്കെ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; | (ബി) | വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ യാതൊരു തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വസ്തു ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടിയാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; | (സി) | ആർ. എഫ്. സി. റ്റി.എൽ.എ.ആർ. ആർ ആക്ട്, 2013 പ്രകാരം സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് വസ്തു ഏറ്റെടുക്കൽ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | 2021 ജൂൺ മാസത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2826 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

### റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിനായി വസ്തു ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; റാന്നി, അങ്ങാടി വില്ലേജുകളിലെ എത്ര വസ്തു ഉടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരിക; ഓരോ വില്ലേജിലും ആകെ എത്ര വസ്തു ഏറ്റെടുക്കണമെന്ന് വിശദമാക്കാമോ; | (എ) | റാന്നി പാലത്തിന്റെ അപ്രോച്ച് റോഡിനായി അങ്ങാടി വില്ലേജിൽ നിന്നും 9.8 ആർ ഭൂമിയും റാന്നി വില്ലേജിൽ നിന്നും 57.00 ആർ ഭൂമിയും എൽ-എ . ആർ . ആർ ആക്റ്റ്, 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുമതി 31/10/2019 ലെ സ.ഉ (സാധാ) നം 3120/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും, സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | വസ്തു ഏറ്റെടുത്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്തൊക്കെ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; | (ബി) | വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ യാതൊരു തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വസ്തു ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടിയാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; | (സി) | ആർ. എഫ്. സി. റ്റി.എൽ.എ.ആർ. ആർ ആക്റ്റ്, 2013 പ്രകാരം സാമൂഹ്യാഘാത പഠന യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് സമുചിത സർക്കാർ തീരുമാനം കൈകൊണ്ട് എൽ.എ.ആർ.ആർ ആക്റ്റ്, 2013-ലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് വസ്തു ഏറ്റെടുക്കൽ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | 2021 ജൂൺ മാസത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2831 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

### മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കരവാലിൽ കോളനിയിലേക്കുള്ള വഴിയ്ക്കായി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര വാലിൽ കോളനിയിലേക്കുള്ള വഴിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തദ്ദേശവകുപ്പിന്റെ അനുമതി ലഭ്യമായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ (സാധാ) നം.2493/2019/ത.സ്വ.ഭ തീയതി 07.11.2019 പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | ടി വഴിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി റവന്യൂ വകുപ്പിന്റെ അനുമതി കൂടി ലഭിക്കേണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ടി അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ അടിയന്തര തീരുമാന മെടുക്കുമോ; ഇതിനാവശ്യമായ നടപടികൾ വ്യക്തമാക്കുമോ? | (സി) | വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്ന തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.12.2019-ലെ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അർത്ഥന പഴയനിയമപ്രകാര മായതിനാൽ പുതിയ നിയമപ്രകാരമുള്ള അർത്ഥന, അലൈൻമെന്റ് സ്കെച്ച് എന്നിവ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ 03.01.2020-ലെ ജി2-4014/19(1) നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയുണ്ടായി. പുതുക്കിയ അർത്ഥന, അലൈൻമെന്റ് സ്കെച്ച് എന്നിവ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് 14/02/2019-ലെ ജി.ഒ(എം.എസ്) നം. 56/2019/ആർ.ഡി ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:2833** **13.03.2020 ൽ മറുപടിയ്ക്ക്**

**<u>ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം</u>**
**ശ്രീ.അനിൽ അക്കര**

**<u>മറുപടി</u>**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 1964-ലെ ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിരോധനം സംസ്ഥാനം മുഴുവനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ WP(C)17983/2019 നമ്പർ കേസിലെ 30/01/2019 - ലെ വിധി ന്യായത്തിൽ സംസ്ഥാനമൊട്ടുക്കുമുള്ള പട്ടയഭൂമിയിലെ നിർമ്മാണങ്ങൾക്ക് ഏത് ആവശ്യത്തിനാണ് ഭൂമി അനുവദിച്ചതെന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കൂടുതൽ സമയം അനുവദിക്കണമെന്ന് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2834 — 13-03-2020 ൽ മറുപടിക്ക്

"വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ"

ചോദ്യം — മറുപടി

ശ്രീ. സി. ദിവാകരൻ — ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികസന ആവശ്യങ്ങൾക്കായി രണ്ട് സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി നിശ്ചിത മാതൃകയിലെ അർത്ഥനാപത്രത്തോടൊപ്പം ഗവൺമെന്റിൽ നിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ടിന്റെ വിവരം എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കൈമാറുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മറ്റേതെങ്കിലും വകുപ്പുകളുടെ കൈവശത്തിലുള്ളതാണ് എങ്കിൽ ടി വകുപ്പുകളുടെ എൻ ഒ സി സഹിതമുള്ള പ്രസ്തുത റിക്വിസിഷനിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) തഹസീൽദാരിൽ നിന്നും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തരം ശേഖരിച്ച് ജി.ഒ (പി) 31/18 തീയതി 05/06/2018 പ്രകാരം ജില്ലാ കളക്ടർമാർക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്ത പക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നതും സർക്കാർ അനുമതിയ്ക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനയോടൊപ്പം സമർപ്പിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത / സ്വായാർജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ ശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നല്കാൻ നിയമം അനുശാസിക്കുന്നുള്ളൂ. അപ്രകാരം നിയമപരമായ നടപടികൾ പൂർത്തിയാക്കുന്നതിന് ചെറിയ തോതിൽ കാലതാമസം നേരിടുന്നുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2835** **13-03-2020 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ.എം. സി. കമറുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായി സി & എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സി & എ.ജി. റിപ്പോർട്ടിൽ സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായുള്ള പരാമർശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല എന്ന സി & എ.ജി. റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) കെ.എൽ.ആർ ആക്ട് നിലവിൽ വന്നതു മുതൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിവരങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല എന്നാണ് സി&എ.ജി പരാമർശിച്ചിരിക്കുന്നത്. താലൂക്ക് ലാൻഡ് ബോർഡിൽ സൂക്ഷിക്കേണ്ട ഫൈനൽ ഓർഡർ രജിസ്റ്ററിൽ (ഫാറം 46) ഏറ്റെടുക്കേണ്ട മിച്ചഭൂമി സംബന്ധിച്ചും താലൂക്ക് ഓഫീസിൽ ഫാറം 15 ൽ ഏറ്റെടുത്ത മിച്ചഭൂമി സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. എന്നാൽ പ്രസ്തുത കണക്കുകളിൽ വൈരുദ്ധ്യം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനും ഏറ്റെടുത്ത മിച്ചഭൂമി, ഏറ്റെടുക്കുവാൻ ശേഷിക്കുന്ന മിച്ചഭൂമി, വിതരണം ചെയ്തതും ചെയ്യുവാൻ ശേഷിക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ, പൊതു ആവശ്യത്തിന് നീക്കിവെച്ച് ഉത്തരവാകുന്ന ഭൂമിയുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഒരു ഡാറ്റാബേസ് എല്ലാ താലൂക്ക് ഓഫീസുകളിലും താലൂക്ക് ലാൻഡ് ബോർഡുകളിലും തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ലാൻഡ് ബോർഡിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:2837** **13.03.2020 ൽ മറുപടിയ്ക്ക്**

**<u>മൂന്നാറിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ പട്ടയം</u>**

**<u>ചോദ്യം</u>**

**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**

**<u>മറുപടി</u>**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മൂന്നാറിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും, അതിൽ നിർമ്മിച്ച കെട്ടിടം വ്യവസ്ഥക്ക് വിധേയമായി പാട്ടത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | 22-08-19-ലെ സ.ഉ(കൈ)269/2019/റവ നമ്പർ ഉത്തരവിൻ പ്രകാരം വ്യവസ്ഥകളോടെ പട്ടയ ഭൂമിയിലുള്ള അനധികൃത നിർമ്മാണങ്ങൾ സാധൂകരിച്ച് നൽകുന്നതിനും വ്യവസ്ഥകൾ പാലിക്കാത്ത നിർമ്മിതികൾ ഏറ്റെടുത്ത് പാട്ടത്തിന് നൽകുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയ പട്ടയഭൂമിയിൽ ഉപജീവനത്തിന് ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിയിൽ താഴെയുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിന് 1964-ലെ ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | അനധികൃതമായി നൽകിയ പട്ടയങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി അതിന്റെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br>ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ അനധികൃതമായി ഭൂമി കയ്യേറി വ്യാജപട്ടയം സംഘടിപ്പിക്കുന്ന വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27/04/19-ലെ സ.ഉ(കൈ)124/19/റവ., പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 31/05/2019-ലെ സ.ഉ.(കൈ)157/2019/റവ |

| | | | |
|---|---|---|---|
| | | | നമ്പർ പ്രകാരം തുടർ നടപടി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയപരിശോധന സംബന്ധിച്ച് അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.<br>കൂടാതെ ദേവികുളം താലൂക്ക് ഓഫീസിൽ അഡീഷണൽ തഹസിൽദാരുടെ ചുമതല വഹിച്ചിരുന്ന ശ്രീ.എം.ഐ.രവീന്ദ്രൻ അനുവദിച്ചു നൽകിയ പട്ടയങ്ങളുടെ പരിശോധനയ്ക്കായി ദേവികുളം താലൂക്ക് ഓഫീസിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ സർവ്വെയർ ഉൾപ്പെടെ 5 പേരടങ്ങുന്ന 2 സംഘത്തെ ചുമതലപ്പെടു-ത്തിയിട്ടുള്ളതും, ടി സംഘം പട്ടയ പരിശോധന നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.269/2019/റവ. തീയതി,തിരുവനന്തപുരം, 22/08/2019

==================================================================

പരാമർശം (1) ബഹു.ഹൈക്കോടതിയുടെ WP(C) 1801/2010 നമ്പർ കേസിലെ 21/01/2010-ലെ ഉത്തരവ്.

(2) ഇടുക്കി ജില്ലാ കളക്ടറുടെ 9/06/2016, 01/08/2016 എന്നീ തീയതികളിലെ C4-25908/2015 നമ്പർ സർക്കുലറുകൾ

(3) 20/10/18-ലെ സ.ഉ(കൈ) 381/18/റവ നമ്പർ ഉത്തരവ്

(4) ഊർജ്ജ (ബി) വകുപ്പിന്റെ 6/5/2019 ലെ സ.ഉ.(സാധാ) നം.77/2019/PD നമ്പർ ഉത്തരവ്.

(5) ഊർജ്ജ (ബി) വകുപ്പിന്റെ 30/07/2019 ലെ സ.ഉ.(സാധാ) നം.113/2019/PD നമ്പർ ഉത്തരവ്.

(6) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 01/08/2019-ലെ AAG-RT/WP(C) 1801/10 നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ മൂന്നാർ ഉൾപ്പെടെയുള്ള മേഖലയിലെ അനധികൃതമായി ഭൂമി കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നതു സംബന്ധിച്ച് One earth One life എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ പരാമർശം (1) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മൂന്നാർ മേഖലയിൽ പരിസ്ഥിതിക്ക് കോട്ടം തട്ടുന്നതരത്തിലുള്ള കയ്യേറ്റം നടത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ, ഖനന പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നതായി പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ മൂന്നാർ മേഖലയിൽ റവന്യൂ വകുപ്പിന്റെ No Objection Certificate ഇല്ലാതെയും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്ന് റവന്യൂ തദ്ദേശ സ്വയം ഭരണ, പൊലീസ്, വനം വകുപ്പുകളുടെ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിക്കൊണ്ടും അപ്രകാരം സർട്ടിഫിക്കറ്റ്

അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. കെ.ഡി.എച്ച്, പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ 8 വില്ലേജുകളെയാണ് മൂന്നാർ പ്രദേശം എന്ന് പരിഗണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC വേണം എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ സാധുത, ടി ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിഗണിച്ചാണ് NOC അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നത്. NOC യ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സ്വന്തം ഗൃഹ നിർമ്മാണത്തിന് NOC ലഭിക്കുന്നതിന് ജനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി, സ്വന്തം താമസാവശ്യത്തിനുള്ള ഗൃഹനിർമ്മാണത്തിന് NOC അനുവദിക്കുന്നതിന് അതാത് തഹസിൽദാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. എന്നാൽ NOC ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പതിച്ചു നൽകിയിട്ടുള്ള ഭൂരിഭാഗം സ്ഥലങ്ങളും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് (01.01.1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ളതാണ്. ഇപ്രകാരം പട്ടയം നൽകിയിട്ടുള്ള ഭൂമിയിൽ കൃഷി, ഗൃഹനിർമ്മാണം, beneficial enjoyment എന്നിവയ്ക്കാണ് പട്ടയം അനുവദിക്കുന്നത്. 1993 ലെ ചട്ടങ്ങളിൽ ചെറിയകടയ്ക്ക് കൂടി പട്ടയം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മേൽ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭ്യമായിട്ടുള്ള ഭൂമിയിൽ, വാണിജ്യാവശ്യത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് NOC അനുവദിക്കാൻ കഴിയില്ല.

4. ബഹു.ഹൈക്കോടതിയുടെ 21.01.2010-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എട്ടു വില്ലേജുകളിലെ പഞ്ചായത്ത് കാര്യാലയങ്ങൾ, KSEB തുടങ്ങിയ സ്ഥാപനങ്ങൾക്ക് മതിയായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർ നൽകിയിട്ടുള്ളതാണ്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനായി റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം ഇല്ലാതെ വൈദ്യുതി കണക്ഷൻ അനുവദിക്കരുതെന്ന നിർദ്ദേശം നൽകിയിരുന്നു. കാർഷിക, താമസ ആവശ്യങ്ങൾക്കായി മാത്രം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചും ബഹു.ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശം ലംഘിച്ചും വാണിജ്യാവശ്യത്തിനായി ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളവയ്ക്ക് (ഹോട്ടൽ, റിസോർട്ടുകൾ തുടങ്ങിയവ) മേൽ പരാമർശിച്ച എട്ടു വില്ലേജുകളിൽ, ഗാർഹികം, ജലസേചനം, കൃഷി, വ്യവസായം, വാണിജ്യം എന്നീ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം ഇല്ലാതെ തന്നെ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം വൈദ്യുതി വകുപ്പ് അനുമതി നൽകിയെങ്കിലും പിന്നീട് പരാമർശം (5) പ്രകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

5. പ്രസ്തുത സർക്കാർ ഉത്തരവ്, പരാമർശം (1) ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് വിരുദ്ധമാകയാൽ One Earth One Life എന്ന സംഘടന വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും മേൽ ഉത്തരവിനെതിരെ Contempt of Court Case ഫയൽ ചെയ്യുകയും ഉണ്ടായി. WP(C) 1801/2010 കേസ് 15/7/2019-ൽ ബഹു. കോടതി വീണ്ടും പരിഗണിക്കുകയുണ്ടായി. മൂന്നാറിലെ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയവും മൂന്നാറിന് പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയവും സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നുള്ള വിവരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കൂടാതെ 17.6.2019-ൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ.M.I.രവീന്ദ്രൻ ഡെപ്യൂട്ടി തഹസിൽദാർ, അഡീഷണൽ തഹസിൽദാരുടെ ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ഒപ്പിട്ട് നൽകിയിട്ടുള്ള പട്ടയങ്ങൾ ഓരോന്നിന്റെയും അർഹത വെവ്വേറെ പരിശോധിച്ച് അർഹരായവർക്ക് പുതിയ പട്ടയം അനുവദിക്കുന്നതിനും അനർഹരായവർക്ക് അനുവദിച്ചിരിക്കുന്ന പട്ടയങ്ങൾ ഉടനടി റദ്ദ് ചെയ്യുന്നതിനും ടി തീരുമാനം നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുള്ള വിവരവും ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായെന്നും പ്രസ്തുത നിർദ്ദേശം പരിഗണിച്ച ബഹു.കോടതി 'Government has to take concrete and effective steps to ensure that the land issue in the Munnar Area is taken to finality and settled' എന്ന് നിർദ്ദേശിച്ചിട്ടുള്ളതായും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

6. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സർക്കാർ ഭൂമി കയ്യേറിയവ, വീടിനും കൃഷിക്കുമായി പട്ടയം അനുവദിച്ചതും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതുമായ തുണ്ടു ഭൂമികൾ അത് പതിച്ചു കിട്ടിയവരിൽ നിന്നും കൈമാറ്റം ചെയ്തു വാങ്ങി ഒന്നിച്ചുചേർത്തിട്ടുള്ളവ, പതിച്ചു നൽകപ്പെട്ടിട്ടുള്ള ഭൂവിനിയോഗ വ്യവസ്ഥയിൽ നിന്നും വിഭിന്നമായ ആവശ്യത്തിന് ഉപയോഗിക്കുന്നവ, പട്ടയത്തിന്റെ നിബന്ധനകൾ ലംഘിക്കപ്പെടുകയോ, WP(C) 1801/2010 നമ്പർ കേസിൽ 21.01.2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിരാക്ഷേപ പത്രം, നിർമ്മാണ അനുമതി എന്നിവ ഇല്ലാത്തവയോ ആയ നിർമ്മിതികൾ എന്നിങ്ങനെയുള്ളവ അനധികൃത കൈവശ ഭൂമിയായി പരിഗണിച്ച് വാഗമൺ ഉൾപ്പെടെ ഇടുക്കി ജില്ലയുടെ മൊത്തം കൈയ്യേറ്റങ്ങൾ പട്ടികപ്പെടുത്തി ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
2. 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെൻറിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് വേണ്ടി മാത്രം

ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ തറവിസ്തൃതിയുള്ള (പ്ലിന്ത് ഏരിയ) കെട്ടിടം മാത്രമാണുള്ളതെങ്കിൽ, അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ല എന്ന് വ്യക്തമായി തെളിയിക്കുന്ന പക്ഷം (ആർ.ഡി.ഒയുടെ സർട്ടിഫിക്കറ്റ്) അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു. ഈ ഉത്തരവിന്റെ തീയതി വരെയുള്ള നിർമ്മാണങ്ങൾ മാത്രം അപ്രകാരം ക്രമവൽക്കരിച്ച് നൽകുന്നതാണ്.

3. 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെൻറ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലേറെ തറ വിസ്തൃതിയുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ കൈവശക്കാർ അത് അവരുടെ ഏക ജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും പ്രത്യേകം റിപ്പോർട്ട് തയ്യാറാക്കി നീതിയുക്തമായ തീരുമാനമെടുക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

4. മുൻ ഖണ്ഡിക 2 ലും 3 ലും ഉൾപ്പെടാത്തതും പട്ടയ ഭൂമിയിലുള്ളതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേക്ക് നിക്ഷിപ്തമാക്കിക്കൊണ്ട്, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പാട്ടത്തിന് നൽകാവുന്നതാണ്.

5. മേൽ പറഞ്ഞ വിഭാഗത്തിൽ പെടാത്തതും സർക്കാർ ഭൂമി കൈയ്യേറി നിർമ്മാണം നടത്തിയിരിക്കുന്നതുമായ പട്ടയമില്ലാത്ത ഭൂമിയും നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്.

6. അനധികൃതമായി നൽകിയ പട്ടയങ്ങളെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതും എന്നാൽ, സർക്കാർ അനുവദിച്ചതുമായ പട്ടയങ്ങളുടെ (രവീന്ദ്രൻ പട്ടയം) കാര്യം പരിശോധിക്കുന്നതിനായി നിയോഗിക്കപ്പെട്ട അഞ്ചംഗ സമിതിയുടെ പരിശോധന പൂർത്തിയാക്കി അതിനനുസരിച്ചുള്ള തുടർ നടപടികൾ മൂന്ന് മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതാണ്.

7. മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവിടെ കൈകാര്യം ചെയ്തിരുന്ന കേസുകൾ എവിടെ നിന്നാണോ ട്രൈബ്യൂണലിൽ എത്തിച്ചേർന്നത് ആ കോടതികളിലേക്ക് തന്നെ മടക്കി നൽകുവാൻ തീരുമാനിച്ചുള്ള ഓർഡിനൻസ് ആഭ്യന്തരവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

8. ഇടുക്കി ജില്ലയിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന നിർദ്ദേശം

നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് രണ്ടാഴ്ചക്കകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

9. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

10. മൂന്നാർ പ്രദേശത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുഗുണമായവിധം മാത്രമായിരിക്കണമെന്നും ഉപയോഗിക്കുന്ന വൈദ്യുതിയുടെ മുഖ്യ പങ്കും സോളാർ പാനൽ സ്ഥാപിച്ച് ഉത്പാദിപ്പിക്കണമെന്നും, മഴവെള്ള സംഭരണി നിർമ്മിക്കണമെന്നും മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് വട്ടവട, ചിന്നക്കനാൽ ഒഴികെയുള്ള മേഖലകൾ ഉൾപ്പെടുന്ന ഒരു ടൗൺ പ്ലാനിംഗ് സ്കീമിന് തദ്ദേശ സ്വയംഭരണ വകുപ്പ് 6 മാസത്തിനകം രൂപം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വേണു.വി.
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്
5. ആഭ്യന്തര വകുപ്പ്
6. തദ്ദേശ സ്വയം ഭരണ വകുപ്പ്
7. പൊതുഭരണ (എസ്.സി) വകുപ്പ് (07.08.2019 ലെ ഇനം. നമ്പർ 3254 പ്രകാരം)
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി (A2/17724/17/RD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2838** **13-03-2020 ൽ മറുപടിക്ക്**

## പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. ബി.സത്യൻ<br>ശ്രീ.കെ.യു. ജനീഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധ സംഘടനകളും സ്ഥാപനങ്ങളും പല ആവശ്യങ്ങൾക്കായി പാട്ടത്തിനെടുക്കുന്ന സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും പാട്ടത്തുക വൻതോതിൽ കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇത്തരക്കാർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പല ആവശ്യങ്ങൾക്കായി പാട്ടത്തിനെടുത്ത സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ പാട്ട കക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും നിയമലംഘനം നടത്തിയിട്ടുള്ള പാട്ട കക്ഷികളുടെ പാട്ടം റദ്ദ് ചെയ്യുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കു വരുത്താത്ത കക്ഷികളുടെ കുടിശ്ശിക റവന്യൂ റിക്കവറി ആക്ട് പ്രകാരം വസൂലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ ബഹു. ധനമന്ത്രി 2019 ലെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം പാട്ടകുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി ജി.ഒ(പി)നം. 16/2020/ആർ.ഡിയും ജി.ഒ(പി)നം. 17/2020/ആർ.ഡി പ്രകാരവും സർക്കാർ ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർമാർ പാട്ടക്കുടിശ്ശിക തിട്ടപ്പെടുത്തി ആയത് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സാമൂഹ്യ സാംസ്കാരിക ആവശ്യങ്ങൾക്കായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവദിക്കുന്ന ഭൂമിയുടെ പാട്ട നിരക്ക് എത്രയെന്ന് അറിയിക്കാമോ; | (ബി) നിലവിൽ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 28.01.2016 തീയതിയിലെ ജി.ഒ (പി) നം. 64/2016/ആർ.ഡിയും, പഞ്ചായത്ത് പരിധിയിൽ 06.02.2016 തീയതിയിലെ ജി.ഒ (പി) നം. 96/2016/ആർ.ഡിയും പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങളായി പ്രവർത്തിക്കുമ്പോൾ അവ 400 മീറ്റർ സ്ക്വയറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ പ്രതിവർഷം കമ്പോളവിലയുടെ 0.5% നിരക്കിലും, 400 മീറ്റർ സ്ക്വയറിൽ കൂടുതലുള്ളവയ്ക്ക് പ്രതിവർഷം കമ്പോളവിലയുടെ 2% നിരക്കിലുമാണ് പാട്ട നിരക്ക് സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ച് സൂക്ഷിക്കേണ്ട രേഖകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ; | (സി) | 1964 ലെ കേരള ഭൂപതിവ് ചട്ടത്തിലെ റൂൾ 22 പ്രകാരം പാട്ടം നൽകുന്ന ഭൂമിയെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഏതെല്ലാമെന്നും, ഏതെല്ലാം ആഫീസുകളിലാണ് സൂക്ഷിക്കേണ്ടതെന്നും അവ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധനയിലൂടെ ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാകുന്നു. ടി വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് 03.08.2018 ൽ ജി.ഒ (എം.എസ്) 276/18/RD നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഹാരിസൺ ഉൾപ്പെടെയുള്ള വൻകിട കുത്തകകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരിച്ചെടുക്കാൻ നടപടിയെടുത്തിട്ടുണ്ടോ? | (ഡി) | ഉണ്ട്. ഹാരിസൺ മലയാളം ലിമിററഡും സമാനമായ കമ്പനികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ പ്രസ്തുത കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി KLC Act പ്രകാരം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം തീർക്കുന്നതിനായി സർക്കാരിനോട് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06.06.2019 ൽ സ.ഉ (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കോട്ടയം ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. മറ്റു ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2839

13.03.2020 ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

(എ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി**

ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

2) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

3) ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4) 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500 ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ചു നൽകുകയുണ്ടായി.

7) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8) കേരള സർവ്വീസ് ഇനാം (V & E) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31.12.2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡ്സ് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) കേരളത്തിൽ ആദ്യകാലത്ത് 300 ഓളം ലാൻഡ് ട്രൈബ്യൂണലുകൾ ഉണ്ടായിരുന്നു. ഈ ട്രൈബ്യൂണലുകളിൽ തീർപ്പാക്കിയ കേസ് റിക്കാർഡുകൾ ഇപ്പോഴുള്ള 17 ലാൻഡ് ട്രൈബ്യൂണലുകളിലായി സൂക്ഷിച്ചിരിക്കുകയാണ്. ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കാത്തതിനാൽ കേസ് റിക്കാർഡുകൾ നശിക്കാൻ ഇടയാകുന്നു. മുൻകാലങ്ങളിൽ പട്ടയം ലഭിച്ച ആളുകളുടെ കൈയ്യിൽ നിന്നും ഈ പട്ടയം നഷ്ടപ്പെട്ടു പോകുമ്പോഴും നശിച്ചുപോകുമ്പോഴും പട്ടയ പകർപ്പിനായി ഇവർ എൽ.റ്റി യെ സമീപിക്കാറുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്ന് പട്ടയ പകർപ്പ് ലഭ്യമായില്ലെങ്കിൽ ഈ ജനങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ

തടസ്സപ്പെടും. ഈ സ്ഥിതി പരിഹരിക്കാൻ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കിയ മുഴുവൻ കേസുകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസേഷൻ പൂർണ്ണമായാൽ ഇതിനുള്ള വെബ് സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് പട്ടയത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് എടുക്കാൻ കഴിയുന്നതാണ്.

(സി) നിലവിൽ ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നത് ഏതൊക്കെ ജില്ലകളിലാണ്; പ്രസ്തുത ജില്ലകളിൽ അത് തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ കെട്ടിക്കിടക്കുന്നത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. ഈ ജില്ലകളിലെ കേസുകൾ തീർപ്പാക്കുന്നതിനായി 6 പുതിയ ലാൻഡ് ട്രൈബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 16 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്.

(ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2840

13.03.2020 ൽ മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളിൽ തീരുമാനമാകാതെക്കിടക്കുന്ന കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ, ദേവസ്വം ലാന്റ് ട്രൈബ്യൂണലുകൾ, സ്പെഷ്യൽ ലാന്റ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലായി 128317 കേസുകൾ തീർപ്പാക്കാനുണ്ട്. |
| (ബി) പ്രസ്തുത കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ലാന്റ് ട്രൈബ്യൂണലുകളിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.<br>2) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.<br>3) ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. |

4) 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500 ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാതു ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽതാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ചു നൽകുകയുണ്ടായി.

7) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8) കേരള സർവ്വീസ് ഇനാം (V & E) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31.12.2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേസുകൾ തീർപ്പാക്കിയെന്നറിയിക്കാമോ; വിശദമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 27.02.2020 വരെ 137285 കേസുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 68169 ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2841 — 13.03.2020 -ൽ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ.എൻ.എ ഖാദർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് നിലവിലുണ്ടോ; ഇത്തരത്തിൽ വില്ലേജ് ഓഫീസ് ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് ഇടമലക്കുടി ഗ്രാമപഞ്ചായത്തിലൊഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടി വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും ഭൗതീക സാഹചര്യങ്ങൾ തയ്യാറാകാത്തതിനാൽ ഇടമലക്കുടിയിൽ വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ഏതെങ്കിലും വില്ലേജ് ഓഫീസുകൾക്ക് ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ അധികാര പരിധി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ട്. മലപ്പുറം ജില്ലയിൽ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ പരിധിയിലുൾപ്പെടുന്ന വില്ലേജ് ഓഫീസുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്ലേജ് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | അമരമ്പലം | അമരമ്പലം, കരുളായി |
| 2 | ചുങ്കത്തറ | ചുങ്കത്തറ, മൂത്തേടം |
| 3 | കാളികാവ് | കാളികാവ്, ചോക്കാട് |
| 4 | കുറുമ്പലങ്ങോട് | പോത്തുകല്ല്, ചുങ്കത്തറ, ചാലിയാർ |
| 5 | മൂത്തേടം | മൂത്തേടം, ചുങ്കത്തറ |
| 6 | പുള്ളിപ്പാടം | മമ്പാട്, ചാലിയാർ |
| 7 | വെള്ളയൂർ | കാളികാവ്, ചോക്കാട് |
| 8 | വണ്ടൂർ | വണ്ടൂർ, മമ്പാട് |
| 9 | മുതവല്ലൂർ | ചീക്കോട്, മുതുവല്ലൂർ |
| 10 | വാഴയൂർ | വാഴയൂർ, ചെറുകാവ് |
| 11 | കൊഡൂർ | കോഡൂർ, കുറവ |

| | |
|---|---|
| (സി) ഭരണപരമായ സൗകര്യം, പിന്നാക്കാവസ്ഥ, വികസന സാധ്യത, യാത്രാസൗകര്യം എന്നിവ പരിഗണിച്ച് ഈ ജില്ലയിൽ എല്ലാ പഞ്ചായത്തുകൾക്കും ഓരോ വില്ലേജ് ഓഫീസ് എന്നത് നടപ്പിലാക്കുമോ? | (സി) ഭൂപ്രകൃതികൾക്കനുസരിച്ചും പ്രകൃതിദത്ത അതിരുകൾ (ഉദാ: പുഴ, തോട് തുടങ്ങിയവ) പ്രധാന റോഡുകൾ എന്നിവകളെ അടിസ്ഥാനപ്പെടുത്തിയും പൊതുജനങ്ങൾക്കും ഭരണപരമായുള്ള സൗകര്യങ്ങളുംകൂടി കണക്കിലെടുത്താണ് വില്ലേജതിർത്തികൾ നിശ്ചയിച്ചിട്ടുള്ളത്. ധാരാളം വില്ലേജുകൾ രണ്ടിലധികം പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ ഉൾപ്പെട്ടു വരുന്നു. ഈ സാഹചര്യത്തിൽ ഓരോ വില്ലേജുകളേയും ഓരൊ പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ കൊണ്ടു വരുക എന്നത് വളരെ ശ്രമകരവും സങ്കീർണ്ണവുമാണ്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2843** — 13.03.2020 -ൽ മറുപടിയ്ക്ക്

## പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) ഈ സർക്കാർ ജനസൗഹൃദ സ്മാർട്ട് വില്ലേജുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ 146 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ഭരണാനുമതി നൽകിയ വില്ലേജാഫീസുകളുടെ എണ്ണം | തുക (രൂപ) ലക്ഷത്തിൽ |
|---|---|---|
| 2016-17 | 7 | 298 |
| 2017-18 | 39 | 150 |
| 2018-19 | 50 | 220 |
| 2019-20 | 50 | 220 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2019-20 പ്ലാൻ സ്കീം പ്രകാരം പാവറട്ടി വില്ലേജിൽ സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പാവറട്ടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ 136/15 ൽ ഉൾപ്പെട്ട സ്ഥലം വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമായി കണ്ടെത്തിയതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2844 — 13.03.2020 -ൽ മറുപടിയ്ക്ക്

**തൃശ്ശൂർ ജില്ലയിലെ വില്ലേജുകളും വില്ലേജ് ഓഫീസുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ ആകെ എത്ര വില്ലേജുകളും വില്ലേജ് ഓഫീസുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) തൃശ്ശൂർ ജില്ലയിൽ ആകെ 255 വില്ലേജുകളും, 184 വില്ലേജാഫീസുകളും ഉണ്ട്. |
| (ബി) ഇതിൽ എത്ര വില്ലേജ് ഓഫീസുകൾക്കാണ് മറ്റ് വില്ലേജുകളുടെ ഭരണചുമതല കൂടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഗ്രൂപ്പ് വില്ലേജ് എന്ന നിലയ്ക്ക് 59 വില്ലേജുകൾക്ക് മറ്റ് വില്ലേജുകളുടെ ഭരണ ചുമതല കൂടി നല്കിയിട്ടുണ്ട്. |
| (സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണചുമതലയും നിയന്ത്രണ അധികാരവുമുള്ള എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമെന്നും അറിയിക്കമോ? | (സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണചുമതലയും നിയന്ത്രണ അധികാരവുമുള്ള ഒരു വില്ലേജ് ഓഫീസാണുള്ളത്. ഒല്ലൂക്കര - നെട്ടിശ്ശേരി ഗ്രൂപ്പ് വില്ലേജ് അതിന്റെ പരിധിയിൽ വരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2846** 13.03.2020 -ൽ മറുപടിയ്ക്ക്

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വില്ലേജ് ഓഫീസുകൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഒഫീസുകളായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 146 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എത്ര എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഇതിൽ 52 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 94 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) സമയബന്ധിതമായി ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) | നിർമ്മാണ പ്രവൃത്തികൾ കഴിയുന്നതും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ നിർവ്വഹണ ഏജൻസികൾക്കും നൽകിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ ജില്ലാ കളക്ടർമാർ നിർവ്വഹണ ഏജൻസികളുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും വരുന്നു. |

**സെക്ഷൻ ഓഫീസർ**

## പൂർത്തീകരിച്ച വില്ലേജ് ഓഫീസുകളുടെ ലിസ്റ്റ്

## 2016-17

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി വിവരം |
|---|---|---|---|
| 1. | തിരുവനന്തപുരം | കഠിനംകുളം | പണി പൂർത്തീകരിച്ചു |
| 2. | കൊല്ലം | തഴുത്തല | പണി പൂർത്തീകരിച്ചു |
| 3. | കോട്ടയം | നെടുംകുന്നം | പണി പൂർത്തീകരിച്ചു |
| 4. | തൃശ്ശൂർ | ചെറുതുരുത്തി | പണി പൂർത്തീകരിച്ചു |
| 5. | പാലക്കാട് | കണ്ണമ്പ്ര-2 | പണി പൂർത്തീകരിച്ചു |
| 6. | കോഴിക്കോട് | പന്തീരാംകാവ് | പണി പൂർത്തീകരിച്ചു |
| 7. | കാസർഗോഡ് | വലിയപറമ്പ് | പണി പൂർത്തീകരിച്ചു |

## 2017-18

| ജില്ല | ക്രമ നം. | വില്ലേജ് | പുരോഗതി വിവരം |
|---|---|---|---|
| തിരുവനന്തപുരം | 1 | ചെറുവയ്ക്കൽ | പണി പൂർത്തീകരിച്ചു |
| | 2 | കടയ്ക്കാവൂർ | പണി പൂർത്തീകരിച്ചു |
| | 3 | പട്ടം | പണി പൂർത്തീകരിച്ചു |
| കൊല്ലം | 4 | ചണ്ണപ്പേട്ട | പണി പൂർത്തീകരിച്ചു |
| | 5 | ഓച്ചിറ | പണി പൂർത്തീകരിച്ചു |
| | 6 | എഴുകോൺ | പണി പൂർത്തീകരിച്ചു |
| പത്തനംതിട്ട | 7 | കുരമ്പാല | പണി പൂർത്തീകരിച്ചു |
| | 8 | തുമ്പമൺ | പണി പൂർത്തീകരിച്ചു |
| | 9 | മൈലപ്ര | പണി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| ആലപ്പുഴ | 10 | പട്ടണക്കാട് | പണി പൂർത്തീകരിച്ചു |
| | 11 | പാണാവള്ളി | പണി പൂർത്തീകരിച്ചു |
| | 12 | വള്ളിക്കുന്നം | പണി പൂർത്തീകരിച്ചു |
| കോട്ടയം | 13 | വടക്കേമുറി | പണി പൂർത്തീകരിച്ചു |
| | 14 | വാഴൂർ | പണി പൂർത്തീകരിച്ചു |
| | 15 | ഉദയനാപുരം | പണി പൂർത്തീകരിച്ചു |
| ഇടുക്കി | 16 | പെരിയാർ | പണി പൂർത്തീകരിച്ചു |
| | 17 | ഏലപ്പാറ | പണി പൂർത്തീകരിച്ചു |
| | 18 | അണക്കര | പണി പൂർത്തീകരിച്ചു |
| എറണാകുളം | 19 | മുളവൂർ | പണി പൂർത്തീകരിച്ചു |
| | 20 | ചൂർണ്ണിക്കര | പണി പൂർത്തീകരിച്ചു |
| | 21 | വെള്ളൂർകുന്നം | പണി പൂർത്തീകരിച്ചു |
| തൃശ്ശൂർ | 22 | പീച്ചി | പണി പൂർത്തീകരിച്ചു |
| | 23 | വെള്ളിക്കുളങ്ങര | പണി പൂർത്തീകരിച്ചു |
| | 24 | എറിയാട് | പണി പൂർത്തീകരിച്ചു |
| പാലക്കാട് | 25 | ഓങ്ങല്ലൂർ-2 | പണി പൂർത്തീകരിച്ചു |
| | 26 | കൊങ്ങാട്-2 | പണി പൂർത്തീകരിച്ചു |
| | 27 | തൃത്താല | പണി പൂർത്തീകരിച്ചു |
| കോഴിക്കോട് | 28 | കൊഴക്കല്ലൂർ | പണി പൂർത്തീകരിച്ചു |
| | 29 | മൂടാടി | പണി പൂർത്തീകരിച്ചു |
| മലപ്പുറം | 30 | മൂത്തേടം | പണി പൂർത്തീകരിച്ചു |
| വയനാട് | 31 | കപ്പാടി | പണി പൂർത്തീകരിച്ചു |
| | 32 | കൽപ്പറ്റ | പണി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| കണ്ണൂർ | 33 | ചൊക്ലി | പണി പൂർത്തീകര | |
| | 34 | നടുവിൽ | പണി പൂർത്തീകര | |
| | 35 | തിരുമേനം | പണി പൂർത്തീകര | |
| കാസർഗോഡ് | 36 | ബേളൂർ | പണി പൂർത്തീകര | |
| | 37 | കള്ളാർ | പണി പൂർത്തീകര | |
| | 38 | വോർക്കാടി | പണി പൂർത്തീകര | |

2018 – 19

| ജില്ല | | വില്ലേജ് | പുരോഗതി വിവരം |
|---|---|---|---|
| പത്തനംതിട്ട | 1 | ഇരവിപേരൂർ | പണി പൂർത്തീക ച്ചു |
| | 2 | അയിരൂർ | പണി പൂർത്തീക ച്ചു |
| | 3 | ഏനാത്ത് | പണി പൂർത്തീക ച്ചു |
| ഇടുക്കി | 4 | കാഞ്ചിയാർ | പണി പൂർത്തീക ച്ചു |
| എറണാകുളം | 5 | കാക്കനാട് | പണി പൂർത്തീ ച്ചു |
| തൃശ്ശൂർ | 6 | പാണഞ്ചേരി | പണി പൂർത്തീക ച്ചു |
| വയനാട് | 7 | മാനന്തവാടി | പണി പൂർത്തീക ച്ചു |

**നിർമ്മാണം പുരോഗമിക്കുന്ന വില്ലേജാഫീസുകളുടെ ലിസ്റ്റ്**

2017-18

| | | | | |
|---|---|---|---|---|
| മലപ്പുറം | 1 | തൃക്കണ്ടിയൂർ | അവസാന ഘട്ടത്തിൽ | |

2018-19

| ജില്ല | | വില്ലേജ് | പുരോഗതി വിവരം |
|---|---|---|---|
| തിരുവനന്തപുരം | 1 | പരശുവയ്ക്കൽ | പണി പുരോഗമിക്കുന്നു |
| | 2 | കരിപ്പൂര് | പണി പുരോഗമിക്കുന്നു |
| | 3 | നേമം | പണി പുരോഗമിക്കുന്നു |
| | 4 | നഗരൂർ | പണി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| കൊല്ലം | 5 | ശൂരനാട് വടക്ക് | പണി പുരോഗമിക്കുന്നു |
| | 6 | ഇടമൺ | പണി പുരോഗമിക്കുന്നു |
| | 7 | വെളിയം | പണി പുരോഗമിക്കുന്നു |
| | 8 | വെളിനല്ലൂർ | പണി പുരോഗമിക്കുന്നു |
| | 9 | തലവൂർ | പണി പുരോഗമിക്കുന്നു |
| ആലപ്പുഴ | 10 | ചിങ്ങോലി | പണി പുരോഗമിക്കുന്നു |
| | 11 | അമ്പലപ്പുഴ വടക്ക് | പണി പുരോഗമിക്കുന്നു |
| | 12 | അരൂക്കുറ്റി | പണി പുരോഗമിക്കുന്നു |
| കോട്ടയം | 13 | തലയാഴം | പണി പുരോഗമിക്കുന്നു |
| | 14 | എരുമേലി വടക്ക് | പണി പുരോഗമിക്കുന്നു |
| | 15 | പേരൂർ | പണി പുരോഗമിക്കുന്നു |
| ഇടുക്കി | 16 | ഇരട്ടയാർ | പണി പുരോഗമിക്കുന്നു |
| | 17 | കഞ്ഞിക്കുഴി | പണി പുരോഗമിക്കുന്നു |
| എറണാകുളം | 18 | പല്ലാരിമംഗലം | പണി പുരോഗമിക്കുന്നു |
| | 19 | തോപ്പും പടി | പണി പുരോഗമിക്കുന്നു |
| | 20 | പോത്താനിക്കാട് | പണി പുരോഗമിക്കുന്നു |
| തൃശ്ശൂർ | 21 | കടങ്ങോട് | പണി പുരോഗമിക്കുന്നു |
| | 22 | മടത്തുംപടി | പണി പുരോഗമിക്കുന്നു |
| | 23 | തളിക്കുളം | പണി പുരോഗമിക്കുന്നു |
| | 24 | ഗുരുവായൂർ | പണി പുരോഗമിക്കുന്നു |
| പാലക്കാട് | 25 | ശ്രീകൃഷ്ണപുരം | പണി പുരോഗമിക്കുന്നു |
| | 26 | വെള്ളിനേഴി | പണി പുരോഗമിക്കുന്നു |
| | 27 | മണ്ണാർക്കാട്-1 | പണി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| മലപ്പുറം | 28 | മലപ്പുറം | പണി പുരോഗമിക്കുന്നു |
| | 29 | വെട്ടം | പണി പുരോഗമിക്കുന്നു |
| | 30 | പുറത്തൂർ | പണി പുരോഗമിക്കുന്നു |
| | 31 | വഴിക്കടവ് | പണി പുരോഗമിക്കുന്നു |
| കോഴിക്കോട് | 32 | കീഴരിയൂർ | പണി പുരോഗമിക്കുന്നു |
| | 33 | കട്ടിപ്പാറ | പണി പുരോഗമിക്കുന്നു |
| | 34 | കായണ്ണ | പണി പുരോഗമിക്കുന്നു |
| വയനാട് | 35 | കോട്ടപ്പാടി | പണി പുരോഗമിക്കുന്നു |
| കണ്ണൂർ | 36 | ചെങ്ങളായി | പണി പുരോഗമിക്കുന്നു |
| | 37 | പടുവിലായി | പണി പുരോഗമിക്കുന്നു |
| | 38 | കല്യാശ്ശേരി | പണി പുരോഗമിക്കുന്നു |
| | 39 | മാക്രേരി | പണി പുരോഗമിക്കുന്നു |
| കാസർഗോഡ് | 40 | ചിത്താരി | പണി പുരോഗമിക്കുന്നു |
| | 41 | പരപ്പ | പണി പുരോഗമിക്കുന്നു |
| | 42 | ചെറുവത്തൂർ | പണി പുരോഗമിക്കുന്നു |
| | 43 | ഹൊസബെട്ടു | പണി പുരോഗമിക്കുന്നു |

2019-20

| ജില്ല | ക്രമ നം. | വില്ലേജ് | പുരോഗതി വിവരം |
|---|---|---|---|
| തിരുവനന്തപുരം | 1 | കടവൂർ | പണി ആരംഭിച്ചു (ഫൗണ്ടേഷൻ പൂർത്തിയായി) |
| | 2 | വിളപ്പിൽ | പണി ആരംഭിച്ചു (ഫൗണ്ടേഷൻ പൂർത്തിയായി) |
| | 3 | കുന്നത്തുകാൽ | പണി ആരംഭിച്ചു (ഫൗണ്ടേഷൻ പൂർത്തിയായി) |
| | 4 | വക്കം | പണി ആരംഭിച്ചു |
| | 5 | ബാലരാമപുരം | പണി ആരംഭിച്ചു (ഫൗണ്ടേഷൻ പൂർത്തിയായി) |
| | 6 | വിതുര | പണി ആരംഭിച്ചു |
| | 7 | മടവൂർ | പണി ആരംഭിച്ചു (ഫൗണ്ടേഷൻ പൂർത്തിയായി) |
| കൊല്ലം | 8 | അയണിവേലിക്കുളങ്ങര | ടെണ്ടർ സ്റ്റേജ് |
| | 9 | തേവള്ളി - കൊല്ലം ഈസ്റ്റ് | വില്ലേജ് മാറണം |
| | 10 | കുമ്മിൾ | ടെണ്ടർ സ്റ്റേജ് |
| | 11 | കുളക്കട | എഗ്രിമെന്റ് സ്റ്റേജ് |
| | 12 | മൈനാഗപ്പള്ളി | എഗ്രിമെന്റ് സ്റ്റേജ് |
| | 13 | പുന്നല | എഗ്രിമെന്റ് സ്റ്റേജ് |
| പത്തനംതിട്ട | 14 | പഴവങ്ങാടി | എസ്റ്റിമേറ്റ് സ്റ്റേജ് |
| | 15 | ഏനാദിമംഗലം | പഴയ കെട്ടിടം പൊളിക്കണം |
| ആലപ്പുഴ | 16 | ചേർത്തല തെക്ക് | എഗ്രിമെന്റ് സ്റ്റേജ് |
| | 17 | പത്തിയൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | 18 | പാണ്ടനാട് | എഗ്രിമെന്റ് സ്റ്റേജ് |
| കോട്ടയം | 19 | വെച്ചൂർ | പഴയ കെട്ടിടം പൊളിക്കണം |
| | 20 | വെള്ളാവൂർ | പഴയ കെട്ടിടം പൊളിക്കണം |
| എറണാകുളം | 21 | വാരാപ്പുഴ | നിർമ്മിതി - എസ്റ്റിമേറ്റ് സ്റ്റേജ് |
| | 22 | ചേലാമറ്റം | നിർമ്മിതി - എസ്റ്റിമേറ്റ് സ്റ്റേജ് |
| | 23 | പുത്തൻകുരിശ് | നിർമ്മിതി - എസ്റ്റിമേറ്റ് സ്റ്റേജ് |
| | 24 | തിരുമാറാടി | നിർമ്മിതി - എസ്റ്റിമേറ്റ് സ്റ്റേജ് |
| തൃശ്ശൂർ | 25 | തൃശ്ശൂർ - കുറുമ്പിലാവ് | വില്ലേജ് മാറണം |
| | 26 | ശ്രീനാരായണപുരം - അഴീക്കോട് | വില്ലേജ് മാറണം |
| | 27 | കുറുവിലശ്ശേരി (Gr) | പുതിയ സ്ഥലം കണ്ടെത്തണം |
| | 28 | വെങ്ങാനല്ലൂർ | നിർമ്മിതി - എഗ്രിമെന്റ് സ്റ്റേജ് |
| | 29 | തൃക്കൂർ | എഗ്രിമെന്റ് സ്റ്റേജ് |
| | 30 | അതിരപ്പിള്ളി | എഗ്രിമെന്റ് സ്റ്റേജ് |
| | 31 | പാവറട്ടി | വില്ലേജ് മാറണം |
| പാലക്കാട് | 32 | തിരുവേഗപ്പുറ | എഗ്രിമെന്റ് സ്റ്റേജ് |
| | 33 | മാത്തൂർ-2 | എഗ്രിമെന്റ് സ്റ്റേജ് |
| | 34 | പുതുക്കോട് ഈസ്റ്റ് | എഗ്രിമെന്റ് സ്റ്റേജ് |
| | 35 | മൂലത്തറ | എഗ്രിമെന്റ് സ്റ്റേജ് |
| | 36 | പുതൂർ | എഗ്രിമെന്റ് സ്റ്റേജ് |

| | | | |
|---|---|---|---|
| മലപ്പുറം | 37 | മേൽമുറി | പഴയ കെട്ടിടം പൊളിക്കണം |
| | 38 | എടപ്പറ്റ | പഴയ കെട്ടിടം പൊളിക്കണം |
| കോഴിക്കോട് | 39 | കായക്കൊടി | പഴയ കെട്ടിടം പൊളിക്കണം, മരം മുറിക്കണം |
| | 40 | ചേളന്നൂർ | പഴയ കെട്ടിടം പൊളിക്കണം, മരം മുറിക്കണം |
| കണ്ണൂർ | 41 | എളയാവൂർ | ഭൂമി കൈമാറി കിട്ടണം |
| | 42 | ധർമ്മടം | ടെണ്ടർ സ്റ്റേജ് |
| | 43 | കുടാളി | ടെണ്ടർ സ്റ്റേജ് |
| | 44 | ആറളം | ടെണ്ടർ സ്റ്റേജ് |
| | 45 | മലപ്പട്ടം | ടെണ്ടർ സ്റ്റേജ് |
| കാസർഗോഡ് | 46 | മാലോത്ത് | പണി ആരംഭിച്ചു |
| | 47 | പുല്ലൂർ | പഴയ കെട്ടിടം പൊളിക്കണം |
| | 48 | കടമ്പാർ | പഴയ കെട്ടിടം പൊളിക്കണം |
| | 49 | വെസ്റ്റ് എളേരി | പണി ആരംഭിച്ചു |
| | 50 | കുംബഡാജെ | പഴയ കെട്ടിടം പൊളിക്കണം |

ലെയ്സൺ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2847** 13.03.2020 -ൽ മറുപടിയ്ക്ക്

**നെടുമങ്ങാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

**ചോദ്യം**

ശ്രീ.സി. ദിവാകരൻ :

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട വില്ലേജോഫീസുകളിൽ നവീകരണത്തിനായി ഭരണാനുമതി ലഭിച്ചവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | നിർമ്മാണ പ്രവർത്തി |
|---|---|---|
| 1 | മാണിക്കൽ | ചുറ്റുമതിൽ |
| 2 | വെമ്പായം | ചുറ്റുമതിൽ |
| 3 | വെമ്പായം | അറ്റകുറ്റപ്പണി |
| 4 | കോലിയക്കോട് | അറ്റകുറ്റപ്പണി |
| 5 | കോലിയക്കോട് | അഡീഷണൽ റൂം |
| 6 | കരുപ്പൂര് | സ്മാർട്ട് വില്ലേജ് |
| 7 | നെടുമങ്ങാട് | ചുറ്റുമതിൽ |

(ബി) നെടുമങ്ങാട് താലൂക്ക് ഓഫീസ് നവീകരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) നെടുമങ്ങാട് താലൂക്കോഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2848 — 13/03/2020-ൽ മറുപടിയ്ക്ക്

### റവന്യൂ വകുപ്പ് ഓഫീസുകളുടെ പരിഷ്കരണം

ചോദ്യം :

ശ്രീ. ബി.ഡി. ദേവസ്സി

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018 ലെ മഹാ പ്രളയകാലഘട്ടം മുതൽ അധിക ജോലി നിർവ്വഹിക്കേണ്ടിവരുന്ന റവന്യൂ വകുപ്പ് ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളിൽ കാലഘട്ടത്തിനനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളിൽ കാലഘട്ടത്തിനനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം.**

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെയും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾ സ്മാർട്ട് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട്, ആർ.ആർ.ഓൺലൈൻ, ReLis (റവന്യൂ ലാൻഡ് ഇൻഫർമേഷൻ മിഷൻ), ഇ-പെയ്മെന്റ്, (ഇ-പോസ് മെഷീൻ ഉൾപ്പെടെ) എന്നീ പദ്ധതികളാണ് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവത്കരണ പ്രവർത്തനങ്ങൾ.

**1) ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്. ഇതു വഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

**2) ആർ.ആർ.ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺ ലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്നതാണ് ആർ.ആർ.ഓൺലൈൻ പദ്ധതി. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3) സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് നടപടികൾ വേഗത്തിലും,

സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4) ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5) ഇ-പോസ്**

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിച്ച് വരുന്നു. നിലവിൽ 1128 വില്ലേജുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നാളിതുവരെയായി ഇ-പോസ് മെഷീൻ മുഖേന നികുതിയായി 1,44,68,736/- രൂപ സ്വീകരിച്ചിട്ടുണ്ട്. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന വിവിധ ട്രെയിനിംഗുകൾ നൽകുന്നുണ്ട്. എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വില്ലേജ് ജീവനക്കാർ ഉൾപ്പെടെയുള്ള റവന്യൂ ജീവനക്കാർക്ക് എല്ലാ മാസവും വ്യത്യസ്ത വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് PEOPLE FRIENDLY ADMINISTRATION, SOFT SKILLS എന്നീ വിഷയങ്ങളിൽ രണ്ട് ദിവസത്തെ വീതം ട്രെയിനിംഗും വില്ലേജ് ഓഫീസറാവാൻ പോകുന്ന സ്പെഷ്യൽ വില്ലേജ് ഓഫീസർ/സീനിയർ ക്ലാർക്കുമാർക്ക് Prospective V O Refresher ട്രെയിനിംഗും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന നൽകി വരുന്നുണ്ട്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്മാർക്ക് അഞ്ച് ദിവസത്തെ INDUCTION TRAINING കോഴ്സ് നടത്തുന്നുണ്ട്. മേൽ കോഴ്സുകൾ കൂടാതെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ILDM-ൽ കോഴ്സുകൾ എല്ലാ മാസവും നടത്തി വരുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2849** **13/03/2020**-ൽ മറുപടിയ്ക്ക്

### റവന്യൂ വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

ചോദ്യം : മറുപടി :

ശ്രീ.കെ. ദാസൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്ന വകുപ്പുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ 331 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിൽ പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ഓരോ വകുപ്പിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം, വകുപ്പിന്റെ പേര് എന്നീ ക്രമത്തിൽ പട്ടികയായി ലഭ്യമാക്കാമോ? | (ബി) | റവന്യൂ വകുപ്പിനു കീഴിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 6 |
| 2 | തഹസിൽദാർ | 19 |
| 3 | ഡെപ്യൂട്ടി തഹസീൽദാർ | 32 |
| 4 | വാല്യേഷൻ അസിസ്റ്റന്റ് | 5 |
| 5 | റവന്യൂ ഇൻസ്പെക്ടർ | 17 |
| 6 | ഹെഡ് ക്ലർക്ക് | 4 |
| 7 | സി.എ | 6 |
| 8 | സർവ്വയർ | 17 |
| 9 | സീനിയർ ക്ലർക്ക്/എസ്.വി.ഒ | 82 |
| 10 | ക്ലർക്ക് | 74 |
| 11 | ടൈപ്പിസ്റ്റ് | 12 |
| 12 | അറ്റൻഡർ | 8 |
| 13 | ആഫീസ് അറ്റൻഡന്റ് | 31 |
| 14 | ഡ്രൈവർ | 8 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 8 |
| 16 | ചെയിൻമാൻ | 2 |
| | ആകെ | 331 |

PR

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2852 — 13.03.2020 -ൽ മറുപടിയ്ക്ക്

## തലപ്പിള്ളി താലൂക്കിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) തലപ്പിള്ളി താലൂക്ക് ഓഫീസ് പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) തലപ്പിള്ളി താലൂക്കിൽപെട്ടതും, ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ 16 വില്ലേജാഫീസുകളാണ് ഉള്ളത്. |
| (ബി) ഇതിൽ എത്ര എണ്ണം ഗ്രൂപ്പ് വില്ലേജ് ഓഫീസുകളായി പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ; | (ബി) ഇതിൽ 12 എണ്ണം ഗ്രൂപ്പ് വില്ലേജാഫീസുകളായി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത വില്ലേജാഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഗ്രൂപ്പ് വില്ലേജുകൾ |
|---|---|
| 1 | ആറങ്ങോട്ടുകര-തലശ്ശേരി-തിച്ചൂർ ഗ്രൂപ്പ് |
| 2 | ചേലക്കര-തോന്നൂർക്കര-പുലാക്കോട് ഗ്രൂപ്പ് |
| 3 | ചെറുതുരുത്തി - നെടുമ്പുര ഗ്രൂപ്പ് |
| 4 | എളനാട് - വെണ്ണൂർ ഗ്രൂപ്പ് |
| 5 | കൊണ്ടാഴി - മായന്നൂർ ഗ്രൂപ്പ് |
| 6 | കുറുമല - പങ്ങാരപ്പള്ളി ഗ്രൂപ്പ് |
| 7 | മുള്ളൂർക്കര - ആറ്റൂർ ഗ്രൂപ്പ് |
| 8 | പാഞ്ഞാൾ - പൈങ്കുളം ഗ്രൂപ്പ് |
| 9 | വരവൂർ - പിലാക്കാട് ഗ്രൂപ്പ് |
| 10 | വെങ്ങാനല്ലൂർ - കിള്ളിമംഗലം ഗ്രൂപ്പ് |
| 11 | ദേശമംഗലം - പല്ലൂർ ഗ്രൂപ്പ് |
| 12 | കണിയാർക്കോട് - പാമ്പാടി ഗ്രൂപ്പ് |

| | | | |
|---|---|---|---|
| (സി) | ഭൂവിസ്തൃതി കൊണ്ടും ഗുണഭോക്താക്കളുടെ എണ്ണം കൊണ്ടും ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിൽ വർദ്ധിച്ച ജോലിഭാരം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇതുമൂലം അപേക്ഷകർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതു കണക്കിലെടുത്ത് തലപ്പിള്ളി താലൂക്കിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2853 — 13/03/2020-ൽ മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് പദ്ധതികൾ

ചോദ്യം :

ശ്രീ.കെ.വി.വിജയദാസ്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം നൽകുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **പ്രവൃത്തി** | **വില്ലേജിന്റെ പേര്** | **അനുവദിച്ച തുക (രൂപ)** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | കേരളശ്ശേരി | 5,00,000 | പൂർത്തിയായി |
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | പറളി-2 | 5,00,000 | പൂർത്തിയായി |
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | മുണ്ടൂർ-2 | 5,00,000 | നിർമ്മാണം പുരോഗമിക്കുന്നു |
| ചുറ്റുമതിൽ നിർമ്മാണം | മുണ്ടൂർ-2 | 5,00,000 | പൂർത്തിയായി |
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | മണ്ണൂർ | 5,00,000 | നിർമ്മാണം പുരോഗമിക്കുന്നു |
| സ്മാർട്ട് വില്ലേജ് നിർമ്മാണം | കോങ്ങാട്-2 | 40,00,000 | നിർമ്മാണം പൂർത്തിയായി |
| അഡീഷണൽ റൂം നിർമ്മാണം | കാരാകുറിശ്ശി | 9,70,000 | പൂർത്തിയായി |
| അഡീഷണൽ റൂം നിർമ്മാണം | മണ്ണൂർ | 10,00,000 | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2860 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**വലിയമല ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി-യുടെ ഭൂമി**

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം വലിയമല ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സിക്ക് സർക്കാർ നൽകിയതോ അവരുടെ ഏതെങ്കിലും ആവശ്യത്തിന് സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത് നൽകിയതോ അവർ വിലയ്ക്ക് വാങ്ങിയതോ ആയ ഭൂമികളിൽ നിന്ന് സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടെയോ മറ്റ് പൊതു സ്ഥാപനങ്ങളുടെയോ ആവശ്യത്തിനോ മറ്റ് ഏതെങ്കിലും പൊതു ആവശ്യത്തിനോ ഉപയോഗിക്കുന്നതിലേക്ക് ഏറ്റെടുക്കുന്നതിന് അവരുമായി കത്തിടപാടുകളോ ചർച്ചയോ നടത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പതിനാൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2863** — **13/03/2020**-ൽ മറുപടിയ്ക്ക്

## പാമ്പ്ര-മരിയനാട് കാപ്പിത്തോട്ടം തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്

ചോദ്യം :

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ പാമ്പ്ര-മരിയനാട് കാപ്പിത്തോട്ടം തൊഴിലാളികളുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതിന് കാരണമെന്തെന്ന് വിശദമാക്കാമോ; | (എ) | മുത്തങ്ങ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്നതിനുള്ള നിക്ഷിപ്ത വനഭൂമി സ്ഥിതി ചെയ്യുന്നതിന് സമീപത്തായാണ് കേരള വനവികസന കോർപ്പറേഷൻ പാട്ടത്തിന് നടത്തിയിരുന്ന മരിയനാട് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. എസ്റ്റേറ്റ് പ്രവർത്തനം നിലച്ചതിനെ തുടർന്ന് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യവുമായി 139 തൊഴിലാളികൾ എസ്റ്റേറ്റ് ഭൂമി കയ്യേറി കൈവശം വച്ച് സമരം നടത്തി വരികയാണ്. ഈ എസ്റ്റേറ്റിന്റെ ഭാഗമല്ലാതിരുന്നിട്ടും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്നതിനുള്ള ഭൂമി അളന്നു തിരിക്കുന്നതിനെ മരിയനാട് എസ്റ്റേറ്റ് സംയുക്ത സമരസമിതി എതിർത്തതിനെ തുടർന്ന് സമരസമിതി നേതാക്കളെ ഉൾപ്പെടുത്തി ജില്ലയിലെ നിയമസഭാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ സമവായ ചർച്ച നടത്തിയതിൽ ഒരു തൊഴിലാളി കുടുംബത്തിന് പത്ത് ലക്ഷം വീതം നഷ്ടപരിഹാരത്തുക ലഭ്യമാക്കിയാൽ എസ്റ്റേറ്റ് ഭൂമി നിരുപാധികം വിട്ടു നൽകാമെന്നും, സമരം അവസാനിപ്പിക്കാമെന്നും, സമരസമിതി നേതാക്കൾ അറിയിച്ചതിനാൽ 139 തൊഴിലാളികൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന നഷ്ടപരിഹാര പാക്കേജ് 04.02.2018 തീയതിയിൽ ജില്ലാ കളക്ടർ |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നതുമാണ്. കേരള വനവികസന കോർപ്പറേഷനാണ് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകേണ്ടതെന്നും ആയതിനാൽ വയനാട് ജില്ലാ കളക്ടർ നൽകിയ നഷ്ടപരിഹാര പാക്കേജിനുള്ള ശുപാർശ അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം ആദിവാസി പുനരധിവാസ വികസന മിഷൻ മേധാവി സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പ്രസ്തുത പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് തയ്യാറാവുമോ എന്ന് അറിയിക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2864** **13-03-2020 ൽ മറുപടിക്ക്**

**കാർഷിക ആവശ്യങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014 ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽട്രാക്ക് പ്രദേശങ്ങളിൽ നാല് ഏക്കർ വരെയും സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കർ വരെയും സ്ഥലം കാർഷിക ആവശ്യങ്ങൾക്ക് പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) 30.09.2014 ലെ ജി.ഒ (പി) 425/2014/ആർ.ഡി നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ സമതല പ്രദേശത്ത് 2 ഏക്കർ കരഭൂമിയോ നിലമോ പതിച്ച് നൽകാവുന്നതും, മലയോരപ്രദേശത്ത് 2 ഏക്കർ നിലമോ 4 ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്. ജലസേവന സൗകര്യമുള്ള ഭൂമിയാണെങ്കിൽ 2 ഏക്കർവരെ മാത്രമേ പതിച്ച് നൽകാൻ കഴിയുകയുള്ളൂ. |
| (ബി) GO (MS) 280/11 റവന്യൂ പ്രകാരം ഭൂരഹിതർക്ക് വീട് വച്ച് താമസിക്കുവാൻ വേണ്ടി പതിനഞ്ച് സെന്റ് സ്ഥലത്തിന് മാത്രമേ പട്ടയം നല്കിവരുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) 2014 ലെ ഭേദഗതി പ്രകാരം കോതമംഗലം താലൂക്കിൽ ഹിൽട്രാക്ക് പ്രദേശത്ത് 4 ഏക്കറും, സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കറും ഭൂമിയ്ക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 05/02/2020 ൽ റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ GO (MS) 280/11 ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകണമെന്ന തീരുമാനത്തിൽ കൈക്കൊണ്ട തുടർ നടപടി വിശദമാക്കാമോ; | (സി) യും (ഡി) യും (ഇ) യും 27.07.2011 ലെ ജി.ഒ (എം.എസ്) 280/2011/ആർ.ഡി നമ്പർ ഉത്തരവിൽ ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകുന്ന കാര്യം U3/282/റവ എന്ന ഫയലിൽ പരിശോധിച്ച് വരുന്നു. |
| (ഡി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ U2/282/Rev- എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | |
| (ഇ) പ്രസ്തുത ഫയലിൽ സത്വര തീരുമാനമെടുത്ത് GO (MS) 280/11 ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നല്കി കോതമംഗലം താലൂക്കിലെ പട്ടയ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2868** **13-03-2020 ൽ മറുപടിക്ക്**

## സർക്കാരിന്റെ കൈവശമുള്ള ഭൂമിയിന്മേൽ റീ-സർവ്വേ നടപടികൾ

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം എത്ര ഹെക്ടർ ഭൂമിയാണ് നിലവിലുള്ളത്;

(എ) റവന്യൂ രേഖകൾ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | സർക്കാരിന്റെ കൈവശമുള്ള ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 40219.862764 |
| കൊല്ലം | 75502.487587 |
| പത്തനംതിട്ട | 14626.592675 |
| ആലപ്പുഴ | 15995.702721 |
| കോട്ടയം | 29291.889035 |
| ഇടുക്കി | 104777.24284 |
| എറണാകുളം | 101350.563115 |
| തൃശ്ശൂർ | 54551.23 |
| പാലക്കാട് | 163137.898416 |
| മലപ്പുറം | 74396.342463 |
| കോഴിക്കോട് | 41967.12434 |
| വയനാട് | 105204.926808 |
| കണ്ണൂർ | 91577.73423 |
| കാസർഗോഡ് | 3339.16216 |
| **ആകെ** | **915938.7591 ഹെക്ടർ** |
| | **2263333.9647 ഏക്കർ** |

അവകാശതർക്കം നിലനിൽക്കുന്ന ഭൂമിയുടെ കണക്ക് ഇതിൽ ഉൾപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള ഭൂമിയിന്മേൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത റീ-സർവ്വേയിലൂടെ അന്യാധീനപ്പെട്ട ഭൂമിയുടെ കണക്കുകൾ സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും ഭൂമിയിൻമേലുള്ള റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ സർക്കാരിന്റെ കൈവശം എത്ര ഹെക്ടർ ഭൂമിയുണ്ട്; അന്യാധീനപ്പെട്ട ഭൂമിയുടെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ലയിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ അളവ് 74396•342463 ഹെക്ടറാണ്. അന്യാധീനപ്പെട്ട ഭൂമിയുടെ അളവ് 5.6961 ഹെക്ടറാണ്. |
| (ഡി) | അന്യാധീനപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്ത മാക്കുമോ? | (ഡി) | അന്യാധീനപ്പെട്ട മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .**2870** 13-03-2020 -ൽ മറുപടിക്ക്

**വണ്ടൂർ നിയോജക മണ്ഡലത്തിലെ വികസന പ്രവൃത്തികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വണ്ടൂർ നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലും വരൾച്ച ദുരിതാശ്വാസ പദ്ധതിയിലും ഉൾപ്പെടുത്തി 1-7-2016 മുതൽ 31-1-2020 വരെ റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ ; | എ) & ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല. |
| ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2871 13.03.2020-ലെ മറുപടിക്ക്

**'തോട്ടഭൂമിയുടെ വിൽപന'**

**ചോദ്യം**
**ശ്രീ. പി.ടി.എ.റഹീം**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് കേരള ഭൂപരിഷ്കരണ നിയമത്തിന് എതിരാണെന്ന് ഹൈക്കോടതി വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ 2438 ഏക്കർ (987.27 ഹെക്ടർ) വരുന്ന കിനാലൂർ എസ്റ്റേറ്റ് മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് "One earth one life" എന്ന സംഘടന ഫയൽ ചെയ്ത WP(c) 28496/16 നമ്പർ റിട്ട് പെറ്റീഷനിൽ 27/02/2019-ലെ വിധിന്യായത്തിലാണ് തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണ് എന്ന് ബഹു.ഹൈക്കോടതി നിരീക്ഷിച്ചത്. |
| (ബി) | മുറിച്ചുവിൽപന നടത്തിയ തോട്ടഭൂമി തോട്ടഭൂമിയായിത്തന്നെ നിലനിർത്തി കൃഷി ചെയ്തുവരുന്ന കർഷകരുടെ വിഷയത്തിൽ എന്തെങ്കിലും ഇളവ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം, 81(1)(e)-വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവുനൽകുന്ന തോട്ടങ്ങൾ കൈമാറ്റം ചെയ്താലും തോട്ടമായി തന്നെ സംരക്ഷിച്ചുവരുന്ന കാലത്തോളം അപ്രകാരമുള്ള കേസുകളിൽ ഒഴിവ് തുടർന്നും നിലനിൽക്കുന്നതാണ്. |
| (സി) | തോട്ടഭൂമി മുറിച്ചുവാങ്ങി പരിപാലിച്ചു വരുന്ന കർഷകരുടെയും തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | തോട്ടഭൂമി മുറിച്ചുവാങ്ങി തോട്ടമായി തന്നെ പരിപാലിച്ചുപോരുന്ന കർഷകരുടെ കേസുകളിൽ ഒഴിവിന്റെ പരിരക്ഷ തുടർന്നും ലഭിക്കും. എന്നാൽ തോട്ടഭൂമി മുറിച്ചുവാങ്ങി ഒഴിവ് ലഭിച്ച ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുമ്പോൾ ആയത് തരംമാറ്റമായി കണക്കാക്കി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 87(1) വിശദീകരണം II പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപ്രകാരം ഒഴിവ് നഷ്ടപ്പെടുന്ന കേസുകളിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(3) പ്രകാരം സർക്കാരിനുള്ള അധികാരം വിനിയോഗിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരളനിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 2875** **13.03.2020 –ൽ മറുപടിയ്ക്ക്**

### ഭവനരഹിതർക്കായി നിർമ്മിച്ച നൽകിയ ഭവനങ്ങളുടെ എണ്ണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ഭവന രഹിതർക്കായി എത്ര ഭവനങ്ങൾ നിർമ്മിച്ച നൽകി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ലൈഫ് മിഷനും വിവിധ വകുപ്പുകളും മുഖേന 2,16,373 ഭവനങ്ങൾ നിർമ്മിച്ച നൽകി.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം പൂജപ്പുര ഇന്നൊവേറ്റീവ് (അത്താണി) വാടക വീട് പദ്ധതിയുടെ 3 ഉം 4ഉം ഘട്ടങ്ങളിലൂടെ 48 ഫ്ളാറ്റുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ നിർമ്മിച്ച നൽകിയ ഭവനങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ലൈഫ് മിഷൻ മുഖേന 2,16,373 ഭവനങ്ങൾ നിർമ്മിച്ച നൽകി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: |

| Sl. No. | District | Total Completion |
|---|---|---|
| 1 | Thiruvananthapuram | 32,751 |
| 2 | Kollam | 18,599 |
| 3 | Pathanamthitta | 5,605 |
| 4 | Alappuzha | 15,840 |
| 5 | Kottayam | 7,804 |
| 6 | Idukki | 13,610 |
| 7 | Ernakulam | 15,051 |
| 8 | Thrissur | 15,889 |
| 9 | Palakkad | 25,158 |
| 10 | Malappuram | 18,215 |
| 11 | Kozhikode | 16,441 |

| | | |
|---|---|---|
| 12 | Waynad | 14,318 |
| 13 | Kannur | 9,088 |
| 14 | Kasargod | 8,004 |
| | **Total** | **2,16,373** |

(സി) സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്ക്ക രിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊ ക്കെയെന്ന് വ്യക്തമാക്കാമോ?

(സി) ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി, പി.എം.എ.വൈ (അർബൻ) - ലൈഫ്, പി.എം.എ.വൈ (ഗ്രാമീൺ) എന്നീ ഭവന നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി ഇപ്പോഴും തുടർന്നു വരുന്ന ഗൃഹശ്രീ പദ്ധതി.
2. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടകവീട് പദ്ധതി.
3. ആശ്വാസ് വാടക വീട് പദ്ധതി
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

Sulbha

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2878

13.03.2020-ൽ
മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ എത്രത്തോളം സ്ഥലമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) വിവരം ശേഖരിച്ചുവരുന്നു |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. ഭവന നിർമ്മാണ ബോർഡ് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ.

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2879

13.03.2020-ൽ
മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. വി.എസ്. ശിവകുമാർ

**ഉത്തരം**
ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള / റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമാക്കിയിട്ടുള്ള ദുർബ്ബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന / എൻ.ജി.ഒ / കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66.ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സബ്സിഡിയായി രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ പദ്ധതിയായ സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടക വീട് പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളും വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ 24 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പാക്കി വരുന്നു. വയനാട് ജില്ലയിലെ മാനന്തവാടിയിലും, കാസർഗോഡ്

ജില്ലയിലെ മാധൂറിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു.

തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണം നടന്നു വരുന്നു. അതുപോലെ പത്രപ്രവർത്തകർക്ക് വീട് വച്ചു നല്കുന്ന പദ്ധതിയായ പത്രപ്രവർത്തക ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

കൂടാതെ, വിവിധ സർക്കാർ/ അർദ്ധ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് / കൺസൾട്ടൻസി ജോലികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത ബോർഡിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടില്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ കഴിയാതെ വന്നിട്ടുണ്ട്. |
| (സി) നഗരപ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;<br><br>(ഡി) നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം നടക്കുന്നതെന്ന വിശദാംശം നൽകാമോ? | (സി) യും (ഡി) യും നഗര പ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും നഗരാതിർത്തിക്ക് പുറത്ത്, ജോലി സ്ഥലങ്ങളിൽ നിന്ന് വളരെ ദൂരത്തായി രാത്രി കാലങ്ങളിൽ താമസിക്കുന്നതിന് നിർബ്ബന്ധിതരാകുകയും ചെയ്യുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, താമസിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം പൂജപ്പുരയിൽ 4 ഘട്ടങ്ങളിലായി 88 ഫ്ലാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ 3 ഘട്ടങ്ങളിലായി 72 ഫ്ലാറ്റുകളും, കോഴിക്കോട് ചേവായൂരിൽ 2 ഘട്ടങ്ങളിലായി 40 ഫ്ലാറ്റുകളും എറണാകുളം തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളും പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2882 — 13.03.2020-ൽ മറുപടിക്ക്

## അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | വൻകിട ട്രോളിങ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ കടലിന്റെ അടിത്തട്ടിലെ മത്സ്യകുഞ്ഞുങ്ങളെ കോരി എടുക്കുന്നത് ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പിടിച്ചെടുക്കുന്ന വളർച്ചയെത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ കോഴിത്തീറ്റക്കും, വളം നിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ ശക്തമായ ഇടപെടലുകൾ മൂലം ഇത് ഒരു പരിധി വരെ നിയന്ത്രിക്കാനായിട്ടുണ്ട്. |
| (സി) | അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാവ്യതിയാനവും മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുകയും തന്മൂലം തീരദേശ മേഖല വറുതിയിലാവുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാവ്യതിയാനവും മത്സ്യ വിഭവ ശോഷണത്തിന് ഹേതുവാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നു. അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നവർക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ മത്സ്യം ലഭിക്കുന്നു. ഇത് ലാന്റിംഗ് സെന്ററുകളിൽ മത്സ്യത്തിന്റെ വില കുത്തനെ കുറയ്ക്കുന്നതിന് കാരണമാകും. ഇത് പരമ്പരാഗത/ ചെറുകിട മത്സ്യത്തൊഴിലാളികളുടെ വരുമാനക്കുറവിനു കാരണമാകുന്നു. മത്സ്യവിഭവശോഷണം പരമാവധി കുറയ്ക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യം |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 1980 ലെ കേരള കടൽ മത്സ്യ ബന്ധന നിയന്ത്രണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമഭേദഗതിയെ നടപ്പിലാക്കുന്നതിന് പുതിയ ചട്ടങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെയും കോസ്റ്റൽ പോലീസിന്റെയും സഹായത്തോടെ ഈ നിയമം ശക്തമായി നടപ്പിലാക്കി വരുന്നു. ഇത്തരം നടപടികളുടെ ഫലമായി കടൽമത്സ്യങ്ങളുടെ ഉല്പാദനം 2015 ൽ 4.82 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നത് 2018 ലെത്തിയപ്പോൾ 6.42 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചുവെന്നാണ് CMFRI പഠനം വെളിപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | രാജ്യത്ത് ഏർപ്പെടുത്തിയ രാത്രികാല ട്രോളിങ് നിരോധനം പൂർണ്ണമായും ലംഘിച്ചാണ് പ്രസ്തുത മത്സ്യബന്ധനം എന്നതിനാൽ ഇത് തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ? | (ഡി) | രാത്രികാല ട്രോളിംഗ് തടയാൻ രാത്രി പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. എല്ലാ മറൈൻ ജില്ലകളിലും റസ്ക്യൂ ബോട്ടുകളും ലൈഫ് ഗാർഡുകളെയും സജ്ജമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവരിൽ നിന്നും വർദ്ധിച്ച തോതിൽ ഫൈൻ ഈടാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## (പതിനാൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2883 13.03.2020-ൽ മറുപടിയ്ക്ക്**

**<u>മത്സ്യസമ്പത്തിന്റെ പരിരക്ഷണത്തിനായുള്ള നടപടികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും മത്സ്യലഭ്യതയും തമ്മിലുള്ള അനുപാതം എത്രയെന്ന് വിശദമാക്കാമോ; | എ) 2016-ൽ സി.എം.എഫ്.ആർ.ഐ. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മത്സ്യത്തിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുളള അന്തരം കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ സാധിക്കുന്നത്. |
| ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ മത്സ്യമെത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മത്സ്യമെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അതിന്റെ തോത് വകുപ്പിൽ ലഭ്യമല്ല. |
| സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസരണമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ തദ്ദേശീയമത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും, |

വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. നടപ്പ സാമ്പത്തിക വർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വക കൊള്ളിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കു ന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ അഷ്ടമുടി/ വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതു വഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. കടൽ മത്സ്യസമ്പത്തിന്റെ വർദ്ധനവ് ലക്ഷ്യമാക്കി തിരുവനന്തപുരം ജില്ലയിലെ കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

ഡി) താപനില ഉയരുന്ന സാഹചര്യത്തിൽ മത്സ്യസമ്പത്തിന്റെ പരിരക്ഷണ ത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ചും പുതിയ കേരള കടൽ മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ നടപ്പിലാക്കിയും അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാന വലകളുടെ പരമാവധി വലിപ്പവും കണ്ണിവലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പെയ്സീൻ, പെലാജിക് ട്രോൾ, ബുൾ ട്രോൾ (പെയർട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്. പി വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെൻറ്

കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജന പ്പെടുത്തുന്നുണ്ട്. സി. എം. എഫ്. ആർ. ഐയുടെ പഠനറിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ വംശനാശഭീഷണി നേരിടുന്ന 58 മത്സ്യ ഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചു തുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 Trapezoidal ആകൃതിയിലുള്ള കൃത്രിമ പ്പാരുകൾ സ്ഥാപിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുന്ന പ്രവൃത്തി നടന്ന് വരുന്നു. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപ്പള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനുള്ള 200 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമാകുകയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരികയുമാണ്.

ഇതു കൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചു തുറ, പുതിയ തുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രോളിംഗ് നിരോധനം 47 ദിവസത്തിൽ നിന്ന് 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നീലവിപ്ലവം

പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി കേജും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2884** **13.03.2020-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന കോർപ്പറേഷൻ മുഖേന നൽകിയ പദ്ധതികളുടെ അംഗീകാരം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി അംഗീകാരം നൽകിയ മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം, പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം, കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം എന്നീ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗവണ്മെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂൾ പുനരുദ്ധരിക്കുന്നതായി 203.81861 ലക്ഷം രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവ കിഫ്ബിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനായി യഥാക്രമം 82.82 ലക്ഷം, 300.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2885 — 13.03.2020-ൽ മറുപടിക്ക്

**മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി.ഡി.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി.ഡി.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | എൻ.സി.ഡി.സി-യുടെ ധനസഹായത്തോട്ടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധനോപകരണങ്ങളുടെ വിതരണവും, മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക, ട്രെയിനിംഗ് & എക്സ്റ്റൻഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷം മുതൽ മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന എൻ.സി.ഡി.സി ധനസഹായത്തോട്ടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി പലിശ രഹിത വായ്പാ പദ്ധതിയായി നടപ്പിലാക്കുന്നു. എൻ.സി.ഡി.സി-ക്ക് നൽകേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുന്നു. പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിന് പലിശ സബ്സിഡി നൽകാൻ 96 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തൽ. |
| (ബി) | 2018-19 ൽ എൻ.സി.ഡി.സി. സഹായത്തോടെയുള്ള പദ്ധതികൾക്ക് ആകെ വകയിരുത്തിയിരുന്നത് എത്ര കോടി രൂപയായിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ? | (ബി) | 2018-19-ൽ എൻ.സി.ഡി.സി-യുടെ സഹായത്തോടെയുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതത്തിലൂടെയും അഡീഷണൽ ഓതറൈസേഷനിലൂടെയും മത്സ്യഫെഡിന് 22.49 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2886

13.03.2020-ൽ മറുപടിക്ക്

### മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായുള്ള പദ്ധതി ചെലവ്

ചോദ്യം | ഉത്തരം

| | ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2018-19 ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | 2018-19 ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ 50,429 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 34,680.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലെ കേന്ദ്ര സഹായ പദ്ധതികളിൽ 2018-19 ൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ? | (ബി) | കേന്ദ്ര സഹായ പദ്ധതികളിൽ 2018-19 ൽ 63.06 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 19.81 കോടി രൂപ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്കായും 43.25 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്. ആകെ ചെലവായ 27.283 കോടി രൂപയിൽ ഫിഷറീസ് വകുപ്പ് 13.443 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 13.84 കോടി രൂപയുമാണ് ചെലവഴിച്ചത്. കൂടാതെ മുൻ വർഷങ്ങളിൽ കേന്ദ്രസർക്കാർ നൽകാതിരുന്ന 46.865 കോടി രൂപ അനുവദിക്കുകയും ആയത് മുഴുവനും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും 56 കോടിയോളം രൂപയുടെ കേന്ദ്രസഹായം, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച് കിട്ടാത്തതായുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2887

13.03.2020-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.എം. നൗഷാദ്**<br>**,, വി. അബ്ദുറഹിമാൻ**<br>**,, സി.കൃഷ്ണൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സമ്പാദ്യ സമാശ്വാസ പദ്ധതി<br>• തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>• വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>• ട്രോൾബാൻ കാലയളവിൽ സൗജന്യ റേഷൻ<br>• മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.<br>• സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>• DAT, GPS, എക്കോ സൗണ്ടർ എന്നിവയുടെ വിതരണം.<br>• ഓഖി പുനരധിവാസ പദ്ധതികൾ.<br>• മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.<br>• പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കളിൽ നിന്നും (ഓഖിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുൻഗണന) 200 പേരെ കോസ്റ്റൽ പോലീസിൽ കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | • ഘട്ടംഘട്ടമായി മറൈൻ പ്ലൈവുഡ്, തടി വള്ളങ്ങളിൽ നിന്നും കൂടുതൽ ബലവത്തായ എഫ്.ആർ.പി. ബോട്ടുകളിലേയ്ക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പരിവർത്തനം ചെയ്യുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 200 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതി.<br>• ഓഖി ദുരന്തത്തിൽപ്പെട്ട് പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യാനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 എഫ്.ആർ.പി. ബോട്ടുകളും മറ്റു മത്സ്യബന്ധന അനുസാരികളും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.<br>• കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയെ, നാവിക്, സാറ്റലൈറ്റ് ഫോൺ, ഡാറ്റ്, ജി.പി.എസ്. വി.എച്ച്.എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ തുടങ്ങിയവ വിതരണം ചെയ്യുന്ന പദ്ധതികൾ.<br>• കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വളരെ വേഗം രക്ഷിച്ച് കരയ്ക്കെത്തിക്കുന്നതിനും പ്രഥമശുശ്രൂഷ നൽകുന്നതിനുമായി മൂന്ന് മറൈൻ ആംബുലൻസ് ലഭ്യമാക്കുന്ന പദ്ധതി.<br>• കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കും വേണ്ടി 900 മത്സ്യത്തൊഴിലാളി യുവാക്കൾ അടങ്ങുന്ന കടൽ സുരക്ഷാ സ്ക്വാഡ്.<br>തുടങ്ങിയവ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളാണ്.<br>ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് വേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ നേട്ടം ലഭിക്കുന്നതിനായി വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോളിംഗ് നിരോധന കാലയളവ് ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ? | (സി) | സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ട്രോൾബാൻ മൂലം മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് ലഭ്യമായിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം) 2013-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശയുടെ കൂടെ അടിസ്ഥാനത്തിൽ 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്നും 52 ദിവസമായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

### മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി, എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്. സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോട്ടുകൂടിയുള്ള പദ്ധതികൾ, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, വലകൾക്കുള്ള സബ്സിഡി പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി, മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി.

### മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു വഴിയുള്ള പദ്ധതികൾ

മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി, മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി, സംയോജിത PMJJBY/PMSBY/AABY പദ്ധതി, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാ ലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം, വിവാഹ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മരണത്തോടനു ബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി, കുടുംബ സംവിധാന പദ്ധതി, മാരക രോഗ ചികിത്സാ പദ്ധതി, ചെയർമാൻസ് റിലീഫ് ഫണ്ട് ബോർഡിന്റെ പ്രത്യേക ധനസഹായ പദ്ധതി, പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, ബോധവൽക്കരണ പരിപാടികൾ, അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി.

### സാഫ് നടപ്പാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, തീരമൈത്രി പദ്ധതി, പലിശരഹിത വായ്പാ പദ്ധതി, 3R Package for Ensuring sustainable Livelihoods of Fisher women in Kerala എന്ന പദ്ധതി, Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി.

### തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളികളുടെ പൊതു അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ തീര സംരക്ഷണം, ഹാർബർ നിർമ്മാണം, വിദ്യാഭ്യാസ ആരോഗ്യ അടിസ്ഥാന സൗകര്യ വികസനങ്ങൾ, കുടിവെള്ള വിതരണം, മത്സ്യമാർക്കറ്റുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, നെറ്റ്മെൻഡിംഗ് യാർഡുകൾ, റോഡ് നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, പൊതു ടോയ്‌ലറ്റുകൾ, ലൈബ്രറികൾ, അംഗൻവാടികൾ, ഫിഷ് ഫാം വികസനം എന്നിവയാണ് നടപ്പാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2888

13.03.2020-ൽ മറുപടിക്ക്

## മത്സ്യബന്ധന മേഖലയിൽനിന്നുള്ള വരുമാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിൽ സമുദ്രമേഖലയിലെ മത്സ്യബന്ധനത്തിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; | (എ) | 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ സമുദ്ര മേഖലയിലെ മത്സ്യോത്പാദനത്തിൽ നിന്നുള്ള വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.<br>വർഷം വരുമാനം (ലക്ഷത്തിൽ)<br>2016-17 795782<br>2017-18 886869<br>2018-19 943704<br>2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങൾ പരിശോധിച്ചാൽ സമുദ്ര മത്സ്യമേഖലയിലെ മത്സ്യബന്ധനത്തിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്.<br>2016-17 വർഷത്തെ അപേക്ഷിച്ച 2017-18 വർഷത്തിൽ സമുദ്ര മേഖലയിലെ മത്സ്യോത്പാദനത്തിൽ നിന്നുള്ള വരുമാനത്തിൽ 91,087 ലക്ഷം രൂപയുടെയും 2017-18 നെ അപേക്ഷിച്ച 2018-19 വർഷത്തിൽ 56,835 ലക്ഷം രൂപയുടെയും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി ഫിഷറീസ് മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിൽ ഗുണകരമാകുമെന്ന് വിശദമാക്കുമോ; | (ബി) | രാജ്യത്തെ മത്സ്യബന്ധന മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ പ്രത്യേക മന്ത്രാലയം കൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. സംസ്ഥാനങ്ങളുടെ അധികാര പരിധിക്ക് പുറത്ത്, ആയത് EEZ-ൽ മത്സ്യബന്ധന നിയന്ത്രണ നിയമം കൊണ്ട് വരാൻ ഉദ്ദേശിക്കുന്നതും, ബ്ലൂറവല്യൂഷൻ, സാഗരമാല തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതും, MLS പോലുള്ള വിഷയങ്ങളിലും MFRA നിയമങ്ങൾ പരിഷ്കരിക്കുന്ന വിഷയത്തിലും |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്കാകെ ഏകീകൃത നിർദ്ദേശങ്ങൾ നൽകുവാനും അവ നടപ്പിലാക്കുന്നുണ്ടെന്ന് നിരീക്ഷിക്കാനും കഴിയുന്നതൊക്കെ പുതിയ ഫിഷറീസ് മന്ത്രാലയം വന്നതിന് ശേഷമുള്ള ഗുണകരമായ മാറ്റങ്ങളായി നിരീക്ഷിക്കാവുന്നതാണ്. |
| (സി) | മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര ഇടപെടൽ വേണ്ടുന്ന വിഷയങ്ങൾ ഫിഷറീസ് മന്ത്രാലയത്തിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ കൊണ്ട് വരാനുദ്ദേശിക്കുന്ന പുതിയ കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ള വിഷയങ്ങളിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിൽ ഭൂരിപക്ഷവും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്ന വിഷയത്തിലും കടലോര സംസ്ഥാനങ്ങൾക്കാകെ നിർദ്ദേശങ്ങൾ നൽകാനും ഏകോപിപ്പിക്കാനും കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. കേരളം മുൻകൈയ്യെടുത്തു 2018 ൽ സംഘടിപ്പിച്ച സൗത്ത് ഇൻഡ്യൻ ഫിഷറീസ് മിനിസ്റ്റർമാരുടെ കോൺഫറൻസിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ആഴക്കടൽ മത്സ്യബന്ധനത്തിനനുയോജ്യമായ ബോട്ടുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്നതിന് നിശ്ചയിച്ചിരുന്ന യൂണിറ്റ് കോസ്റ്റ് 80 ലക്ഷം രൂപയിൽ നിന്നും 1.5 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നും കേരളത്തിൽ 100 ആഴക്കടൽ ബോട്ടുകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സബ്സിഡി മണ്ണെണ്ണ വർദ്ധിപ്പിക്കുന്ന വിഷയത്തിലും നോൺ പി.ഡി.എസ് മണ്ണെണ്ണ വർദ്ധിപ്പിക്കുന്ന കാര്യത്തിലും കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | ഇന്ത്യയിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യബന്ധനത്തിൽ കേരളം പിന്നിലാണെന്നത് കണക്കിലെടുത്ത് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി |

| | | | |
|---|---|---|---|
| | | | മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ തദ്ദേശീയ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. നടപ്പ സാമ്പത്തിക വർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. |
| (ഇ) | സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളി ജനസംഖ്യയുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളുടെ (2018-19) എണ്ണം 2,42,954 ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Registered Number of Active Fishermen in Fund Board 2018-19

| Sl No | State/District | Active Fishermen | | |
|---|---|---|---|---|
| | | Male | Female | Total |
| | Kerala | 213058 | 29896 | 242954 |
| 1 | Kasaragod | 7846 | 2914 | 10760 |
| 2 | Kannur | 6466 | 330 | 6796 |
| 3 | Wayanad | 24 | 3 | 27 |
| 4 | Kozhikode | 23498 | 470 | 23968 |
| 5 | Malappuram | 36806 | 161 | 36967 |
| 6 | Palakkad | 508 | 0 | 508 |
| 7 | Thrissur | 6458 | 92 | 6550 |
| 8 | Ernakulam | 23731 | 2126 | 25857 |
| 9 | Idukki | 203 | 12 | 215 |
| 10 | Kottayam | 4873 | 353 | 5226 |
| 11 | Alappuzha | 41135 | 2986 | 44121 |
| 12 | Pathanamthitta | 220 | 12 | 232 |
| 13 | Kollam | 23990 | 3714 | 27704 |
| 14 | Thiruvananthapuram | 37300 | 16723 | 54023 |

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2889 — 13.03.2020-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭങ്ങളിലും കടലാക്രമണങ്ങളിലും മറ്റും അകപ്പെട്ട് മത്സ്യബന്ധനയാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രകൃതിക്ഷോഭങ്ങളിലും കടലാക്രമണങ്ങളിലും മറ്റും അകപ്പെട്ട് മത്സ്യബന്ധനയാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെട്ടവരുടെ ക്ഷേമത്തിനായി 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയുമാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2018-19 – ൽ ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2018-19 ൽ 647 മത്സ്യബന്ധനയാന ഉടമകൾ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും, എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നു വരികയാണ്. ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും, ഭാഗികമായും നഷ്ടപ്പെട്ട 480 മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7.35 കോടി രൂപ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ടി ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ട യാനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 എഫ്. ആർ. പി. മത്സ്യബന്ധന യൂണിറ്റുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൂടാതെ പൊന്നാനിയിൽ അപ്രതീക്ഷിതമായുണ്ടായ കടലാക്രമണത്തിൽപ്പെട്ട് നാശനഷ്ടം നേരിട്ട 39 മത്സ്യബന്ധന യാനങ്ങൾക്ക് 2,30,74,585/- രൂപ നഷ്ട പരിഹാരം നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളിൽ മത്സ്യബന്ധനയാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെടുന്നവർക്ക് ജില്ലാ കളക്ടർമാർ മുഖാന്തിരം SDRF മാനദണ്ഡമനുസരിച്ച് അനുവദനീയമായ നഷ്ട പരിഹാരം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ദുരിതത്തിലായ മത്സ്യതൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | 2018 – ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് (2018-ലെ 38-ാം ആക്ട്) 9 എ വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ദുരിത ബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാകുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.<br>ടി വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്ത വിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് |

| | | | |
|---|---|---|---|
| | | | ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.<br>ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതി ത്തള്ളുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റ് അടിച്ച ദിവസം (29/11/2017) വരെയുള്ള വായ്പ തുകയിലെ മുതലിന്റെ 60% സംസ്ഥാന സർക്കാർ വഹിക്കാമെന്നും മുതലിന്റെ 40% ബാങ്കുകൾ വഹിക്കണമെന്നും പലിശയും പിഴപ്പലിശയും ബാങ്കുകൾ ഒഴിവാക്കിക്കൊടുക്കണമെന്നുമായിരുന്നു പാക്കേജിലെ പ്രധാന നിർദ്ദേശം. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളു ടെയും ആശ്രിതരുടെയും പേരിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവരുടെ വിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാറിന് നൽകിയിട്ടുണ്ട്.<br>നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ബാങ്കുമായി ചേർന്നുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പാണ്. ഇത് സംബന്ധിച്ച് ജില്ലാതല മേൽനോട്ടം അതാത് ജില്ലയിലെ ദുരന്ത നിവാരണ വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനാണ്. ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ബാങ്കുകളുമായും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെടുന്നതിനുള്ള അറിയിപ്പ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2890

13.03.2020-ൽ മറുപടിക്ക്

മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ചിറയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിന്ന് ആഴക്കടൽ മത്സ്യബന്ധനത്തിന് പോയി വിവിധ കാരണങ്ങളാൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ; | (എ) | കടലിൽ മത്സ്യബന്ധനത്തിന് പോയി അപകടത്തിൽപ്പെടുകയോ, കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും കരയ്ക്കെത്തിക്കുന്നതിനും ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ തിരച്ചിൽ നടത്താറുണ്ട്. 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും അവരുടെ അത്യാധുനിക സംവിധാനങ്ങളുള്ള ഹെലികോപ്റ്ററും, ഡോണിയർ വിമാനങ്ങളും, കപ്പലുകളും തിരച്ചിലിനും രക്ഷാ പ്രവർത്തനങ്ങൾക്കുമായി ലഭ്യമാക്കാറുണ്ട്. കൂടാതെ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും അതിവേഗം കരയ്ക്കെത്തിക്കുന്നതിനും പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ മറ്റ് രാജ്യങ്ങളിൽ എത്തിപ്പെടുകയും അവിടെ തടവിലാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ അവരെ മോചിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ ശ്രമങ്ങൾ ഏത് വിധത്തിലൊക്കെ നടത്തുമെന്നറിയിക്കുമോ; | (ബി) | മറ്റ് രാജ്യങ്ങളിൽ തടവിലാക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് രാജ്യത്തെ വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും വിദേശകാര്യ മന്ത്രാലയത്തിന്റെ ഇടപെടലിലൂടെ പരമാവധി മോചനം സാധ്യമാക്കുകയുമാണ് ചെയ്തു വരുന്നത്. മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന കുറ്റ കൃത്യത്തിന് ആനുപാതികമായി ബന്ധപ്പെട്ട രാജ്യത്തെ നിയമങ്ങൾക്കനുസരിച്ചുള്ള പിഴ ശിക്ഷ, തടവ് ശിക്ഷയും പലപ്പോഴും മത്സ്യത്തൊഴിലാളികൾ വിധേയരാവാറുണ്ട്. |
| (സി) | കൊറോണ രോഗഭീതിയെത്തുടർന്ന് ഇറാനിൽ കുടുങ്ങിപ്പോയ | (സി) | ഇറാനിൽ കൊറോണ വൈറസ് ബാധ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രാജ്യത്ത് കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴി |

| | | | |
|---|---|---|---|
| | ഇരുപത്തിമൂന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും, തിരികെ നാട്ടിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | | ലാളികളെ തിരികെ എത്തിക്കുന്നതിനുള്ള സഹായമഭ്യർത്ഥിച്ചുകൊണ്ട് ബഹു: മുഖ്യമന്ത്രി 01.03.2020 ന് കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്തയച്ചിട്ടുണ്ട്. നോർക്ക വകുപ്പിലെ 02.03.2020 ലെ കത്ത് പ്രകാരം ഇറാനിലെ ഇന്ത്യൻ എംബസിയുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും സഹായം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2891

13.03.2020-ൽ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീമതിഷാനിമോൾ ഉസ്മാൻ<br>ശ്രീ.എം. വിൻസെന്റ്<br>,, ടി.ജെ. വിനോദ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി ഫിഷറീസ് വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവനു സുരക്ഷ മുൻനിർത്തി നിരവധി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി, ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 15000 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സബ്സിഡിയോടെ നൽകി വരുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും, പ്രാഥമിക ചികിത്സയും ലഭ്യമാക്കത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പുരോഗമിക്കുകയാണ്. മത്സ്യ |

| | | | |
|---|---|---|---|
| | | | ത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളും ലാൻറിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഇതിനകം 17033 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തിര ഘട്ടങ്ങളിൽ തീരകടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. 2018-19 വർഷത്തെ 'കടൽ സുരക്ഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ജി.പി.എസ്. സംവിധാനമുള്ള ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലായെന്നും, അപകടത്തിൽപ്പെട്ട പല വള്ളങ്ങളിലും ഇത് ഉപയോഗിച്ചിട്ടും ആരും രക്ഷാ പ്രവർത്തനത്തിന് എത്തിയില്ലായെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപകടത്തിൽപ്പെട്ടാൽ ബീക്കൺ സ്വിച്ച് അമർത്തുകയോ, ബീക്കൺ കടൽ വെള്ളത്തിൽ വീഴുകയോ ചെയ്താൽ അപ്പോൾ തന്നെ മെസ്സേജുകൾ കോസ്റ്റ് ഗാർഡ് കൺട്രോൾ റൂമിൽ എത്തുകയും അത് ഫിഷറീസ് വകുപ്പിന് അപ്പോൾ തന്നെ കൈമാറുകയും ഉടൻ തന്നെ രക്ഷാപ്രവർത്തനം തുടങ്ങുകയുമാണ് ചെയ്തു വരുന്നത്. |
| (സി) | ഈ വർഷം കേരള തീരത്ത് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ പ്രസ്തുത സംവിധാനം ഉണ്ടായിരുന്നോ; | (സി) | റേഡിയോ ബീക്കണിന്റെ ആയുസ്സ് 5 മുതൽ 7 വർഷം വരെയാണ്. നിലവിൽ ബീക്കൺ ലഭ്യമാക്കി 10 വർഷം ആകുന്നതിനാൽ ആയവ തിരിച്ചെടുത്ത് നശിപ്പിച്ചു കളയുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളും, | (ഡി) | ഓഖി പുനരധിവാസ പദ്ധതികളുടെ ഭാഗമായി 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് |

| | | | |
|---|---|---|---|
| | ബോട്ടുകളും ഐ.എസ്.ആർ.ഒ.യുടെ ഗതിനിർണ്ണയ ഉപഗ്രഹ ശൃംഖലയായ നാവിക്കിന്റെ കീഴിൽ ആക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | | ഉപകരണങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട്, ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെൻറ് ഒപ്പ് വെച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്ന് വരുന്നു. കെൽട്രോൺ ഇതുവരെ നിർമ്മിച്ചു നൽകിയ 1550 നാവിക് ഉപകരണങ്ങളിൽ 1500/- രൂപ ഗുണഭോക്തൃ വിഹിതം അടച്ച ഒൻപത് തീരദേശ ജില്ലകളിലെ 938 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തു. നിലവിലുള്ള നാവിക് ഉപകരണങ്ങൾക്ക് വൺവേ കമ്മ്യൂണിക്കേഷൻ (കരയിൽ നിന്നും ബോട്ടുകളിലേക്ക് മാത്രം) ആയതിനാൽ സുരക്ഷാ മുന്നറിയിപ്പുകളും, കാലാവസ്ഥാ അറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ നാവിക് ഉപകരണങ്ങളിൽ ലഭ്യമാകുമെന്നല്ലാതെ അപകടം സംബന്ധിച്ച വിവരങ്ങൾ കരയിലേക്ക് അറിയിക്കുവാൻ കഴിയാത്തതുമൂലം മത്സ്യത്തൊഴിലാളികൾ നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് വിമുഖത കാണിച്ചതിനെ തുടർന്ന് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ISRO പ്രതിനിധികൾ, കെൽട്രോൺ, INCOIS, എന്നിവരുമായി നടത്തിയ ചർച്ചയിൽ നാവിക്ക് ഉപകരണങ്ങൾക്ക് ടൂവേ സാങ്കേതികവിദ്യ ISRO വികസിപ്പിച്ച് കൊണ്ടിരിക്കുകയാണെന്നും ആയത് കെൽട്രോണിന് അവർ കൈമാറാമെന്നും ധാരണയായിട്ടുണ്ട്. അതിനുശേഷം മാത്രം ശേഷിക്കുന്ന 2500 എണ്ണം നിർമ്മിച്ചു നൽകാമെന്നും തീരുമാനിച്ചു |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2892** **13.03.2020-ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) പുനർഗേഹം പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് വീട് വയ്ക്കാൻ പത്ത് ലക്ഷം രൂപ വീതം നൽകുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) "പുനർഗേഹം" പദ്ധതി പ്രകാരം 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നൽകുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| ബി) പുനർഗേഹം പുനരധിവാസ പദ്ധതിയിൽ ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ (HTL) നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളും.<br>2. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന.<br>3. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ഒരേ വീട്ടിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. എന്നാൽ ഭൂമിയുടെയും വീടിന്റെയും ഉടമയ്ക്കായിരിക്കും ആദ്യ പരിഗണന.<br>4. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്ന-വരായിരുന്നാലും, അവർ വ്യത്യസ്ത കുടുംബങ്ങളായി സ്വന്തമായി വീടില്ലാത്തതു കൊണ്ടുമാത്രം, മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്. |

| | |
|---|---|
| സി) വീട് വയ്ക്കാനുള്ള സ്ഥലം ആരാണ് കണ്ടെത്തേണ്ടതെന്നും എത്ര സെന്റ് സ്ഥലത്തിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | സി) വീട് വയ്ക്കാനുള്ള സ്ഥലം ഗുണഭോക്താവ് സ്വന്തം നിലയിലാണ് കണ്ടെത്തേണ്ടത്. 2 മുതൽ 3 സെൻറ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിക്കുന്നു. |
| ഡി) ചില ജില്ലകളിൽ സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച മത്സ്യത്തൊഴിലാളികളെ അവിടങ്ങളിൽ താമസിക്കാൻ നിർബന്ധിക്കുകയും പുനർഗേഹം പദ്ധതിയുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനുള്ള അധികാരം ജില്ലാ ഭരണാധികാരികൾക്കു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുനർഗേഹം പദ്ധതിയിൽ പുനരധിവാസത്തിനായി വ്യക്തിഗത വീട് നിർമ്മാണം, ഫ്ളാറ്റ് നിർമ്മാണം എന്നീ രീതികൾ അനുവർത്തിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും ഭൂമിയും വീടും ഉൾപ്പെടെ വാങ്ങുന്നതിനും, ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന റസിഡന്റ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങി പ്രസ്തുത ഭൂമിയിൽ ഫ്ളാറ്റ് അപ്പാർട്ട്മെന്റ് സ്വന്തം നിലയിൽ നിർമ്മിക്കുന്നതിനും പദ്ധതിയിൽ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സർക്കാർ ഭൂമിയിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ ഏതു രീതി വേണമെന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**

**<u>അനുബന്ധം</u>**

| ജില്ല | വേലിയേറ്റ രേഖയിൽ നിന്നുള്ള ഭവനത്തിന്റെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3339 |
| കൊല്ലം | 1580 |
| ആലപ്പുഴ | 4660 |
| എറണാകുളം | 1618 |
| തൃശ്ശൂർ | 408 |
| മലപ്പുറം | 1806 |
| കോഴിക്കോട് | 2609 |
| കണ്ണൂർ | 1512 |
| കാസർഗോഡ് | 1153 |
| **ആകെ** | **18685** |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ

## (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2893** **13.03.2020-ൽ മറുപടിയ്ക്ക്**

### മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിച്ച തുക

| ചോദ്യം<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കുന്നില്ല. ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. എന്നാൽ വകുപ്പ് മുൻവർഷങ്ങളിൽ നടപ്പാക്കിയ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിനായി ആകെ 1823.50 ലക്ഷം രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ Open Defecation Free (ODF) ക്യാമ്പയിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 3777 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയലറ്റ് നിർമ്മാണത്തിന് അധിക ധനസഹായമായി 10,000/- രൂപ വീതം അനുവദിക്കുന്നതിന് 377.70 ലക്ഷം രൂപയും ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്.<br>നിലവിൽ ഭൂമിയുള്ള ഭവന രഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫ് മിഷനിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ഫിഷറീസ് വകുപ്പിൽ ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെയും ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |
| ബി) ഇതിനായി ലൈഫ് പദ്ധതിയിലാണോ അതോ വകുപ്പിന്റെ തനതു പദ്ധതിയിലാണോ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ലൈഫ് പദ്ധതി മുഖേനയാണ് ഭവന പദ്ധതികൾ വകുപ്പിന്റെ നടപ്പുവർഷം മുതൽ നടപ്പാക്കുക. ഭവന നിർമ്മാണത്തിനായി ഫിഷറീസ് വകുപ്പിന് മുൻവർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക 2018-19 വർഷം മുതൽ ലൈഫ് മിഷനിലേക്ക് ഭവന പദ്ധതി നിർവ്വഹണത്തിനായി മാറ്റി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ലൈഫ് പദ്ധതിയിലാണ് ഇക അനുവദിക്കുന്നതെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ ഉള്ളതെന്ന് വിശദമാക്കുമോ? | സി) | സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ അർഹരായ എല്ലാ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കും. എന്നാൽ പട്ടികജാതി/ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെൻറിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ധനസഹായം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും അവർ വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരേയും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായിട്ടു സ്വന്തമായി വീടില്ലാത്തതുകൊണ്ട് മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതായിരിക്കും. |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2894** **13.03.2020-ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ കൂടലിൽ ആധുനിക മത്സ്യമാർക്കറ്റ്**

| ചോദ്യം<br>ശ്രീ.കെ.യു. ജനീഷ് കുമാർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കോന്നി നിയോജകമണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിൽ കൂടൽ മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | എ) നിർദ്ദിഷ്ട മാർക്കറ്റ് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നതാണ്. |
| ബി) ഗുണനിലവാരമുള്ള മത്സ്യം ലഭിക്കുന്നതിനായുള്ള മൊബൈൽ മത്സ്യ വാഹനമായ 'അന്തിപ്പച്ച' മണ്ഡലത്തിൽ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ബി) പച്ച മത്സ്യം വിപണനം ചെയ്യുന്ന അന്തിപ്പച്ച എന്ന സഞ്ചരിക്കുന്ന മത്സ്യവില്പനശാല തീരപ്രദേശത്ത് നിന്നും വളരെ അകലത്തിൽ സ്ഥിതി ചെയ്യുന്ന കോന്നി നിയോജക മണ്ഡലത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ചില സാങ്കതിക ബുദ്ധിമുട്ടുകൾ ഉണ്ട് . |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2895** **13.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കിഫ്ബിയിലുൾപ്പെടുത്തി മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.47 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. അതിൽ 41.74 കോടി രൂപയ്ക്ക് 15 മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ ഇതിനകം തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ബാക്കിയുള്ളവയുടെ ഡി.പി.ആർ ഉം ഉടൻ സമർപ്പിക്കുന്നതാണ്. |
| ബി) കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കാമോ; | ബി) | കൊണ്ടോട്ടി മത്സ്യമാർക്കറ്റ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി 323.86 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. |
| സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് വേണ്ടി പദ്ധതി തയ്യാറാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | സി) | കിഫ്ബി ധനസഹായത്തോടെ 65 മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 41.73 കോടി രൂപയുടെ 15 മത്സ്യമാർക്കറ്റുകൾ ഇതിനോടകം തന്നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അംഗീകാരത്തിനായി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. കിഫ്ബിയുടെ അംഗീകാരം ലഭ്യമായാൽ ഉടൻ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. മറ്റു മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി വരുന്നു |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | നിയോജക മണ്ഡലം | പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | വർക്കല | 202.00 |
| 2 | പഴയകുന്നുമേൽ | തിരുവനന്തപുരം | ആറ്റിങ്ങൽ | 294.32 |
| 3 | നടുക്കാട് | തിരുവനന്തപുരം | കാട്ടാക്കട | 201.34 |
| 4 | പേരൂർക്കട | തിരുവനന്തപുരം | വട്ടിയൂർക്കാവ് | 1211.71 |
| 5 | നെയ്യാറ്റിൻകര | തിരുവനന്തപുരം | നെയ്യാറ്റിൻകര | 415.83 |
| 6 | പനച്ചമൂട് | തിരുവനന്തപുരം | പാറശ്ശാല | 475.00 |
| 7 | നിലക്കാമുക്ക് | തിരുവനന്തപുരം | ആറ്റിങ്ങൽ | 144.12 |
| 8 | തങ്കശ്ശേരി | കൊല്ലം | കൊല്ലം | 196.50 |
| 9 | കടപ്പാക്കട | കൊല്ലം | കൊല്ലം | 145.33 |
| 10 | പള്ളിമുക്ക് | കൊല്ലം | ഇരവിപുരം | 160.99 |
| 11 | മൂന്നാംകുറ്റി | കൊല്ലം | ഇരവിപുരം | 129.89 |
| 12 | സൗത്ത് പരവൂർ | കൊല്ലം | ചാത്തന്നൂർ | 181.06 |
| 13 | ആലുംമൂട് | കൊല്ലം | കുണ്ടറ | 150.88 |
| 14 | മണ്ണഞ്ചേരി | ആലപ്പുഴ | ആലപ്പുഴ | 139.26 |
| 15 | ചെത്തി | ആലപ്പുഴ | ആലപ്പുഴ | 125.74 |
| | ആകെ | | | 4173.97 |

(ഒപ്പ്)

**സെക്ഷൻ ആഫീസർ**

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2896

13.03.2020-ൽ മറുപടിക്ക്

### ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ

ചോദ്യം

ഉത്തരം

| | ശ്രീ.സജി ചെറിയാൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ പ്രൊജക്റ്റിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) & (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ; വിവരിക്കാമോ? | | |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2897** **13.03.2020-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണം</u>**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| മാവേലിക്കര മണ്ഡലത്തിലെ പ്രധാനപ്പെട്ട മാർക്കറ്റുകളായ താമരക്കുളം, പുതിയകാവ്, മാങ്കാംകുഴി എന്നിവയുടെ ആധുനിക നിലവാരത്തിലുള്ള നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2898** **13.03.2020-ൽ മറുപടിയ്ക്ക്**

**<u>മായം ചേർത്ത മത്സ്യങ്ങളുടെ പരിശോധന</u>**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മായം ചേർത്തതായി സംശയിച്ച് എത്ര ടൺ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br><br>ബി) ഇത്തരത്തിൽ പിടിച്ചെടുത്ത് നശിപ്പിച്ച മത്സ്യത്തിന്റെ സാമ്പിളുകളിൽ എത്ര യെണ്ണത്തിൽ മായം ചേർത്തതായി കണ്ടെത്തിയിട്ടുണ്ട്;<br><br>സി) ഇത്തരത്തിൽ പിടികൂടി നശിപ്പിച്ച മത്സ്യത്തിന്റെ സാമ്പിൾ പരിശോധന യിൽ മായം ചേർത്തിട്ടില്ല എന്ന് തെളിഞ്ഞ കേസുകളിൽ മത്സ്യ കച്ചവട ക്കാർക്ക് ഉണ്ടായിട്ടുള്ള അപരിഹാര്യ മായ നഷ്ടം നികത്തുന്നതിന് മത്സ്യ ബന്ധന വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;<br><br>ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ; വിശദ മാക്കാമോ? | എ), ബി), സി) & ഡി) ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി വിവിധ ജില്ലകളിൽ നടത്തിയ പരിശോധനകളിൽ മായം കണ്ടെത്തിയ 9.378 ടൺ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മായം ചേർത്തതായി സംശയിച്ച് മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2899** **13.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യവിതരണ മേഖലയിലെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് എത്തുന്ന മീനുകളിലെ മായം ചേർക്കൽ തടയുവാൻ ചെക്ക് പോസ്റ്റുകളിലും ചന്തകളിലും കർശന പരിശോധന നടത്തുവാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുമോയെന്ന് അറിയിക്കാമോ; | എ) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഫിഷറീസ് ഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംങ് സെന്ററുകൾ. ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത് കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്ത് നിന്ന് കൊണ്ടു വരുന്ന മത്സ്യം ചെക്ക് പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ , റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധന യിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പി ച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമ നിർമ്മാണവും സർക്കാർ പരിഗണനയിലാണ് |
| ബി) | മത്സ്യമാർക്കറ്റുകളെ ആധുനിക വൽക്കരിക്കുന്നതിനും സംസ്ഥാനത്തെ മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്ന തിനും ആവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കുമോ; | ബി) | സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം വിപണന സ്റ്റാളുകൾ, ഓരോ സ്റ്റാളിലും മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനും ഡിസ്പ്ലേ ചെയ്യുന്നതിനുമുള്ള സ്ലാബുകൾ, മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം, മലിനജല സംസ്കരണ യൂണിറ്റ്, ടോയ്‌ലറ്റ് സംവിധാനം എന്നിവ സജ്ജമാക്കി വരുന്നു.<br>ഇതിനോടകം തന്നെ സംസ്ഥാനത്തെ 36 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഇത്തരത്തിൽ ആധുനികവൽക്കരിച്ചിട്ടുണ്ട്. മറ്റ് 2 മത്സ്യമാർക്കറ്റുകൾ പൂർത്തീകരണഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചു വരുകയും ചെയ്യുന്നു.<br>കൂടാതെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതു കൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 502.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്കും മത്സ്യ വിതരണ ക്കാർക്കും മത്സ്യം കേട്ടുകൂടാതെ എത്തി ക്കുന്നതിന് എന്തെല്ലാം സംവിധാന ങ്ങളാണ് നൽകുന്നത് എന്ന് അറിയിക്കാമോ? | സി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്കും മത്സ്യവിതരണക്കാർക്കും മത്സ്യം കേട്ടുകൂടാതെ എത്തിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഐസ് ബോക്സ് വിതരണം, മത്സ്യവിതരണത്തിനുള്ള വാഹനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേരള സംസ്ഥാന |

തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചു വരുന്ന ഓരോ മത്സ്യമാർക്കറ്റിലും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം ഒരുക്കിവരുന്നു. ഹാർബറിൽ നിന്ന് പച്ചയായ മത്സ്യം നേരിട്ട് ഉണഭോക്താക്കൾക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡ് മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 മൊബൈൽ യൂണിറ്റുകൾ (അന്തിപ്പച്ച) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഉണമേന്മയുള്ള മത്സ്യം വിൽപ്പനയ്ക്കായി സംസ്ഥാനത്ത് മൊത്തം 41 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(signature)

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2900** **13.03.2020-ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ മായം ചേർത്തു വിൽക്കുന്നതിനെതിരെയുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും ഫോർമാലിൻ, കൂടിയ അളവിൽ അമോണിയ, മറ്റ് കെമിക്കലുകൾ എന്നിവ ചേർത്തു വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനം മായം കലർന്നവയാണെന്നത് ശരിയല്ല. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയിൽ ഫോർമാലിൻ, അമോണിയ മുതലായവയുടെ അനുവദനീയമായ തോതിൽ കൂടുതൽ സാന്നിദ്ധ്യം കണ്ടെത്താനായിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളിലും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിൽ രാസമാലിന്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിനും, ജനങ്ങൾക്ക് മായമില്ലാത്ത നല്ല മത്സ്യം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് "ഓപ്പറേഷൻ സാഗർറാണി " എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാൻറിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന |

ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജൻറുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യ മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു.

സി) മായം ചേർത്ത് മത്സ്യം വിറ്റതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ആളുകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 31 കേസുകൾ സംസ്ഥാനത്ത് ഒട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്. ആകെ ഫയൽ ചെയ്ത കേസുകളിൽ 3 കേസുകളിലാണ് കോടതി വിധി വന്നിട്ടുള്ളത്. രണ്ട് കേസുകളിൽ 10,000/- രൂപ വീതം 20,000/- രൂപ പിഴ വിധിക്കുകയും ഒരു കേസ് വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഇത്തരം പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മത്സ്യങ്ങൾ ചെക് പോസ്റ്റുകളിൽ തന്നെ പരിശോധിക്കുന്നതിനും, കേരളത്തിലെ മത്സ്യമാർക്കറ്റുകളിൽ കൃത്യമായ ഇട വേളകളിൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2901** **13.03.2020-ൽ മറുപടിയ്ക്ക്**

## ഇന്ത്യൻ മേജർ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.കെ. രാജൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനം വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനംവകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ദേശീയ മത്സ്യബോർഡിന്റെ ധനസഹായത്തോടെ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച 06.11.2013-ലെ സ.ഉ(സാധാ) നമ്പർ 923/13/മതുവ പരാമർശിച്ചുകൊണ്ട് വനംവകുപ്പ് പുറപ്പെടുവിച്ച 09/01/2014 ലെ സ.ഉ.(ആർ.റ്റി) നമ്പർ 17/2014/വനം സർക്കാർ ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയതായി പരാമർശിച്ചിട്ടുണ്ട്. |
| ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നത് മൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നത് മൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ഇതുവരെ ഒരു പഠനവും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ റിസർവോയറുകളിലെ മത്സ്യ ഉല്പാദനത്തിന് ഏറ്റവും അനുകൂലമാണെന്നും ശാസ്ത്രീയമായ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പീച്ചി ഡാമിൽ 1970 മുതൽ 2014 വരെ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ നിക്ഷേപിച്ച് വന്നിരുന്നു. ഈ കാലയളവിൽ യാതൊരു |

തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പ് എന്നറിയപ്പെടുന്ന ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ സസ്യ ജന്തു പ്ലവകങ്ങളെ മാത്രം ആഹരിക്കുന്നവയും മറ്റു ജീവജാലങ്ങൾക്ക് യാതൊരുതരത്തിലുള്ള ഭീഷണി ഉയർത്തുന്നവയും അല്ല. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തനത് മത്സ്യവിഭാഗത്തിൽപ്പെടുന്ന ഇവ റിസർവോയറുകളിൽ സ്വാഭാവിക പ്രജനനം നടത്തുന്നവയും അല്ല. പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ തുടർന്നും നിക്ഷേപിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**

587

6776/G1/10/hm

# കേരള സർക്കാർ

## സംഗ്രഹം

ഫിഷറീസ് - അണക്കെട്ടുകളിലെ മത്സ്യകൃഷി വികസനം - ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതി - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നം.929/13/മ.തു.വ                    തിരുവനന്തപുരം, തീയതി:06/11/2013

---

പരാമർശം.

1. ദേശീയ മത്സ്യവികസന ബോർഡ് (NFDB) -ന്റെ 21.06.10-ലെ 834/NFDB/RFD/KL/2010-11/1108 നമ്പർ ഉത്തരവ്;
2. വനം വന്യജീവി വകുപ്പിന്റെ 22.06.11, 17.06.11 തീയതികളിലെ 63/F2/11/F&WLD നമ്പർ അനൗദ്യോഗികക്കുറിപ്പ്.
3. ഫിഷറീസ് വകുപ്പും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.08.11-ൽ കൂടിയ യോഗത്തിന്റെ മിനിട്സ്.
4. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 24.04.13-ലെ BO(FM) നമ്പർ 944/13(GPC2/Misc/27/97) നമ്പർ ഉത്തരവ്.
5. അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപം സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.06.13-ലെ യോഗത്തിന്റെ മിനിട്സ്.

## ഉത്തരവ്

സംസ്ഥാനത്തെ 20 അണക്കെട്ടുകളിൽ (ഇടുക്കി, പെരിയാർ, കല്ലട, പറമ്പിക്കുളം, കക്കി, കാരാപ്പുഴ, നെയ്യാർ, ബാണാസുരസാഗർ, ഷോളയാർ, പഴശ്ശി, ഭൂതത്താൻകെട്ട്, പേപ്പാറ, പമ്പ, ആനയിറങ്കൽ, നേര്യമംഗലം, പൊൻമുടി, മാട്ടുപ്പെട്ടി, കുണ്ടള, ശെങ്കുളം, പെരിങ്ങൽക്കുത്ത്) മത്സ്യവിത്തുകൾ നിക്ഷേപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ 238.38 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് പരാമർശം ഒന്ന് പ്രകാരം ദേശീയ മത്സ്യവികസന ബോർഡ് (NFDB) ൽ നിന്നും അനുമതി ലഭിച്ചിരുന്നു.

2. സംരക്ഷിതമേഖല/സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടുള്ള നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നീ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്താനാവില്ലെന്ന് പരാമർശം 2 പ്രകാരം വനം വന്യജീവി വകുപ്പ് അറിയിക്കുകയുണ്ടായി. തുടർന്ന് 31.08.2011-ൽ നടന്ന ഉന്നതതല യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നതും സാങ്ച്വറികൾ ആയി പ്രഖ്യാപിച്ചിട്ടുള്ള നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പുകളായ കട്‌ല, രോഹു, മൃഗാൾ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടുള്ള അണക്കെട്ടുകളിൽ തദ്ദേശ ഇനം മത്സ്യക്കുഞ്ഞുങ്ങളെ

നിക്ഷേപിക്കുന്നതിനും ഫിഷറീസ് വകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. പ്രസ്തുത യോഗ തീരുമാനപ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യകുഞ്ഞ് നിക്ഷേപം നടത്തുന്നതിന് പരാമർശം 3 പ്രകാരം വൈദ്യുതി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

3. വനംവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് 20.06.13-ൽ വീണ്ടും ഉന്നതതല യോഗം ചേരുകയും സാങ്ചറികളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം, എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പിനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെയും നെയ്യാർ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം അണക്കെട്ടുകളിൽ തദ്ദേശീയ മത്സ്യ/ചെമ്മീൻ ഇനങ്ങളെയും നിക്ഷേപിക്കുവാനും കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പേപ്പാറയിൽ തൽക്കാലം മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തേണ്ടതില്ലായെന്നും തീരുമാനിക്കുകയും ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. യോഗതീരുമാന പ്രകാരം മത്സ്യക്കുഞ്ഞ് നിക്ഷേപത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 5 പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വികസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**
**കെ.ആർ.ജ്യോതിലാൽ**
**ഗവൺമെന്റ് സെക്രട്ടറി**

**To**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

വനം വന്യജീവി വകുപ്പ് (12322/D2/12/F & WLD)

പരിസ്ഥിതി വകുപ്പ്

ഊർജ്ജ വകുപ്പ്

ജലവിഭവ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ -II, വെബ് & ന്യൂമീഡിയ,

(സർക്കാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

സ്റ്റോക്ക്/ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനംവന്യജീവി വകുപ്പ് - വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളുടെ പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അണക്കെട്ടുകളിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 17/2014/വനം. തിരുവനന്തപുരം, തീയതി, 09.01.2014.

---

പരാമർശം -1. അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 20.06.2013-ലെ യോഗത്തിന്റെ മിനിറ്റ്സ്.

2. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 06.11.2013-ലെ ജി.ഒ.(ആർ.റ്റി)നം.929/2013/മതുവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നതിനായി ടിയാളുകളെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കി മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതിനും സംരക്ഷിതമേഖല/സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിനും പരാമർശം ഒന്ന് പ്രകാരം തീരുമാനമെടുത്തിരുന്നു.

(2) പരാമർശം(2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പിലാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വകസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നതിനായി അവരെ ഫിഷറീസ് വകുപ്പ് രൂപീകരിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കി നിലവിലുള്ള വനം വന്യജീവി നിയമങ്ങൾക്കനുസൃതമായി മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജോൺസൺ തോമസ്,
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം),
തിരുവനന്തപുരം.
ഫിഷറീസ് വകുപ്പ് (ഫയൽ നം.6776/സി1/2010/മഉവ).
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ-II, വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ
അപ്‌ലോഡ് ചെയ്യുന്നതിന്).
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2902** **13.03.2020-ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിലെ മത്സ്യകൃഷി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ കാലയളവിൽ മത്സ്യകൃഷി വ്യാപനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് പുതുതായി മത്സ്യകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ 62.5 ഏക്കർ സ്ഥലത്ത് ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതി, 2017-18 വർഷം മുതൽ ജനകീയ മത്സ്യകൃഷി, ബ്ലൂ റവല്യൂഷൻ എന്നീ പദ്ധതികളാണ് നടത്തിവരുന്നത്. ഇതിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 5 യൂണിറ്റ് കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, ഒരു യൂണിറ്റ് പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2017-18 മുതൽ നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 2017-18 വർഷത്തിൽ 29.38 ഹെക്ടറിൽ മോഡൽ ഫിഷ് ഫാം, 155 ഹെക്ടറിൽ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടറിൽ വലിയ കുളങ്ങളിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഏഴ് ഘടക പദ്ധതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി 25 ഹെക്ടർ, 1 ഹെക്ടർ പംഗേഷ്യസ് കൃഷി, 1 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 10 യൂണിറ്റ് പടുതാകുളങ്ങളിലെ കരിമീൻ കൃഷി, 1 ഹെക്ടർ കാർപ്പ് റിയറിംഗ് യൂണിറ്റ്, 0.3 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി, 1 യൂണിറ്റ് ലൈവ് ഫിഷ് മാർക്കറ്റ് |

എന്നിവ ഉൾപ്പെടുന്നു. 2019-2020 വർഷത്തിൽ ജില്ലയിൽ 4.38 ഹെക്ടർ സ്ഥലത്ത് പംഗേഷ്യസ് കൃഷി, 1.3 ഹെക്ടർ സ്ഥലത്ത് ഗിഫ്റ്റ് തിലാപ്പിയ കൃഷി, 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 1.4 ഹെക്ടറിൽ സ്റ്റൻഡഡ് കാർപ്പ് കൃഷി, 2.86 ഹെക്ടറിൽ ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി, 16 യൂണിറ്റ് ശുദ്ധ ജല കൂട് കൃഷി, 55 ഹെക്ടറിൽ വിശാല മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3.1 ഹെക്ടറിൽ കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, 3 ഹെക്ടറിൽ പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2018-19 വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ 2018-19 വർഷത്തെ പ്രളയത്തിൽ കൃഷി നശിച്ചുപോയ കർഷകർക്ക് താങ്ങായി മത്സ്യകൃഷി പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കി. ഇതിൽ 53.5 ഹെക്ടർ കാർപ്പ് മത്സ്യകൃഷിയും 0.3 ഹെക്ടർ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി യൂണിറ്റും ഉൾപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# <u>അനുബന്ധം</u>

ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ചുവടെ കാണുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം മത്സ്യ സമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലേയും ടാങ്കുകളിലേയും മത്സ്യകൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, അടുക്കള കുളങ്ങൾ, മാതൃകാ കൂട് കൃഷി യൂണിറ്റുകൾ, മാതൃകാ മത്സ്യ ഫാമുകൾ, പടുതാക്കുളങ്ങളിലെ മത്സ്യ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ബ്ലൂ റവലൂഷൻ പദ്ധതി പ്രകാരം മത്സ്യകൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശങ്ങളിലെ കൂട് കൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷിരീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശന കുളങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 550 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളുടെ കൂടുകൃഷി, SPF കാരചെമ്മീൻകൃഷി, റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കല്ലുമ്മക്കായകൃഷി, ഗിഫ്റ്റ്, നാരൻ ചെമ്മീൻകൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അക്വാകൾച്ചർ വികസനത്തിനായി 2838 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 1358.4 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ടി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റവലൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരു ജലാശയങ്ങളിലെ കൂടുകൃഷി, കല്ലുമ്മേക്കായ കൃഷി, പുനഃപര്യയന മത്സ്യകൃഷി, മത്സ്യകൃഷിയ്ക്കായി വാട്ടർ ലോഗ്ഡ് പ്രദേശം പുനരുദ്ധരിക്കൽ എന്നീ പദ്ധതികൾക്ക് ആകെ 739.6 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ടി പദ്ധതിയുടെ ഭൂരിഭാഗ ഘടകവും പൂർത്തീകരിച്ചിട്ടുമുണ്ട്.

2018-19 വർഷത്തിൽ 'മുറ്റത്തൊരു മീൻതോട്ടം' പദ്ധതി കേരളത്തിൽ നടപ്പാക്കി. ടി പദ്ധതിയിലൂടെ ചെറിയ കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സൗജന്യമായി ട്രെയിനിംഗും മത്സ്യവിത്തും അഡാക്ക് വഴി നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ കാർപ്പ് കൃഷി, പങ്കേഷ്യസ് കൃഷി, നൈൽതിലാപ്പിയ കൃഷി, റിസർക്കുലേറ്ററി അക്വാകൾച്ചർ, ഒരു നെല്ലും ഒരു മീനും കൃഷി, തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി, കാരചെമ്മീൻ കൃഷി, ശാസ്ത്രീയ ഓരുജല മത്സ്യകൃഷി, ഓരുജല കൂട്

മത്സ്യകൃഷി, ഞണ്ട് കൃഷി, കല്ലുമ്മേക്കായ് കൃഷി, കൃത്രിമ കുളങ്ങളിലെ കൃഷി, ശുദ്ധജല കൂട് മത്സ്യ കൃഷി, ശുദ്ധജല കൂട് മത്സ്യ കൃഷി കാർപ്പ് - വിശാലമത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി ,ഓർഗാനിക് ചെമ്മീൻകൃഷി, ഓരുജലത്തിലെ വിശാല മത്സ്യ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ്, കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ്, ഓരുജല മത്സ്യങ്ങളുടെ റിയറിംഗ്, അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂട്ടുകളിലെ പരിപാലനം എന്നിവയാണ് പദ്ധതികൾ. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പദ്ധതി | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 2016- 17 | മത്സ്യ സമൃദ്ധി | 1350 |
| | | നൂതന മത്സ്യകൃഷി | 550 |
| | | നീല വിപ്ലവം | 416 |
| 2. | 2017-18 | ജലകൃഷി വികസന പ്രവർത്തനങ്ങൾ | 2254 |
| | | ബ്ലൂ റവല്യൂഷൻ | 1358 |
| 3. | 2018-19 | ജലകൃഷി വികസന പ്രവർത്തനങ്ങൾ | 2851 |
| | | ബ്ലൂ റവല്യൂഷൻ | 735.5 |
| 4. | 2019-20 | ജലകൃഷി വികസന പ്രവർത്തനങ്ങൾ | 2901 |
| | | ബ്ലൂ റവല്യൂഷൻ | 558 |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2903** **13.03.2020-ൽ മറുപടിയ്ക്ക്**

## <u>തൃശ്ശൂർ ജില്ലയിൽ ജനകീയ മത്സ്യ കൃഷി പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.കെ. രാജൻ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ജനകീയ മത്സ്യ കൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) ഉണ്ട്. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ മത്സ്യോൽപാദനം വർദ്ധിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 4643 മെട്രിക് ടൺ ആയിരുന്ന ഉൽപ്പാദനം 2017-18 ൽ 8627 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ മഹാ പ്രളയത്തിൽ ജില്ലയിലെ പകുതിയിലധികം മത്സ്യകൃഷിയിടങ്ങളിൽ നാശനഷ്ടം സംഭവിച്ചെങ്കിലും 7774 മെട്രിക് ടൺ ഉൽപാദനം കൈവരിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ വിളവെടുപ്പ് പൂർത്തിയായിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 1875 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | സി) ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 21 തരം ഘടക പദ്ധതികളാണുള്ളത്. ഓരോ ഘടക പദ്ധതികളുടെയും മാനദണ്ഡങ്ങൾ വ്യത്യസ്ഥമാണ്. പൊതുവായ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.<br>1) വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്ന താണ്.<br>2) ഗുണഭോക്താക്കൾക്ക് സ്വന്തം ഉടമസ്ഥതയിലോ, നിയമാനുസൃത പാട്ടക്കരാർ പ്രകാരം അവകാശം സിദ്ധിച്ച നിലയിലോ, നിയമപ്രകാരമുള്ള മറ്റേതെങ്കിലും വിധത്തിൽ അനുമതി സിദ്ധിച്ച നിലയിലോ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങളുണ്ടായിരിക്കേണ്ടതാണ്. |

3) നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

4) അപേക്ഷകൾ ക്ഷണിച്ച വിവരം അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പായി നൽകുന്നതാണ്. അപേക്ഷകൾ ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളിലൂടെയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെയും സ്വീകരിക്കുന്നതാണ്.

5) വ്യക്തികൾക്ക് മിനിമം രണ്ട് ഹെക്ടറും ഗ്രൂപ്പുകൾക്ക് പരമാവധി അഞ്ച് ഹെക്ടറും വരെ മത്സ്യകൃഷിയിൽ ഏർപ്പെടാവുന്നതാണ്.

6) ഒരു ഗുണഭോക്താവിന് ഒന്നിലധികം പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7) ഒന്നിലധികം പേർക്ക് കൂട്ടായി അവകാശം സിദ്ധിച്ചിട്ടുള്ള ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് അവകാശികൾക്ക് കൂട്ടായോ എല്ലാ അവകാശികളും ചേർന്ന് ടി ആവശ്യത്തിലേയ്ക്ക് മാത്രമായി മുക്ത്യാർ മുഖേന നൽകിയ അനുമതി പത്രം ലഭിച്ച വ്യക്തിക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

8) ഓരോ അപേക്ഷയിലും സ്ഥലപരിശോധനയും സാങ്കേതിക പരിശോധനയും പ്രോജക്റ്റ് കോ-ഓർഡിനേറ്റർ നടത്തുന്നതും അനുയോജ്യത ഉറപ്പു വരുത്തുന്നതുമാണ്.

9) കേന്ദ്ര സംസ്ഥാന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണം മത്സ്യകൃഷിക്കായി സ്ഥലം തെരഞ്ഞെടുക്കേണ്ടത്.

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2904** **13.03.2020-ൽ മറുപടിയ്ക്ക്**

**<u>മത്സ്യകർഷകർക്ക് നൽകുന്ന സഹായങ്ങൾ</u>**

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പുതുതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്കായി ഫിഷറീസ് വകുപ്പ് ചെയ്തു നൽകുന്ന സഹായങ്ങൾ വ്യക്തമാക്കാമോ; | എ) പുതിയതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്ക് മത്സ്യകൃഷി സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ കൃഷിയിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കൃഷി ചെയ്യുന്നതിനുമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക്, തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ അക്വാ കൾച്ചർ പ്രമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി മത്സ്യകൃഷി ആരംഭിക്കാൻ താല്പര്യമുള്ളവരുടെ കൃഷിയിടം സന്ദർശിച്ച് അവരുടെ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിന്റേയും മറ്റ് ഭൗതീക സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഏത് മത്സ്യകൃഷിയാണ് യോജിക്കുകയെന്നതിൽ ആവശ്യമായ നിർദ്ദേശം നൽകുന്നു. നിലവിലുള്ള പദ്ധതികളെപ്പറ്റി ബോധവത്ക്കരണം നടത്തുകയും ആയത് പ്രകാരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ കർഷകന് പദ്ധതി തുകയുടെ 40% ഗ്രാൻറായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നു. അക്വാകൾച്ചർ പ്രമോട്ടർമാർ, പ്രൊജക്ട് കോർഡിനേറ്റർമാർ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, നോഡൽ ഓഫീസർ എന്നിവർ കൃഷിയിടം സന്ദർശിച്ച് കർഷകന് മത്സ്യകൃഷി സംബന്ധിച്ച എല്ലാ അറിവുകളും പകർന്ന് നൽകുകയും ചെയ്യുന്നു. |
| ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങൾ ഫിഷറീസ് വകുപ്പ് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിരവധി ക്ലാസ്സുകൾ, ട്രെയിനിംഗുകൾ എന്നിവ നൽകി വരുന്നുണ്ട്. പഞ്ചായത്ത് തലത്തിലുള്ള പ്രമോട്ടർമാർ മുതൽ ജനകീയ മത്സ്യകൃഷി നോഡൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ മത്സ്യകൃഷിയിടങ്ങൾ |

പതിവായി സന്ദർശിക്കുകയും കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ കൃഷി രീതിയിലുള്ള കർഷകരെ ഉൾപ്പെടുത്തി വാട്സ്അപ് ഗ്രൂപ്പുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകി വരുന്നുണ്ട്. വയനാട് ജില്ലയിൽ മത്സ്യകർഷകരുടെ കൃഷിയിടത്തിന്റെ അളവും മറ്റ് ഭൗതീക സാഹചര്യങ്ങളുമനുസരിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുന്ന കർഷകർക്ക് പദ്ധതി അടങ്കലിന്റെ 40% തുക ഗ്രാന്റായി കർഷകർക്ക് നൽകുന്നുണ്ട്. കൃഷികാലയളവിൽ കർഷകർക്ക് വേണ്ട എല്ലാ ഉപദേശങ്ങളുമായി ഫിഷറീസ് വകുപ്പ് നിലകൊള്ളുന്നുണ്ട്. കൂടാതെ മത്സ്യകർഷകരുടെ കൃഷിയിടം രജിസ്റ്റർ ചെയ്യുന്നതിനും കൃഷിയ്ക്കുള്ള ലൈസൻസ് നൽകുന്നതിനും ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 5 യൂണിറ്റ് കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, ഒരു യൂണിറ്റ് പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2017-18 മുതൽ നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 2017-18 വർഷത്തിൽ 29.38 ഹെക്ടറിൽ മോഡൽ ഫിഷ് ഫാം, 155 ഹെക്ടറിൽ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടറിൽ വലിയകുളങ്ങളിലെ മത്സ്യകൃഷി നടപ്പിലാക്കി. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഏഴ് ഘടക പദ്ധതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി 25 ഹെക്ടർ, 1 ഹെക്ടർ പംഗേഷ്യസ് കൃഷി, 1 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 10 യൂണിറ്റ് പടുതാകുളങ്ങളിലെ കരിമീൻ കൃഷി, 1 ഹെക്ടർ കാർപ്പ് റിയറിംഗ് യൂണിറ്റ്, 0.3 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി, 1 യൂണിറ്റ് ലൈവ് ഫിഷ് മാർക്കറ്റ് എന്നിവ ഉൾപ്പെടുന്നു. 2019-20 വർഷത്തിൽ ജില്ലയിൽ 4.38 ഹെക്ടർ സ്ഥലത്ത് പംഗേഷ്യസ് കൃഷി, 1.3 ഹെക്ടർ സ്ഥലത്ത് ഗിഫ്റ്റ് തിലാപ്പിയ കൃഷി, 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 1.4 ഹെക്ടറിൽ സ്റ്റാൻഡഡ് കാർപ്പ് കൃഷി, 2.86 ഹെക്ടറിൽ ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി, 16 യൂണിറ്റ് ശുദ്ധജല കൂട് കൃഷി, 55 ഹെക്ടറിൽ വിശാല മത്സ്യകൃഷി, എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3.1 ഹെക്ടറിൽ

കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, 3 ഹെക്ടറിൽ പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2018-19 വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ 2018-19 വർഷത്തെ പ്രളയത്തിൽ കൃഷി നശിച്ചുപോയ കർഷകർക്ക് താങ്ങായി മത്സ്യകൃഷി പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കി. ഇതിൽ 53.5 ഹെക്ടർ കാർപ്പ് മത്സ്യകൃഷിയും, 0.3 ഹെക്ടർ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി യൂണിറ്റും ഉൾപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| സി) ഫിഷറീസ് വകുപ്പിന്റെ കണക്ക് പ്രകാരം വയനാട് ജില്ലയിൽ നിലവിൽ ആകെ എത്ര മത്സ്യകർഷകരുണ്ട് എന്ന് അറിയിക്കാമോ? | സി) 4510 |

സെക്ഷൻ ആഫീസർ

പതിനാലാം കേരള നിയമസഭ
(പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2905** **13.03.2020-ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>,, കെ. ആൻസലൻ<br>ശ്രീമതിവീണാ ജോർജ്ജ്<br>ശ്രീ.വി. ജോയി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തു നിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br><br>ബി) അവർക്കായി സ്ഥലവും വീടും നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി ഭരണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 475 കോടി രൂപയുടെ ഒരു പുനരധിവാസ പാക്കേജ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ അംഗീകരിച്ചെങ്കിലും അതു നടപ്പാക്കാൻ തുകയൊന്നും വകയിരുത്തിയിരുന്നില്ല. പാക്കേജ് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചുമില്ല. എന്നാൽ, വിഴിഞ്ഞം പദ്ധതി പ്രദേശമുൾപ്പെടെ തിരുവനന്തപുരത്തിന്റെ തീരപ്രദേശത്തുനിന്നും 3339 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. അതിന് 333.9 കോടി രൂപ വിനിയോഗിക്കുന്നതാണ്. മറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) അവർക്ക് ജീവനോപാധി കണ്ടെത്തുന്നതിനായി മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) തിരുവനന്തപുരം ജില്ലകളിലെ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 200 എണ്ണം Monolithic Triangular shaped R.C.C reef modules ഉം പൂവാർ മത്സ്യഗ്രാമത്തിൽ 200 എണ്ണം Monolithic ferro cement triangular reef modules ഉൾപ്പെടെ 375.63 ലക്ഷം രൂപ ചെലവിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ചുള്ള നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ വികസനത്തിനായി 475 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്.

475 കോടി രൂപയുടെ പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| | Abstract | Crore |
|---|---|---|
| 1 | Housing Support | 350.00 |
| 2 | Livelihood to Fishermen | 59.00 |
| 3 | Capacity building for fishermen | 0.50 |
| 4 | Fisherwomen empowerment programme | 39.00 |
| 5 | Education | 24.00 |
| 6 | Geriatric care to junior citizen (pakal veedu) | 2.50 |
| | **Total** | **475** |

തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 375.63 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിഴിഞ്ഞം പാക്കേജിൽ 350 കോടി രൂപ വകയിരുത്തിയിരുന്നത് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരം നഷ്ടപ്പെടുകയാണെങ്കിൽ അത്തരക്കാരെ പുനരധിവസിപ്പിക്കാൻ ഭൂമി കണ്ടെത്തുന്നതിനായിരുന്നു. എന്നാൽ ഇതിനകം സംസ്ഥാനത്തൊട്ടാകെ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18685 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 3339 കുടുംബങ്ങൾ ഉള്ളതായിട്ടാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവരെ പൂർണ്ണമായും സുരക്ഷിത മേഖലയിൽ 2 മുതൽ 3 സെൻറ് വരെ ഭൂമി കണ്ടെത്തിയോ കെട്ടിട സമുച്ചയം നിർമ്മിച്ചോ പുനരധിവസിപ്പിക്കുന്നതിനും തുക ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കുടുംബത്തിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. വിഴിഞ്ഞം പദ്ധതിയുടെ പ്രഖ്യാപിത മേഖലയിൽ ഉൾപ്പെടുന്നതും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ മുഴുവൻ പേരേയും ഇത്തരത്തിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയും ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ വനിതാ ശാക്തീകരണ പദ്ധതികളും, വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഫണ്ട് പ്രയോജനപ്പെടുത്തി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതുപോലെ തിരുവനന്തപുരത്തും നടപ്പാക്കിയിട്ടുണ്ട് ആയതിന് വിഴിഞ്ഞം പ്രോജക്ട് മേഖലയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ വിവരങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ (RDO), തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് കമ്മിറ്റിയേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് അപ്പീൽ കമ്മിറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനോപാധി

നഷ്ടം സംഭവിച്ചേക്കാവുന്നവരേയും അവർക്കനുവദിക്കാവുന്ന നഷ്ടപരിഹാരത്തേയും ഉൾക്കൊള്ളിച്ച് ലിയാക് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ടി റിപ്പോർട്ടിൽ ചുവടെ ചേർത്തിട്ടുള്ള ശുപാർശകളാണ് നൽകിയിട്ടുള്ളത്.

1. പദ്ധതി പ്രദേശത്തെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ കരമടി തൊഴിലാളികൾ എന്നിവർക്ക് തുറമുഖ നിർമ്മാണ സമയമായ മൂന്നു വർഷക്കാലത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത കാലയളവിൽ സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
2. പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ടു വർഷ കാലത്തേയ്ക്ക് പദ്ധതി പ്രദേശത്തെ കട്ടമരം, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ എന്നിവയുടെ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
3. തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുല്ലൂർ മേഖലയിലെ ചിപ്പി/ലോബ്സ്റ്റർ തടം നഷ്ടപ്പെടുന്നതിനാൽ ടി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കടൽക്കൂട് മത്സ്യകൃഷി (cage culture) പരിശീലിപ്പിക്കുന്ന ഒരു പദ്ധതി Marine Products Export Development Agency (MPEDA) യുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്തു.
4. മേൽ പറഞ്ഞ സാമ്പത്തിക സഹായത്തിനായി 18.35 കോടി രൂപയും കടൽക്കൂട് മത്സ്യകൃഷിക്കായി 20 കോടി രൂപയും ഉൾപ്പെടെ 38.35 കോടി രൂപയുടെ ബഡ്ജറ്റ് മത്സ്യബന്ധന മേഖലയിലെ നഷ്ടപരിഹാര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കണക്കാക്കി ശുപാർശ ചെയ്തു.
5. പദ്ധതി പ്രദേശത്തെ റിസോർട്ടുകളിലേയും ചെറുകിട കച്ചവട സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ പുനരധിവാസ സഹായത്തിനായി 0.99 കോടി രൂപയുടെ ബഡ്ജറ്റ് കണക്കാക്കി ശുപാർശ ചെയ്തു.

ഇങ്ങനെ പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര പുനരുദ്ധാരണ പാക്കേജ് 39.34 കോടി രൂപയാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് ലഭിച്ച അപ്പീലുകളിൽ പദ്ധതി ബാധിത പ്രദേശങ്ങളിൽ (ചൊവ്വര/മുല്ലൂർ, വിഴിഞ്ഞം സൗത്ത്, അടിമലത്തുറ) ഉൾപ്പെട്ട ചിപ്പി/ലോബ്സ്റ്റർ കരമടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ട മത്സ്യബന്ധനത്തിലേർപ്പെട്ടവരുടേയും റിസോർട്ട് തൊഴിലാളികളുടെയും അപേക്ഷകൾ ലിയാക് അപ്പീൽ കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി രേഖാ പരിശോധനയും സ്ഥലപരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്തു വരുന്നു.

(signature)

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2906** **13.03.2020-ൽ മറുപടിയ്ക്ക്**

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡുപ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

### പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | വള്ളികുന്നം പഞ്ചായത്തിലെ വിവേകാനന്ദ ജംഗ്ഷൻ മാവോലിമുക്ക് റ്റി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി 15.02.2018 ൽ പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം - പള്ളിക്കത്തറ – കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി15.02.2018 ൽ പൂർത്തീകരിച്ചു. |
| 3 | ആശാൻമുക്ക് ഏലിയാസ് നഗർ റോഡ് – നൂറനാട് പഞ്ചായത്ത് | 22.79 | പ്രവൃത്തി 25.10.2018 ൽ പൂർത്തീകരിച്ചു. |
| 4 | വള്ളിക്കുന്നം കാഞ്ഞിരത്തുമൂട് പുത്തൻചന്ത റോഡ് | 46.00 | പ്രവൃത്തി 17.04.2019 ൽ പൂർത്തീകരിച്ചു. |

### പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ

| | | |
|---|---|---|
| 1 | കല്ലിക്കുന്നിൽമുക്ക് കുമ്പിളിമല പള്ളിറോഡ് – നൂറനാട് പഞ്ചായത്ത് | 77.91 ലക്ഷം. 30/04/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | പുലിമേൽ ചുനക്കര ബണ്ട് റോഡ്, നൂറനാട് പഞ്ചായത്ത്. | 104.00 ലക്ഷം. 31/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3 | താമരക്കുളം ജംഗ്ഷൻ നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 ലക്ഷം. 15/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | തഴക്കരപഞ്ചായത്ത് അയ്യൻകോവിലാർ അക്വാഡക്റ്റ് മാങ്കുഴി കോട്ടമുക്ക് ജംഗ്ഷൻ | 66.00 ലക്ഷം. 13/02/2020 ൽ കരാറിലേർപ്പെട്ടു. 6 മാസമാണ് പൂർത്തീകരണ കാലാവധി. |

**സാങ്കേതികാനുമതി നൽകുവാനുള്ള പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | തഴക്കരപഞ്ചായത്ത്-വെട്ടിയാർ പാലം ആറ്റുതീരംറോഡ് | 111.00 | 28/01/2020 തീയതിയിൽ ബഹു. മാവേലിക്കര എം.എൽ. എ പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. ബഹു. എം.എൽ.എ യുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. |
| 2 | നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് പറയാകുളം ജംഗ്ഷൻ | 109.00 | |
| 3 | മന്ദാലിൽക്ഷേത്രം നിരവിനാൽ കോളനി റോഡ് തഴക്കരപഞ്ചായത്ത് | 101.00 | |
| 4 | തെക്കേക്കര പഞ്ചായത്തിലെ മാളിയേക്കൽ LPS-തെക്കെ ജംഗ്ഷൻ - കന്നത്ത് റോഡ് | 63.00 | |
| 5 | പ്രായിക്കര - അച്ചൻകോവിലാർ തീരദേശറോഡ് | 76.00 | മൂന്ന്തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**

**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2907</u> 13/03/2020-ൽ മറുപടിക്ക്

**<u>കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യഭവൻ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.ബി.സതീഷ് | | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യഭവന്റെ (ഉൾനാടൻ) നിലവിലെ സ്ഥിതി വിശദമാക്കാമോ; മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; എന്നു മുതൽ ഓഫീസ് പ്രവർത്തനം ആരംഭിയ്ക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (എ) | കാട്ടാക്കട കേന്ദ്രമായി അനുവദിച്ച ഉൾനാടൻ മത്സ്യഭവനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും ഏകോപിപ്പിച്ചു വരുന്നു. കാട്ടാക്കട കേന്ദ്രമായി ഫിഷറീസ് വകുപ്പിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും അനുയോജ്യമായ കെട്ടിടം വാടകയ്ക്ക് കണ്ടെത്താൻ കഴിയാത്തതും മത്സ്യഭവൻ പ്രവർത്തനത്തിനു വേണ്ടി പുതുതായി സൃഷ്ടിച്ച ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഉടൻ നിയമനം നടത്താൻ കഴിയാത്തതുമാണ് മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം. താമസംവിനാ മത്സ്യഭവന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2908 — 13.03.2020-ൽ മറുപടിക്ക്

### പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രത്തിൽ കോൾഡ് സ്റ്റോറേജ്, ഐസ്പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| കടലോരമേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ, വിശദാംശം ലഭ്യമാക്കാമോ? | കടലോരമേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ അനിവാര്യമാണ്. പുതിയ ഐസ് പ്ലാന്റും കോൾഡ് സ്റ്റോറേജും നിർമ്മിക്കുന്നതിന് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയത് വിശദമായി പരിശോധിച്ച് വരുന്നു. ടി പദ്ധതി സാമ്പത്തിക ക്ഷമത പരിശോധിക്കാൻ മത്സ്യഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2909** **13.03.2020-ൽ മറുപടിയ്ക്ക്**

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിലേറിയതിനു ശേഷം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| ബി) തീരദേശ വികസന ഏജൻസി യുടെ ചുമതലയിൽ നിർമ്മാണം പൂർത്തീകരിച്ച പണ്ടാരതുരുത്ത് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഭരണാനുമതി തുകയിൽ ബാക്കി തുക പ്രസ്തുത സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമോ; വിശദീകരിക്കാമോ? | ബി) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി 151.00 ലക്ഷം രൂപ അടങ്കൽ തുകയിൽ പണ്ടാരതുരുത്ത് ഗവൺമെൻറ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിരുന്നു . ടി പദ്ധതി പൂർത്തീകരിച്ചു. 2015-16 വർഷം ഭരണാനുമതി നൽകിയ പദ്ധതി ആയതിനാലും ബാക്കിയുള്ള തുക അപര്യാപ്തമായതിനാലും തുടർ പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുന്നതല്ല. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

**2016-17 സാമ്പത്തിക വർഷം**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ്., ചെറിയഴീക്കൽ അടുക്കള നിർമ്മാണം | 10.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എൽ.പി.എസ്., പണ്ടാരത്തുരുത്ത് അടുക്കള നിർമ്മാണം | 10.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.എഫ്.എച്ച്.എസ്., കുഴിത്തുറ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 7.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്, കരുനാഗപ്പള്ളി - സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 7.00 | പദ്ധതി പൂർത്തീകരിച്ചു |

**2018-19 സാമ്പത്തിക വർഷം**

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്, കരുനാഗപ്പള്ളി - മെയിൻറനൻസ് | 44.00 | പദ്ധതി പൂർത്തീകരിച്ചു |

കിഫ്ബി ധനസഹായത്തോടെ താഴെപ്പറയുന്ന സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു . പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവ. ഫിഷറീസ് ഹയർ സെക്കൻററി സ്കൂൾ, കുഴിത്തുറ | 175.477 |
| 2 | ഗവ. ടൗൺ യു.പി. സ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം | 230.029 |
| 3 | ഗവ. ഹയർ സെക്കൻററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | കിഫ്ബി, ടി പദ്ധതി അംഗീകരിച്ചിരുന്നുവെങ്കിലും സ്കൂളിൻറെ പേരിൽ മാറ്റം വന്നിരുന്ന തിനാൽ പുതുക്കിയ ഗവൺമെൻറ് ഉത്തരവ് വാങ്ങേണ്ടി വന്നു. പ്രസ്തുത ഉത്തരവ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |

ഇതിനുപുറമെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം മത്സ്യമാർക്കറ്റ് കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 156.00 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്ന തിനായി വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 34 തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ അവസ്ഥ |
|---|---|---|---|
| | **2016-17** | | |
| 1 | മണലാടി മുക്ക് - മുണ്ടുകോട്ടുമുക്ക് റോഡ് | 62.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ആയിരംതെങ്ങ് റോഡ് | 51.1 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കലശേഖരപുരം പഞ്ചായത്തിലെ വാർഡ് 23ൽ താമര ജംഗ്ഷൻ മുതൽ കുറുങ്ങാട്ട് ജംഗ്ഷൻ വരെയുള്ള റോഡ് | 37.6 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | വാഴയത്തു സുനാമി കോളനി പന്നിശ്ശേരിൽമുക്ക് റോഡ് | 21.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| | ആകെ തുക | **172.30** | |
| | **2017-18** | | |
| 5 | കലശേഖരപുരം പഞ്ചായത്തിലെ നട്ടന്നൂർ ജംഗ്ഷൻ- മാമണ്ണൂർക്കടവ് റോഡ് ടാറിംഗ് | 18.9 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ക്ലാപ്പന പഞ്ചായത്തിലെ വാർഡ് നമ്പർ 15 ൽ കന്നിക്കുളം ധർമ്മശ്ശേരി കടവ് റോഡ് | 70.20 | ഓടയുടെ നിർമ്മാണം നടന്നുവരുന്നു 50% പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | മൈനാഗപ്പള്ളി പഞ്ചായത്തിലെ വയലികട - കോട്ടൂർമുക്ക് വഴി കൃഷി ഭവൻ റോഡും ഡ്രെയിനും | 85.50 | 55% പ്രവൃത്തി പൂർത്തീകരിച്ചു. ക്വാറിമക്ക് ഫില്ലിംഗ് പൂർത്തീകരിച്ചു റീടെയ്നിംഗ് വാളിനുള്ള ഡി.ആർ പായ്ക്കിംഗ് പൂർത്തീകരിച്ചു- - ബെൽറ്റ് നിർമ്മാണം നടന്നുവരുന്നു. സൈഡ് ഡ്രെയിൻ പ്രവൃത്തി പൂർത്തിയായി. |
| 8 | തഴവ പഞ്ചായത്തിലെ അമ്മരിത്തറമുക്ക് - വലിയവീട്ടിൽ ക്ഷേത്രം റോഡ് | 41.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | ആലപ്പാട് പഞ്ചായത്തിലെ മുക്കംപുഴ മീനൂട്ട് കടവ് ഗവൺമെന്റ് എൽ.പി. സ്കൂൾ റോഡ് | 83.10 | പ്രവൃത്തി നടന്നുവരുന്നു. |
| 10 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 25 ൽ ഫിഷറീസ് സ്കൂൾ, വായനശാല ജംഗ്ഷൻ പിടികമുക്ക് റോഡ് | 16.10 | പ്രവൃത്തി പൂർത്തീകരിച്ചു |
| | ആകെ തുക | **315.20** | |
| | **2018-19** | | |
| 11 | കരുനാഗപ്പള്ളി കോർപ്പറേഷൻ വാർഡിൽ കൊട്ടാരപ്പാടം മിൽമ ജംഗ്ഷൻ റ്റി.എസ് കനാൽ റോഡ് | 32.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 12 | കരുനാഗപ്പള്ളി കോർപ്പറേഷൻ വാർഡ് 4 ൽ വരമ്പേൽമുക്ക് - താഴത്തോട് ബ്രിഡ്ജ് റോഡ് കൊട്ടാരപ്പാടം മിൽമ ജംഗ്ഷൻ റ്റി.എസ് കനാൽ റോഡ് | 27.80 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 13 | കാട്ടിൽകടവ് - കക്കാതുരുത്ത് റോഡ് ടാറിംഗ് | 24.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | വെട്ടത്തുമുക്ക് - ചെമ്പകശ്ശേരി റോഡ് | 15.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | കരുനാഗപ്പള്ളി കോർപ്പറേഷൻ വാഴയത്തു ജംഗ്ഷൻ - പള്ളിക്കൽക്കുളം വെടിത്തറ ജംഗ്ഷൻ റോഡും ഡ്രെയിനും | 43.50 | 40% പ്രവൃത്തി പൂർത്തീകരിച്ചു. ഡ്രെയിൻ പ്രവൃത്തി പൂർത്തിയായി |
| 16 | കലശേഖരം പഞ്ചായത്തിലെ പള്ളിമുക്ക് പാട്ടത്തിമുക്ക് റോഡ് | 54.10 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 17 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 32 ഇടക്കോട്ട് ജംഗ്ഷൻ മുതൽ പഴവൂർ വീട് വരെയുള്ള റോഡ് | 24.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 18 | കലശേഖരം പഞ്ചായത്തിലെ വള്ളിക്കാവ് പറമ്പിൽ റോഡ് | 68.30 | ഫില്ലിംഗ് പ്രവൃത്തി പൂർത്തിയായി |
| 19 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ കോട്ടയിൽതോട് മുതൽ കെ.കെ. കനാൽ വരെയുള്ള ഡ്രെയിനിന്റെ എക്സ്റ്റൻഷനും കോൺക്രീറ്റ് റോഡും നടുവത്തുശ്ശേരിൽ മുതൽ കെ.കെ. കനാൽ വരെയുള്ള റോഡും | 22.10 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 20 | ആലപ്പാട് പഞ്ചായത്തിലെ മേലേപുതുവൽ പടിഞ്ഞാറ് വശം മുതൽ പള്ളിക്കടവ് വരെയുള്ള റോഡ് | 46.90 | 75% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| | ആകെ തുക | **360.20** | |
| | **2019-20** | | |
| 21 | വള്ളിക്കാവ് പറമ്പിൽ റോഡ് | 70.00 | ഫില്ലിംഗ് പ്രവൃത്തി പൂർത്തിയായി |
| 22 | തഴവ പഞ്ചായത്തിലെ ചരക്കത്തിൽമുക്ക് - തയ്യിൽമുക്ക് റോഡ് | 86.90 | കരാറിലേർപ്പെട്ടു. |
| 23 | ഓച്ചിറ പഞ്ചായത്തിലെ പുത്തൻകണ്ടത്തിൽ ജംഗ്ഷൻ - അശ്വതിമുക്ക് വരെയുള്ള റോഡ് | 21.00 | 70% പ്രവൃത്തി പൂർത്തീകരിച്ചു ഡ്രെയിൻ പ്രവൃത്തി പൂർത്തിയായി. |
| 24 | ഓച്ചിറ പഞ്ചായത്തിലെ ചിറയിൽമുക്ക് - കന്നേറ്റ വടക്കേതിൽമുക്ക് റോഡ് | 33.20 | 70% പ്രവൃത്തി പൂർത്തീകരിച്ചു.ഫില്ലിംഗ് പൂർത്തിയായി ക്രോസ് ഡ്രെയിൻ പൂർത്തിയായി. |
| 25 | ആലപ്പാട് പഞ്ചായത്തിലെ വാർഡ് നമ്പർ 2 ലെ ആയിരംതെങ്ങ് കന്നിമണ്ണേൽ കടവ് റോഡ് | 78.00 | കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 26 | തഴവ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ വടിക്കേത്തുകുളം - കാപ്പിത്തറ വയൽ റോഡ് | 36.00 | പ്രാഥമിക ലെവൽ എടുത്തിട്ടുണ്ട്. മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്യാനാരംഭിച്ചിട്ടുണ്ട്. |
| 27 | കരുനാഗപ്പള്ളി കോർപ്പറേഷൻ - എസ്.കെ.വി.യു.പി. സ്കൂൾ - കോട്ടക്കുഴി മദ്രസ റോഡ് - ഡിവിഷൻ നമ്പർ 25 | 24.00 | പ്രാഥമിക ലെവൽ എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 28 | വള്ളിക്കാവ് കോട്ടപ്പുറത്തുമഠം റോഡ് | 34.20 | കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 29 | ആലപ്പാട് പഞ്ചായത്തിലെ വാർഡ് നമ്പർ 5 ൽ ടെലഫോൺ എക്സ് ചേഞ്ച് റോഡ് | 73.50 | കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 30 | കരുനാഗപ്പള്ളി എൽ.എ.സി. യിൽ ക്ലാപ്പന പഞ്ചായത്തിൽ വാർഡ് നമ്പർ 5 ൽ വല്ലത്തുജംഗ് ഷൻ പ്ലാവോലിൽ റോഡിന്റെ പുനർനിർമ്മാണം | 26.70 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 31 | ഒറ്റത്തെങ്ങ് കെട്ടിടത്തിൽകടവ് റോഡ് വാർഡ് നമ്പർ 8 | 69 | കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 32 | പുളിക്കമണ്ണേൽ വേലപ്പ ജംഗ് ഷൻ റോഡ് | 44.9 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 33 | കരുനാഗപ്പള്ളി എൽ.എ.സി. യിൽ തഴവ പഞ്ചായത്തിൽ വടി മുക്ക് മുതൽ ഒറ്റതെങ്ങ് വരെയുള്ള റോഡിന്റെ നിർമ്മാണം | 57.10 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 34 | ഓച്ചിറ ഗ്രാമപഞ്ചായത്തിലെ വാർഡ് ഗുരുമന്ദിരം മുതൽ മാമ്പൊഴിക്കൽ ജംഗ് ഷൻ റോഡ് | 34.20 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | ആകെ തുക | **688.70** | |

**സെക്ഷൻ ആഫീസർ**

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

13.03.2020-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2910

### പൂന്തുറയിലും പൂവ്വാറിലും മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പൂന്തുറയിലും പൂവ്വാറിലും മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) & (ബി) | പൂന്തുറയിലും പൂവ്വാറിലും നിലവിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നില്ല. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബീച്ച് ലാന്റിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പൂന്തുറയിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 17.80 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഹൈഡ്രോഗ്രാഫിക് സർവേ നടത്തിയിട്ടുണ്ടോ, പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്? | | |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

13.03.2020-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2911

### കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്തെ ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ബി) | കോട്ടിക്കുളത്ത് മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ പൂർത്തീകരിച്ച് ടോപ്പോഷീറ്റും, പുലിമുട്ടുകളുടെ ലേ ഔട്ടും തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാതൃകാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2912** | **13.03.2020-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;<br><br>ബി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;<br><br>സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | എ) ബി) & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡുപ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

### പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | വള്ളികുന്നം പഞ്ചായത്തിലെ വിവേകാനന്ദ ജംഗ് ഷൻ മാവോലിമുക്ക് റ്റി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി 15.02.2018 ൽ പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം - പള്ളിക്കത്തറ – കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി15.02.2018 ൽ പൂർത്തീകരിച്ചു. |
| 3 | ആശാൻമുക്ക് ഏലിയാസ് നഗർ റോഡ് – നൂറനാട് പഞ്ചായത്ത് | 22.79 | പ്രവൃത്തി 25.10.2018 ൽ പൂർത്തീകരിച്ചു. |
| 4 | വള്ളിക്കുന്നം കാഞ്ഞിരത്തുമൂട് പുത്തൻചന്ത റോഡ് | 46.00 | പ്രവൃത്തി 17.04.2019 ൽ പൂർത്തീകരിച്ചു. |

### പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ

| | | |
|---|---|---|
| 1 | കല്ലിക്കുന്നിൽമുക്ക് കുമ്പിളിമല പള്ളിറോഡ് – നൂറനാട് പഞ്ചായത്ത് | 77.91 ലക്ഷം. 30/04/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | പുലിമേൽ ചുനക്കര ബണ്ട് റോഡ്, നൂറനാട് പഞ്ചായത്ത്. | 104.00 ലക്ഷം. 31/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3 | താമരക്കുളം ജംഗ് ഷൻ നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 ലക്ഷം. 15/03/2020 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | തഴക്കരപഞ്ചായത്ത് അയ്യൻകോവിലാർ അക്വാഡക്റ്റ് മാങ്കുഴി കോട്ടമുക്ക് ജംഗ് ഷൻ | 66.00 ലക്ഷം. 13/02/2020 ൽ കരാറിലേർപ്പെട്ടു. 6 മാസമാണ് പൂർത്തീകരണ കാലാവധി. |

**സാങ്കേതികാനുമതി നൽകുവാനുള്ള പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | തഴക്കരപഞ്ചായത്ത്– വെട്ടിയാർ പാലം ആറ്റുതീരംറോഡ് | 111.00 | 28/01/2020 തീയതിയിൽ ബഹു. മാവേലിക്കര എം.എൽ. എ പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. ബഹു. എം.എൽ.എ യുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സാങ്കേതികാനു മതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. |
| 2 | നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് പറയാകുളം ജംഗ് ഷൻ | 109.00 | |
| 3 | മന്ദാലിൽക്ഷേത്രം നിരവിനാൽ കോളനി റോഡ് തഴക്കരപഞ്ചായത്ത് | 101.00 | |
| 4 | തെക്കേക്കര പഞ്ചായത്തിലെ മാളിയേക്കൽ LPS- തെക്കെ ജംഗ് ഷൻ - കന്നത്ത് റോഡ് | 63.00 | |
| 5 | പ്രായിക്കര - അച്ചൻകോവിലാർ തീരദേശറോഡ് | 76.00 | മൂന്ന്തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**

# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2913** **13.03.2020-ൽ മറുപടിയ്ക്ക്**

## വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ നിലവിൽ വന്നതുമുതൽ 2020 മാർച്ച് ഒന്ന് വരെ വള്ളിക്കുന്ന് മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കിയ തീരദേശ റോഡുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; | എ) ഈ സർക്കാർ നിലവിൽ വന്നതുമുതൽ 2020 മാർച്ച് ഒന്ന് വരെ വള്ളിക്കുന്നു മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കിയ തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) പ്രസ്തുത മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹാർബർ എൻജിനീയറിംഗ് വകുപ്പ് 1428.38 ലക്ഷം രൂപയുടെ 29 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുകയും 1078.50 ലക്ഷം രൂപയുടെ 25 റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ബാക്കി 13 റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 മാർച്ച് വരെ മലപ്പുറം ജില്ലയിലെ വിവിധ നിയമസഭാമണ്ഡലങ്ങളിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 മാർച്ച് വരെ മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ തീരദേശറോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം I

2017-18

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കല്ല്യാശ്ശേരി ചരക്കടവ് റോഡ് വാർഡ്-8 | 27.20 | പൂർത്തീകരിച്ചു |
| 2 | ആനയാട്ടിൽ ആനയറങ്ങാടി റോഡ് വാർഡ് -5 | 23.30 | പൂർത്തീകരിച്ചു |
| 3 | ബാലതുരുത്തി അപ്രോച്ച് റോഡ് | 97.20 | പൂർത്തീകരിച്ചു |
| 4 | പുറാഞ്ചേരി- കോട്ടക്കടവ് റോഡ്- കിഴക്കേമല- അങ്കണവാടി കാഞ്ഞിരപൊറ്റ റോഡ് വാർഡ് 5,7 | 60.40 | പൂർത്തീകരിച്ചു |
| 5 | പരുത്തിക്കടവ ഇരുമ്പോത്തിങ്കൽ പാതറ റോഡ്- വാർഡ്9 | 21.60 | പൂർത്തീകരിച്ചു |
| 6 | കുഞ്ഞാലിനഗർ അങ്കനവാടി റോഡ് | 27.00 | പൂർത്തീകരിച്ചു |
| **2018-19** | | | |
| 7 | കീഴേപ്പോട്ട് പത്മനാഭൻ സ്മാരകറോഡ് | 20.00 | പൂർത്തീകരിച്ചു |
| 8 | എൻ.വി. റോഡ് | 35.00 | പൂർത്തീകരിച്ചു |
| 9 | ആനയറങ്ങാടി ബാലാതുരുത്തി റോഡ് | 20.00 | പൂർത്തീകരിച്ചു. |
| 10 | പള്ളിപ്പടി അമത്തൂർ റോഡ് | 13.50 | പൂർത്തീകരിച്ചു. |
| 11 | ഇളയടത്ത് പടന്ന റോഡ് | 46.10 | പൂർത്തീകരിച്ചു. |
| 12 | നജ്മ ഫ്ളോർമിൽ റോഡ് | 22.70 | പൂർത്തീകരിച്ചു. |
| 13 | പള്ളിപ്പടി കട്ടിപ്പാലറോഡ് | 20.00 | പൂർത്തീകരിച്ചു. |
| 14 | പരോൾ ചെറായ കടപ്പുറം മണ്ണേറ്റം റോഡ് | 48.60 | പുരോഗമിക്കുന്നു. (10%) |
| 15 | അരിയല്ലൂർ മിനി സ്റ്റേഡിയം റോഡ് | 43.00 | പൂർത്തീകരിച്ചു. |
| 16 | അങ്കണവാടി എ.എൽ.എൽ.പി. സ്കൂൾ റോഡ് | 16.00 | പൂർത്തീകരിച്ചു. |
| 17 | കൊങ്ങൻബസാർ പുഞ്ചപ്പാടം റോഡ് | 40.20 | പൂർത്തീകരിച്ചു. |
| **2019-20** | | | |
| 18 | കോട്ടപ്പടി അങ്കണവാടി നിറ കൈതക്കോട്ട റോഡ് | 26.00 | പുരോഗമിക്കുന്നു (10%) |

| | | | |
|---|---|---|---|
| 19 | തുരുത്തി സ്കൂൾ- കയർ സൊസൈറ്റി അത്തിക്കാട് പടി കോലക്കുത്ത് റോഡ് | 120.00 | പുരോഗമിക്കുന്നു (50%) |
| 20 | കീഴായി കാനാങ്കുളങ്ങര റോഡ് | 64.90 | കരാറിലേർ- പ്പെട്ടിട്ടുണ്ട് |
| 21 | ചോപ്പൻകാവ് ചെറുകുന്നത്ത് റോഡ് | 64.90 | കരാറിലേർ- പ്പെട്ടിട്ടുണ്ട് |
| 22 | പൂക്കോട്ട്കാവ് കുണ്ടിലക്കാട് ഡ്രെയിനേജ് കം പാത്ത്‌വേ റോഡ് | 33.00 | ടെണ്ടർ ചെയ്തു |
| 23 | ഐവത്ത്കാവ് ബാഫക്കി നഗർ റോഡ് | 27.60 | ടെണ്ടർ ചെയ്തു |
| 24 | പുത്തംകഴിക്കാട് കുരിയപ്പാടം അങ്കനവാടി റോഡ് | 59.00 | ടെണ്ടർ ചെയ്തു |
| 25 | വട്ടോളി പുല്ലാട് മണ്ണേറ്റംപാറ റോഡ് | 101.30 | പുരോഗമിക്കുന്നു. (10%) |

**സെക്ഷൻ ആഫീസർ**

അനുബന്ധം II

| ക്രമ നമ്പർ | നിയമസഭാ മണ്ഡലത്തിന്റെ പേര് | റോഡുകളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പൊന്നാനി | 24 | 1044.80 |
| 2 | താനൂർ | 27 | 1220.10 |
| 3 | തവനൂർ | 27 | 1293.75 |
| 4 | തിരൂരങ്ങാടി | 29 | 1198.19 |
| 5 | വള്ളിക്കുന്നു | 25 | 1078.50 |
| 6 | തിരൂർ | 17 | 439.54 |
| **ആകെ** | | **149** | **6274.88** |

സെക്ഷൻ ആഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2914 — 13/03/2020 ൽ മറുപടിക്ക്

## കശുമാവ് കൃഷി വികസന ഏജൻസിയുടെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വികസന ഏജൻസി നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ കശുമാവ് കൃഷിയും തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കശുമാവ് കൃഷി വികസന ഏജൻസി പ്രവർത്തിക്കുന്നത്. കശുമാവ് കൃഷിയിൽ തത്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, മാതൃക കശുമാവിൻ തോട്ടം) ഏജൻസിമുഖാന്തിരം നടപ്പിലാക്കിവരുന്നു.<br><br>1.<u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം പരിപാലനത്തിനായി തൈ ഒന്നിന് 60 രൂപ, നിബന്ധനകൾക്കു വിധേയമായി ധന സഹായവും നൽകുന്നു.<br><br>2.<u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. |

3.<u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4.<u>ഹൈഡെൻസിറ്റി പ്ലാന്റിംഗ്</u>- സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. കശുമാവ് കൃഷിക്ക് സംസ്ഥാനം നേരിടുന്ന സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. <u>മാതൃക കശുമാവിൻ തോട്ടം</u> - സർക്കാർ / അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

ഇതിനുപുറമെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) കെ.എസ്.എ.സി.സി. നടപ്പാക്കി വരുന്ന പദ്ധതികൾ പ്രകാരം ഇതിനകം 7928955 തൈകൾ 39418 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

(സി) രണ്ട് ഹെക്ടറിൽ കൂടുതൽ കശുമാവ് കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് എന്ത് ധനസഹായമാണ് നൽകുന്നത് എന്നറിയിക്കാമോ;

(സി) 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

(ഡി) സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) സർക്കാർ / അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ളതു സ്ഥലങ്ങളിൽ, ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ ഇനം തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ആരംഭിക്കുന്ന പദ്ധതിയ്ക്ക് കെ.എസ്.സി.ഡി.സി ഫാക്ടറി വളപ്പിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തുടക്കമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2915** **13/03/2020 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.വി.ടി.ബൽറാം
ശ്രീ.അനിൽ അക്കര

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

(എ) പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അടഞ്ഞുകിടന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര സ്വകാര്യ ഫാക്ടറികൾ പുനരുദ്ധരിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(എ) യും (ബി) യും (സി) യും ഉണ്ട്. പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതു മൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യകശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയുമാണ്. പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചുകൊണ്ട് 06/07/2019-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം643/2019/വ്യവ നമ്പർ ഉത്തരവ് അനുബന്ധം - I ആയി ഉള്ളടക്കം ചെയ്യുന്നു. പാക്കേജിൽപെട്ട 57 ഫാക്ടറികൾക്ക് ബാങ്കുകൾ 31.20 കോടിയിലധികം രൂപ ഇതുവരെ അധിക വായ്പ നൽകിയിട്ടുണ്ട്. ബാക്കിയുള്ള വ്യവസായികൾക്ക് വായ്പ നൽകുന്ന നടപടി വിവിധഘട്ടങ്ങളിലാണ്. വിവിധ ബാങ്കുകൾ വ്യവസായികൾക്ക് നൽകിയ വായ്പയിന്മേൽ സർക്കാർ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 2020 ഫെബ്രുവരി മാസത്തിലെ കണക്കു പ്രകാരം കേരളത്തിൽ 511 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിട്ടുണ്ട്

സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 02/03/2020 ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു. കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധികവായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരു വർഷം സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചു തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്.

തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്. കേരള കാഷ്യൂ ബോർഡ് വഴി സംഭരിച്ച 20,000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച വരുന്നു.

(ഡി) സ്വകാര്യ വ്യവസായികൾക്ക് കാഷ്യൂ ബോർഡ് മുഖാന്തിരം സംഭരിക്കുന്ന തോട്ടണ്ടി വിതരണം ചെയ്യുന്നുണ്ടോ; 2019-ൽ എത്ര മെട്രിക് ടൺ തോട്ടണ്ടി അവർക്ക് നൽകി എന്ന് വിശദമാക്കാമോ?

(ഡി) എസ്ക്രോ അക്കൗണ്ട് ആരംഭിക്കുന്ന മുറയ്ക്ക് കേരള കാഷ്യൂ ബോർഡ് സ്വകാര്യ വ്യവസായികൾക്ക് തോട്ടണ്ടി നേരിട്ട് നൽകാൻ സജ്ജമാണ്. സ്വകാര്യവ്യവസായികൾ ആവശ്യപ്പെട്ടതിനാൽ 2019-ൽ കാഷ്യൂ ബോർഡ് അവർക്ക് തോട്ടണ്ടി വിതരണം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സ്വകാര്യ കശുവണ്ടി വ്യവസായ പുനരുദ്ധാരണം- സർക്കാർ ഇടപെടൽ - 6.2.2019 ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗ തീരുമാനം - - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

വ്യവസായ (കെ )വകുപ്പ്

സ.ഉ.(സാധാ) നം.643/2019/വ്യവ. തീയതി,തിരുവനന്തപുരം, 06/07/2019

പരാമർശം:- 1. 19.11.2018 ലെ വ്യവസായ (കെ )വകുപ്പിന്റെ ജി ഒ (ആർ റ്റി ) നമ്പർ 1279 / 2018 ഐ ഡി , 29.11.2018 ജി ഒ (ആർ റ്റി ) നമ്പർ 1319 / 2018 ഐ ഡി എന്നീ നമ്പർ ഉത്തരവുകൾ
2. 06.02.2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ മിനിട്ട്സ്

3. മൂന്നംഗ കമ്മറ്റി രണ്ട് ഘട്ടങ്ങളിലായി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട്
4. 26.06.2019 ലെ നികുതി (ബി ) വകുപ്പിന്റെ ജി ഒ (ആർ റ്റി ) 460/ 2019 നികുതി നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

കടക്കെണിയിലായ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി , ബന്ധപ്പെട്ട ബാങ്കുകൾ ,വ്യവസായ പ്രതിനിധികൾ , തൊഴിലാളി യൂണിയൻ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് നിരവധി ചർച്ചകൾ സർക്കാർ തലത്തിൽ നടത്തിയിരുന്നു . ചർച്ചകളെ തുടർന്ന്, പ്രതിസന്ധിയിൽ അകപ്പെട്ട വ്യവസായത്തെ സംരക്ഷിക്കുന്നതിനും, അതിൽ തൊഴിൽ ചെയ്യുവരുന്ന തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചു . പാക്കേജ് നടപ്പിലാക്കുന്നതിന് മുമ്പായി പുനരുദ്ധാരണത്തിനു അർഹതയുള്ള വ്യവസായങ്ങളെ കണ്ടുപിടിക്കുന്നതിനും അത് സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിനുമായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെയും (ബാങ്ക് ) സർക്കാരിന്റെയും പ്രതിനിധികൾ അടങ്ങിയ മൂന്നംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചു .. മൂന്നംഗ കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ട് കിട്ടിയതിനെ തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും ധനകാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരെയെല്ലാം പങ്കെടുപ്പിച്ച് 6.2.2019 ൽ യോഗം ചേരുകയും കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1.സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.

2.കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച് 9 % ആയി നിശ്ചയിക്കും.

3.പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി

നിശ്ചയിക്കും.

4.പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേക്ക് ഗവൺമെന്റ് ഏറ്റെടുക്കും.

5.പാക്കേജിൽ പെട്ട വ്യവസായികൾ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.

6.സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തിരം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ചത്തെ സമയം അനുവദിക്കും.

7.കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.

8.കേരളാ കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.

9.ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തും.

10.ഒറ്റത്തവണത്തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

11.ഫെബ്രുവരി 28ന് മുൻപ് 50 സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമായി വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

12. ബാക്കിയുള്ള വ്യവസായങ്ങൾക്ക് മാർച്ച് 15 നകം വായ്പ ലഭ്യമാക്കും.

ടി തീരുമാനങ്ങളിൽ ഒന്നും രണ്ടും കാര്യങ്ങളിൽ ബാങ്കുകൾ നടപടി സ്വീകരിച്ചു വരികയാണ്. 26.2.2019 ൽ മുപ്പത് ഫാക്ടറികൾക്ക് അധിക വായ്പ ലഭ്യമാക്കിയതിനുള്ള അനുമതിപ്പത്രങ്ങൾ വിതരണം ചെയ്യുകയും ഫാക്ടറികളുടെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് വായ്പ അനുവദിച്ചു വരികയുമാണ്.

അഞ്ചാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പിൽ നിന്നും സൂചന 4 പ്രകാരം ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആറു മുതൽ പതിനൊന്നു വരെയുള്ള തീരുമാനങ്ങളിൽ നടപടികൾ എടുത്തിട്ടുണ്ട്. പന്ത്രണ്ടാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്.

പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള നാലാം നമ്പർ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്നംഗ കമ്മിറ്റി രണ്ടു ഘട്ടങ്ങളിലായി 285 വ്യവസായങ്ങളെ കേൾക്കുകയും. അതിൽ 176 വ്യവസായങ്ങൾ പുനരുദ്ധാരണത്തിന് അർഹതയുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കലിന് ശുപാർശ ചെയ്തിട്ടുള്ളത് 67 വ്യവസായങ്ങൾക്കാണ്. ഇതിൽപ്പെടാത്ത 42 വ്യവസായങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കലിന് ശുപാർശ ചെയ്തിട്ടുള്ള 67 വ്യവസായങ്ങളും ഇതിൽപ്പെടാത്ത 42 വ്യവസായങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് തുടർന്നും ശ്രമം നടത്തുന്നതാണ്.

സർക്കാർ നല്കാൻ തീരുമാനിച്ചിട്ടുള്ള പലിശ ഇളവ് സംബന്ധിച്ച വിശദമായ സ്കീം പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണെന്ന വ്യവസ്ഥയിൽ കടക്കെണിയിലായി പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.ഇളങ്കോവന്
പ്രിന്സിപ്പല് സെക്രട്ടറി

ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
നികുതി കാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള, തിരുവനന്തപുരം ശ്രീ ജി കെ മായ ജനറൽ മാനേജർ കാനറാ ബാങ്ക് തിരുവനന്തപുരം
കൺവീനർ എസ്എൽബി സി
ശ്രീ സുനിൽ കമാർ , ജോയിന്റ് സെക്രട്ടറി ( മെമ്പർ എസ്എൽബി സി )
ഡയറക്ടർ , ഐ & പി ആർ ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു കശുവണ്ടി വ്യവസായ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ (കശുവണ്ടി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2916** **13/03/2020 ൽ മറുപടിക്ക്**

## അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് സ്വകാര്യ-പൊതു മേഖലകളിലായി എത്ര കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ ഫെബ്രുവരി മാസത്തെ കണക്ക് പ്രകാരം 511 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. 367 കശുവണ്ടി ഫാക്ടറികൾ ഇനിയും തുറന്നു പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

(ബി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 50 വ്യവസായങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങൾ ഇതിനകം 31.20 കോടി രൂപ അധിക വായ്പ നൽകിയിട്ടുണ്ട്. പാക്കേജ് പ്രകാരം പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 02/03/2020 ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു. കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധികവായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ

പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ച് തീർക്കാൻ ഒരു വർഷത്തെ സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തി നാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ച് തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്. കേരള കാഷ്യൂ ബോർഡ് വഴി സംഭരിച്ച 20,000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന്

സഹകരണ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്ത് കശുവണ്ടി കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തീരുമാനിച്ചിരിക്കുകയാണ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ് കണ്ണൂർ ജില്ലകളിൽ നിന്നും ഇത്തരത്തിൽ തോട്ടണ്ടി ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും സഹകരണ ബാങ്കിൽ നിന്നും കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാഫാമുകളിൽ നിന്നുള്ള തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ശേഖരിക്കുന്നതിനുള്ള നടപടി ഈ വർഷവും തുടരുന്നതാണ്.

(സി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ വ്യക്തമാക്കാമോ?

(സി) അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണത്തിന് 2000/- രൂപയും 10 കിലോ അരിയും വിഷുവിന് 2000/- രൂപയും നൽകിവരുന്നു.

സെക്ഷൻ ഓഫീസർ